കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# അഗളി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2018-19**

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

**E-mail: dopkd.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി-24/144/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി: 8-4-2021

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അഗളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അഗളി ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അഗളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:-
1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയപകർപ്പ്

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-പികെഡി124/144/2021 തീയതി – 08.04.2021

## പാലക്കാട് ജില്ലയിലെ അഗളി ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

പാലക്കാട് ജില്ലയിലെ അഗളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 114-3-2019 മുതൽ തിയതി 10-1-2021 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 44അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണ ത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സതീശൻ. എൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11-01-2021 മുതൽ 20-01-2021വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ.ടി.കെ.നസീർ | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ബിജു ആൻറണി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.രാജൻ.കെ.വി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.ജിജീഷ് എ.കെ | ഓഡിറ്റർ |
| ശ്രീ. ഷഹീർ എസ് | ഓഡിറ്റർ |

### (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ശ്രീലക്ഷ്മി ശ്രീകുമാർ | 1-4-2018മുതൽ 31-03-2019 വരെ |
| സെക്രട്ടറി | ശ്രീ.ബി. ശ്രീകുമാർ അസി. സെക്രട്ടറി( ഇൻ ചാർജ്) | 1-4-2018 മുതൽ 2-7-2018വരെ |
| | ശ്രീ. ഫ്രാൻസിസ്. ഇ | 3-7-2018മുതൽ 20-11-2018വരെ |

| | | |
|---|---|---|
| | ശ്രീ.അജിത് കുമാർ കെ.എസ്. | 21.11.2018 മുതൽ 31.3.2019വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥ ർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.ദീപ ജയൻ | 1-4-2018 മുതൽ 31-3-2019 വരെ |
| വി.ഇ.ഒ | ശ്രീമതി.എൻ.എസ്.സൗദാമിനി | 1-4-2018 മുതൽ 31-7-2018വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | കുമാരി.ഉമൈസ്.കെ | 1-4-2018 മുതൽ 31-7-2018വരെ |
| | ശ്രീമതി. ഷീബ.കെ.സി | 1.8.2018 മുതൽ 31-3-2019വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.ശ്രീകുമാർ (അസി.സെ. ചാർജ്) | 1-4-2018 മുതൽ 2-7-2018 വരെ |
| | ശ്രീ.ഫ്രാൻസിസ്.ഇ | 3-7-2018മുതൽ 22-10-2018 വരെ |
| | ശ്രീ. ബാബു ബി.എം | 23-10-2018മുതൽ 10-1-2019വരെ |
| | ശ്രീ.നാസിഫ് നസ്സീർ.ടി | 11-1-2019 മുതൽ 31-3-2019 വരെ |
| മെഡിക്കൽ ഓഫീസർ-CHC | ഡോ.സുരാജ് സുരേന്ദ്രൻ | 1-4-2018മുതൽ 30-6-2018 വരെ |
| | ഡോ.മുഹമ്മദ് നൈസാം | 1-8-2018മുതൽ 31-3-2019 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.അപർണ്ണ എസ്.നായർ | 1-4-2018മുതൽ 31-08-2019 വരെ |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | ഡോ.സിന്ധുമോൾ | 1-4-2018 മുതൽ 31-10-2019 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.ഷാജി.k.C | 1-4-2018 മുതൽ 30-11-2018 വരെ |
| | ഡോ.മുത്തു സ്വാമി | 1-12-2018 മുതൽ 31-3-2019വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി.വാസന്തി.ആർ | 1-4-2018 മുതൽ 31-10-2019 വരെ |
| അസി.സെക്രട്ടറി | ശ്രീ.ബി.ശ്രീകുമാർ | 1-4-2018 മുതൽ 31-3-2019വരെ |
| ഡി.ഇ.ഒ | ശാന്താമണി.ഇ.എസ്. | 1.4.2018 മുതൽ28.10.2018 വരെ |

| | | |
|---|---|---|
| ഡിഇ.ഒ | ബിനുമേൻ. എം | 29-10-2018 മുതൽ 31-3-2019 വരെ |


ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം-റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം | 1-3 |
| 4 | ഫണ്ട് വിനിയോഗം-എ.സി.ആർ പ്രകാരം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളുടെ മറ്റ് അപാകതകൾ | 1-11 |
| 12 | വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി കുറവായി നിർണ്ണയിച്ചു കുറവായ തുക ഈടാക്കേണ്ടതാണ് | 1-12 |
| 13 | ഡി& ലൈസൻസ്-അപാകതകൾ | 1-13 |
| 14 | ഷോപ്പിംഗ് കോംപ്ളക്സ് വാടക-അപാകങ്ങൾ പരിഹരിക്കേണ്ടതാണ്. | 1-14 |
| 15 | തൊഴിൽ നികുതി പിരിവ് കാര്യ ക്ഷമമാക്കേണ്ടതാണ് | 1-15 |
| 16 | പ്രോജക്ട് തയ്യാറാക്കാതെ ചെലവ്-സാധൂകരണം ലഭ്യമാക്കണം | 1-16 |
| 17 | ടെണ്ടർ ഫോം വില ഈടാക്കിയതിൽ കുറവ് | 1-17 |
| 18 | സഹകരണസംഘത്തിന് ആളെ | 1-18 |

| | | |
|---|---|---|
| | നിയമിക്കുന്നതിന് -മാനദണ്ഡങ്ങൾ പാലിക്കുന്നില്ല | |
| 19 | ദിവസ വേതനത്തിന് ആളെ നിയമിക്കുന്നത്- മാനദണ്ഡങ്ങൾ പാലിക്കുന്നില്ല | 1-19 |
| 20 | ശമ്പള പരിഷ്കരണ കുടിശ്ശിക പെൻഷൻ കോൺട്രിബ്യൂഷൻ | 1-20 |
| 21 | തെരുവ് വിളക്ക് വൈദ്യുത ചാർജ്ജ് -സംയുക്ത പരിശോധന നടത്തണം | 1-21 |
| 22 | കിടപ്പ് രോഗികൾക്ക് ടേബിൾഫാൻ- അപാകതകൾ | 1-22 |
| 23 | ദുരിതാശ്വാസ നിധി രൂപീകരിച്ചട്ടില്ല | 1-23 |
| 24 | കുടി വെള്ള പദ്ധതിക്ക് മോട്ടോർ റിപ്പയർ -അപാകതകൾ | 1-24 |
| 25 | വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ് | 1-25 |
| 26 | പദ്ധതി നിർവഹണം കാര്യക്ഷമമല്ല | 1-26 |
| 27 | വെള്ളക്കരം -കുടിശ്ശിക തുക ഈടാക്കുവാനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-27 |
| 28 | ലേലം -രേഖകളുടെ പരിശോധനയിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | 1-28 |
| 29 | തനത് ഫണ്ട് അക്കൗണ്ട് -സർക്കാർ നിർദ്ദശം പാലിക്കേണ്ടതാണ് | 1-29 |
| 30 | പാലിന് സബ്സിഡി -സർക്കാർ നിർദ്ദശങ്ങൾ പാലിക്കേണ്ടതാണ് | 1-30 |
| 31 | രശീതി പിരിവിലെ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ് | 1-31 |
| 32 | ഗ്രന്ഥശാലയുടെ പ്രവർത്തനം മെച്ചപ്പെടുത്തണം | 1-32 |
| 33 | മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി | 1-33 |
| 34 | എൽ.പി.സ്കൂൾ വിദ്യാർത്ഥികൾക്ക് കടം- | 1-34 |

| | | |
|---|---|---|
| | സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ് | |
| 35 | ലൈഫ് മിഷൻ അവലോകനം | 1-35 |
| 36 | ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ലഭിക്കുന്നതിന് മുമ്പ് പ്രവർത്തി നടത്തി പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 1-36 |
| 37 | സ്ഥലം റിലിങ്കിഷ് ചെയ്യാതെ പ്രവർത്തി നടത്തി -തുക തടസ്സപ്പെടുത്തുന്നു | 1-37 |
| 38 | മരാമത്ത് പ്രവർത്തിയിൽ എഗ്രിമെന്റ് വെയ്ക്കാൻ വൈകിയിട്ടും പിഴ ഈടാക്കിയിട്ടില്ല | 1-38 |
| 39 | ഡ്രൈനേജിന് സെന്ററിംഗ് ഷട്ടറിംഗ് അധിക നിരക്ക് അനുവദിച്ചു | 1-39 |
| 40 | മരാമത്ത് പ്രവർത്തി -കൺവീനർക്ക് അധിക തുക അനുവദിച്ചത് അംഗീകരിക്കുന്നില്ല | 1-40 |
| 41 | മരാമത്ത് -അംഗീകൃത നിരക്കിലും അധികരിച്ച് തുക നല്കി. അധികം നൽകിയ തുക തിരിച്ചടയ്ക്കേണ്ടതാണ് | 1-41 |
| 42 | മരാമത്ത് പ്രവർത്തികളിൽ പൂർത്തീകരണ കാലാവധി വൈകിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല | 1-42 |
| 43 | കാർഷിക മേഖലയിൽ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടില്ല | 1-43 |
| 44 | ബഡ്സ് സ്കൂൾ പ്രവർത്തനം -സർക്കാർ നിർദ്ദശങ്ങൾ പാലിക്കേണ്ടതാണ്. | 1-44 |
| 45 | അനുപൂരക പോഷകാഹാര വിതരണ പ്രോജക്ടുകളിൽ ടി.ഡി.എസ് ഈടാക്കാത്തത്. | 1-45 |
| 46 | അങ്കണ വാടികളിലേക്ക് ഭക്ഷ്യ ധാന്യം എത്തിക്കൽ ട്രാൻസ്പോർട്ടേഷൻ കോൺട്രാക്ടറെ തെരഞ്ഞെടുത്തത് -നടപടി ക്രമങ്ങൾ പാലിച്ചട്ടില്ല | 1-46 |
| 47 | വനിത ശിശു വികസന വകുപ്പ് | 1-47 |

| | | |
|---|---|---|
| | കൈമാറിയ തുക വിനിയോഗിക്കണം | |
| 48 | കുടുംബ ശ്രീമിഷൻ അനുവദിച്ച ഫണ്ട് ചെലവഴിക്കപ്പെട്ടിട്ടില്ല | 1-48 |
| 49 | തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണ പദ്ധതി -വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കണം | 1-49 |
| 50 | കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ അങ്കണവാടികൾ പ്രവർത്തിച്ചു | 1-50 |
| 51 | പട്ടിക വർഗ്ഗ ഉപ പദ്ധതി (ടി.എസ്.പി)-ഫണ്ട് വിനിയോഗം നിബന്ധനകൾ പാലിക്കുന്നില്ല | 1-51 |
| 52 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തണം | 1-52 |

## ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.
ഇല്ല

## ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (2), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| | | |
|---|---|---|
| 1 | മരാമത്ത് പ്രവർത്തി-കൺവീനർക്ക് അധിക തുക അനുവദിച്ചു | 3-1 |
| 2 | ഡ്രൈനേജ് സെൻററിംഗ് ഷട്ടറിംഗ് -അധിക നിരക്ക് അനുവദിച്ചു. | 3-2 |
| 3 | മരാമത്ത് പ്രവർത്തികളിൽ പൂർത്തീകരണകാലാവധി വൈകിയിട്ടും നിയമാനുസൃതമായ പിഴ ഈടാക്കിയില്ല | 3-3 |
| 4 | മരാമത്ത് പ്രവർത്തിയിൽ എഗ്രിമെന്റ് വെയ്ക്കാൻ വൈകിയിട്ടും പിഴ ഈടാക്കിയിട്ടില്ല | 3-4 |

## ഭാഗം-IV

## ഓഡിറ്റ് പ്രത്യവലോകനം

| ക്രമനമ്പർ | ഇനം | ഖണ്ഡിക |
|---|---|---|

| | | നംപർ |
|---|---|---|
| 1. | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2. | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3. | നിക്ഷപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4. | മൊബിലൈസേഷൻ അഡ്വാൻസ് വിവരം | 4-4 |
| 5. | വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |

## ഭാഗം -1

### 1-1 ബജറ്റ്

24-3-2018 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 20-2-2019തിയതിയിൽ പാസാക്കിയിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2018-19 | 31-7-2019 | 24-06-2019 | - | - |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 14837451.57 |
| വരവ് | 241140900 |
| ആകെ | 255978351.57 |
| ചെലവ് | 232557494 |
| നീക്കിയിരിപ്പ് | 23420857.57 |

1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | 0 | 43067282 | 43067282 | 39175687 | 3891595 |
| വികസന ഫണ്ട് എസ്.സി.പി | 0 | 3695000 | 3695000 | 2757559 | 937441 |
| വികസന ഫണ്ട് ടി.എസ്.പി | 0 | 24252000 | 24252000 | 18108095 | 6143905 |
| മെയ് ഗ്രാന്റ് റോഡ് | 0 | 22411000 | 22411000 | 22401693 | 9307 |
| മെയ്ലറനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 6248000 | 6248000 | 5725086 | 522914 |
| സെൻട്രൽ ഫിനാനൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 23112138 | 23112138 | 15763449 | 7348644 |
| എം.എൻ.ആർ.ഇ.ജി. എസ്-അഡ്മിൻചെലവ് | 3389 | 1458287 | 1461676 | *1459520 | 2156 |
| എം.എൻ.ആർ.ഇ.ജി. എസ്-തൊഴിലാളി കളുടെവേതനം | 0 | 123341868 | 123341868 | 123341868 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്-ബ്ലോക്ക് പഞ്ചായത്ത് | 3900000 | XX947620 | 13376201 | 807500 | 5301201 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്-ജില്ലാ പഞ്ചായത്ത് | XX400000 | 41343095 | 41743095 | 7915000 | 3382895 |
| ജനറൽ പർപ്പസ് ഗ്രാന്റ്(TSB) | 1380270 | 50614992 | 51995262 | 37996416 | 13998846 |

| | | | | | |
|---|---|---|---|---|---|
| തനത് ഫണ്ട്-എസ്.ബി.ഐ | 7417369.57 | 19990878 | 2740824.57 | 23665566 | 3742681.57 |
| തനത് ഫണ്ട്-എസ്.എസ്.സി.ബി | 5798202 | 26443666 | 32241868 | 26976692 | 5265176 |
| തനത് ഫണ്ട്-കനറാബാങ്ക് | 25803 | 1589 | 27392 | 691 | 26701 |
| ബി ഫണ്ട് | 0 | 0 | 0 | 0 | 0 |
| ബാങ്ക്-മറ്റുള്ളവ-ടി.എസ്.സി | 116087 | 4117 | 120204 | 0 | 120204 |
| ബാങ്ക്-മറ്റുള്ളവ-കേരളോൽസവം | 17276 | 691 | 17967 | 50 | 17917 |

* ചെലവ് തുക വാർഷിക കണക്ക് (RRP-RP-16) പ്രകാരം 1471317 രൂപയാണ്(വ്യത്യാസം11797) ആയത് വിശദീകരിക്കപ്പെട്ടിട്ടില്ല

XXJoint venture (Block Panchayath) വരവ്, നീക്കിയിരിപ്പ് എന്നിവ വാർഷിക കണക്കുമായി പൊരുത്തപ്പെടാത്തത് വിശദീകരിക്കപ്പെട്ടില്ല.
XX Joint Venture (District Panchayath) വരവ് നീക്കിയിരിപ്പ് എന്നീ വാർഷിക കണക്കുമായി പൊരുത്തപ്പെടാത്തത് വിശദീകരിക്കപ്പെട്ടിട്ടില്ല

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 334 | 452737237 | 203 | 198180935 | 0 | 131 | 60.77% |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 203 എണ്ണം തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 60.77% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് കണക്ക് താഴെ ചേർക്കുന്നു.

| പേര് | ആകെ പ്രൊജക്ടുകൾ | നിർവ്വഹണംനടത്തിയവ | അടങ്കൽ | ചെലവ് % | ചെലവ് ശതമാനം% |
|---|---|---|---|---|---|
| സെക്രട്ടറി | 32 | 9 | 10570228 | 4203234 | 40% |
| അസി.സെക്രട്ടറി | 7 | 4 | 22420000 | 638173 | 3% |
| അസി.എൻജിനിയർ | 246 | 155 | 133077060 | 69198698 | 52% |
| കൃഷി ഓഫീസർ | 0 | 0 | 0 | 0 | 0% |
| വെറ്റിനറി സർജ്ജൻ | 8 | 8 | 10050000 | 8636000 | 86% |
| എെ.സി.ഡി.എസ് | 10 | 8 | 10554641 | 8588348 | 81.1% |
| ഹെഡ് മാസ്റ്റർ | 8 | 3 | 3360121 | 2364200 | 70.% |
| വി.ഇ.ഒ | 14 | 7 | 278983187 | 100898000 | 37% |
| മെഡിക്കൽ [PHC | 3 | 3 | 600000 | 456605 | 76% |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ(ഹോമിയോ) | 2 | 2 | 250000 | 250000 | 100% |
| മെഡി: (ആയുർവ്വേദം) | 2 | 2 | 650000 | 649489 | 99% |
| ഡയറി | 2 | 2 | 2400000 | 2304188 | 96% |
| ആകെ | 334 | 203 | 452737237 | 198180935 | 44% |

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3389 | 1458287 | 1461676 | *1459520 | 2156 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 123341868 | 123341868 | 123341868 | 0 |
| ആകെ | 3389 | 124800155 | 124803544 | 124801388 | 2156 |

* അഡ്മിൻ ചെലവ് വാർഷിക കണക്ക് പ്രകാരം 1471317/- പ്രകാരം വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല

1-7 ക്ഷേമ പെൻഷനുകൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 19680 | 24 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 1709600 | 180 |
| 3 | വിധവാ പെൻഷൻ | 20170200 | 1610 |
| 4 | വാർദ്ധക്യകാല പെൻഷൻ | 35374800 | 2090 |
| 5 | വികലാംഗ പെൻഷൻ | 4849900 | 410 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 287100 | 39 |

1-9 ആഭ്യന്തര നിയന്ത്രണം

തൻവർഷ പദ്ധതി വിനിയോഗം നൂറ് ശതമാനം പൂർത്തീകരിച്ചട്ടില്ല 12.27 കോടി പ്ലാൻ ഫണ്ട് ലഭ്യമായതിൽ

1.88 കോടി ചെലവഴിക്കപ്പെടാതെ ലാപ്സാക്കിയിട്ടുണ്ട് .കൂടാതെ കൃഷി ഓഫീസർ പ്രൊജക്ടുകൾ ഒന്നും തന്നെ ഏറ്റെടുത്തുനടപ്പിലാക്കിയിട്ടില്ല കൈമാറിക്കിട്ടിയ വെറ്റിനറി സർജ്ജൻ നിലവിലുണ്ടായിരിക്കെ മറ്റൊരു ഉദ്യോഗസ്ഥനെ (കൈമാറികിട്ടിയിട്ടില്ലാത്ത )നിർവ്വഹണം ഏൽപ്പിച്ചത് ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മയാണ്.പഞ്ചായത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിന് പ്രൊജക്ട് (98/19 ) വച്ച് 995000/-രൂപ ചെലവഴിക്കപ്പെട്ടപ്പോഴും പഞ്ചായത്തിലെ ക്ലീനിങ് സ്റ്റാഫ് (വിവിധ പ്രദേശങ്ങലിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നവർ) ന് എല്ലാമാസത്തിലും ദിവസവേതനം നൽകുന്നത് പഞ്ചായത്ത്ഫണ്ടിന് അധിക ബാദ്ധ്യത ഉണ്ടാക്കിയിട്ടുണ്ട്.പഞ്ചായത്ത് സ്റ്റാഫിന്റെ ഒഴിവ് ഇല്ലാത്തപ്പൊഴും മാനദണ്ഡങ്ങൾ പാലിക്കാതെ ഡാറ്റാ എൻട്രി ഓപ്പറേറ്റർ ,ക്ലാർക്ക് തസ്തികയിൽ ദിവസവേതനത്തിന് നിയമിക്കപ്പെടുന്നത് ഒഴിവാക്കേണ്ടതാണ് പഞ്ചായത്ത് നേരിട്ട് നടത്തുന്ന 7 കുടിവെള്ള പദ്ധതികൾക്ക് വലിയ തുക കറൻറ് ചാർജ്ജ് ,പമ്പ് ഓപ്പറേറ്റർ ,അറ്റകുറ്റപ്പണി എന്നിവയ്ക്ക് ചെലവ് ചെയ്യുമ്പോൾ വാട്ടർ ടാക്സ് കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ മോണിട്ടറിങ് കാര്യക്ഷമമല്ല.

ആസ്തിസംരക്ഷണം-*കൈമാറിക്കിട്ടിയതടക്കമുള്ള ആസ്തികളുടെ (കെട്ടിടങ്ങളുടെ)അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിക്കണം*
,രജിസ്റ്ററുകളുടെ സൂക്ഷിപ്പ് -ഓഡിറ്റ് ,റിക്കവറി രജിസ്റ്റർ,ചാർജ്ജ് സർചാർജ്ജ് രജിസ്റ്റർ ,കൺസോളിഡേറ്റ് ഓഡിറ്റ് റിപ്പോർട്ട് രജിസ്റ്റർ ,ആസ്തി രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിക്കുന്നില്ല
,മേൽ നോട്ടം-*ഫ്രണ്ട് ഓഫീസ് ,സെക്ഷൻ ജോലികൾ എന്നിവ പ്രതിമാസ പരിശോധന നടത്തി,മോണിട്ടറിങ് കാര്യക്ഷമമാക്കേണ്ടതാണ്*
ഫ്രണ്ട് ഓഫീസ് സംവിധാനം.ഫ്രണ്ട് ഓഫീസ് ഡയറി പരിശോധന കാര്യക്ഷമമാക്കേണ്ടതാണ്
,പരാതികൾ രജിസ്റ്റർ ചെയ്ത് യഥാസമയം നടപടി സ്വീകരിക്കൽ,സമയബന്ധിതമായി നടപടി സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം
ഓഫീസ് യോഗങ്ങൾ-കൃത്യമായ ഇടവേളകളിൽ യോഗം ചേരേണ്ടതും പുരോഗതി വിലയിരുത്തേണ്ടതുമാണ്
,ഫയലുകളിലും മറ്റും യഥാസമയം നടപടി സ്വീകരിക്കൽ-മോണിററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.
മരാമത്ത് പ്രവർത്തികൾ -ഒരേ സ്ഥലത്ത് (ഒരേ കെട്ടിടത്തിൽ )പലപ്രവർത്തികൾക്കായി പ്രൊജക്ട് തയ്യാറാക്കാതെ ഒറ്റ പ്രൊജക്ട് സംവിധാനം തയ്യാറാക്കേണ്ടതാണ്. കൈമാറിക്കിട്ടിയ നിർവഹണോദ്യോഗസ്ഥൻ (വെററിനറി സർജ്ജൻ) ഉണ്ടായിരിക്കെ നിർവഹണം മറ്റ് ഏജൻസിയെ ഏൽപ്പിച്ചത് ക്രമപ്രകാരമല്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻറ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 26-2-2019 | 1/2019 | 28-2-2019 |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19-4-2014 | 2009-10 മുതൽ 2013-14 വരെ | വിവരം ലഭ്യമല്ല |

1-11 വാർഷിക കണക്കുകകളിലെ അപാകതകൾ

ന്യൂനതകളുടെ സംഗ്രഹം(ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്തവ)

1-12 വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികതി കുറവായി നിർണ്ണയിച്ചു - കുറവായ തുക ഈടാക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ, 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് വിനിയോഗിച്ചിരിക്കുകയാണെങ്കിൽ മാത്രമെ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിടത്തിനും പ്രത്യേകം വസ്തുനികുതി ചുമത്തേണ്ടതുള്ളൂ. മേൽ ചട്ടങ്ങളിലെ ചട്ടം 3(4) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിടനമ്പറുകൾ നൽകിയിട്ടുണ്ടെങ്കിലോ ഓരോ ഭാഗത്തേയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തുനികുതി ചുമത്തേണ്ടതാണ്. അഗളി ഗ്രാമപഞ്ചായത്തിൽ 100 ച.മീ.വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ച.മീ.ന് 40/- രൂപയും 100 ച.മീ.ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 50/- രൂപയായും നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ നികുതി നിർണ്ണയ രേഖകൾ പരിശോധിച്ചതിൽ നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള 100 ച.മീന് മുകളിലുള്ള ഒരേ ഉപയോഗക്രമമുള്ള പല വാണിജ്യ കെട്ടിടങ്ങളും വ്യക്തമായ കാരണങ്ങൾ ഒന്നും രേഖപ്പെടുത്താതെ വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണ്ണയിക്കുകയും, അവയ്ക്ക് ബാധകമാകുന്ന ഉയർന്ന നിരക്ക് ഈടാക്കുന്നതിന് പകരം 100 ച.മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമാകുന്ന 40/- രൂപ നിരക്കിൽ നികുതി ഈടാക്കുകയുമാണ് ചെയ്തിരിക്കുന്നത്.

കെട്ടിടങ്ങളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമസ്ഥൻ | കെട്ടിടത്തിന്റെ തരം | വിസ്തീർണ്ണം (m2) |
|---|---|---|---|---|
| 1 | 1/846 മുതൽ 1/851 വരെ | കുഞ്ഞുമൊയ്തീൻ | വാണിജ്യം | 132 |
| 2 | 1/864 മുതൽ 1/865 വരെ | ഷൈജു | വാണിജ്യം | 108.11 |
| 3 | 2/543 മുതൽ 2/564 വരെ | എം മമ്മു | വാണിജ്യം | 546 |
| 4 | 2/600 മുതൽ 2/607 വരെ | ഉമ്മർ ഹാജി | വാണിജ്യം | 121.16 |
| 5 | 4/669 മുതൽ 4/676 വരെ | ഷെബിൻ അൻഷിഫ് കെ | വാണിജ്യം | 136 |
| 6 | 7/866 മുതൽ 7/870 വരെ | ബേബി മൂർത്തി | വാണിജ്യം | 260.5 |
| 7 | 8/908 മുതൽ 8/922 വരെ | അസീസ് ഇ | വാണിജ്യം | 344.66 |
| 8 | 9/814 മുതൽ 9/819 വരെ | എസ് ജയപ്രകാശ് | വാണിജ്യം | 187 |
| 9 | 9/874, 9/876 മുതൽ 9/881 വരെ | അബ്രഹാം ചാക്കോ | വാണിജ്യം | 217.42 |

| | | | | |
|---|---|---|---|---|
| 10 | 9/1057 മുതൽ 9/1065 വരെ | ടോണി | വാണിജ്യം | 194 |
| 11 | 9/1160 മുതൽ 9/1173 വരെ | അബുതാഹിർ / സഫീദ | വാണിജ്യം | 233.48 |
| 12 | 9/1201 മുതൽ 9/1207 വരെ | അബുതാഹിർ / സഫീദ | വാണിജ്യം | 315 |
| 13 | 10/862 മുതൽ 10/909 വരെ | അഹമ്മദ് കുട്ടി | വാണിജ്യം | 861 |
| 14 | 10/1007 മുതൽ 10/1014 വരെ | സി എ ചന്ദ്രൻ | വാണിജ്യം | 274.14 |
| 15 | 10/1041 മുതൽ 1047 | സൈദലവി & സഫിയ | വാണിജ്യം | 109 |
| 16 | 13/693 മുതൽ 13/698 | അഭിലാഷ് കെ | വാണിജ്യം | 120 |
| 17 | 18/378 മുതൽ 18/386 വരെ | റസാക് പി | വാണിജ്യം | 207 |
| 18 | 19/364 | വി ടി ബേബി | വാണിജ്യം | 120 |
| 19 | 21/788 മുതൽ 21/797 വരെ | ജോസഫ് | വാണിജ്യം | 252 |
| 20 | 21/ 854 മുതൽ 21/856 | ഹംസ | വാണിജ്യം | 244.83 |
| | | | ആകെ | 4983.3 |

ഇതുപ്രകാരംആകെ ഡിമാന്റിൽ താഴെ പറയും പ്രകാരം കുറവ് വന്നിട്ടുണ്ട്
നിലവിലെ അടിസ്ഥാന വസ്തു നികുതി – 4983.3 = 199332- രൂപ.

കണകാക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തു നികുതി – 4983.3= 249165/- രൂപ.

അടിസ്ഥാന വസ്തു നികുതി വ്യത്യാസം 249165- 199332 = 49833/- രൂപ.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 11/19.11.2020) കുറവ് വന്ന തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി വസ്തു നികുതി ഇനത്തിലുണ്ടായ നഷ്ടം കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13 ഡി&ഒ ലൈസൻസ് -അപാകതകൾ

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമ പഞ്ചായത്ത് അനുവദിച്ച ലൈസൻസുകളുടെ അപേക്ഷകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ. ലൈസൻസ് ഫീസ് പുതുക്കി നിശ്ചയിച്ചിട്ടില്ല

2017 ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017 ലെ സ.ഉ.(പി)നം.

80/2017/തസ്വഭവ പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ലൈസൻസ് ഫീസുകൾ പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. ചുമത്താവുന്ന പരമാവധി ഫീസാണ് ഭേദഗതി ചെയ്ത പട്ടിക രണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നിരിക്കെ സ്ലാബുകൾക്ക് അനുസൃതമായി ഗ്രാമപഞ്ചായത്ത് ചുമത്തുന്ന ഫീസിന് നിരക്ക് നിശ്ചയിച്ചിട്ടില്ല. ആയതിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

<u>ബി. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകിയിട്ടില്ല</u>

പഞ്ചായത്തിലെ അസസ്മെന്റ് രജിസ്റ്റർ പ്രകാരം വാണിജ്യാവശ്യത്തിനുള്ള 2251 കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം. | ഇനം | | എണ്ണം |
|---|---|---|---|
| I | 1 | വാണിജ്യാവശ്യം<br>100 ച. മീറ്റർ വരെ ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 1530 |
| | 2 | 100 ച. മീറ്റർ മുകളിൽ ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 56 |
| | 3 | 200 ച. മീറ്റർ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 1 |
| | 4 | 200 ച. മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 2 |
| II | 1 | ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ,ഫ്യൂവൽ സ്റ്റേഷൻ | 73 |
| | 2 | ആഫീസ് ആവശ്യത്തിനുള്ളവ | 134 |
| III | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, സിനിമ തിയേറ്റർ, കല്ല്യാണ മണ്ഡപം, ലോഡ്ജ് | | 212 |
| IV | 1 | വ്യവസായം<br>ചെറുകിട വ്യവസായ സംരംഭങ്ങൾ, കൈത്തറി ഷെഡ്, തടിമില്ല് | 39 |
| | 2 | ഇതര വ്യവസായം | 184 |
| | | സ്വകാര്യ ഹോസ്റ്റൽ , ഹോംസ്റ്റേ | 13 |
| | | വിദ്യാഭ്യാസ സ്ഥാപനത്തിൻറെ കോമ്പൗണ്ടിൽ വരുന്നതും അതിൻറെ മാത്രം അവശ്യങ്ങൾക്ക് മാത്രം | 6 |

| | | | |
|---|---|---|---|
| | | ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാൻറീൻ, വർക്ക്ഷോപ്പ് | |
| | | മൈക്രോ സ്മാൾ ആൻറ് മീഡിയം എൻറർപ്രൈസസ് ഡെവലപ് മെൻറ് ആക്റ്റ്, 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 1 |

എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങൾ 435 എണ്ണം മാത്രമാണ്. ഗ്രാമപഞ്ചായത്തിലുള്ള മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

<u>സി. ഉറവിട മാലിന്യ സംസ്കരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാതെ ലൈസൻസ് അനുവദിച്ചിരിക്കുന്നു</u>

സ.ഉ.(സാധാ)നം.2511/2017/തസ്വഭവ തിയതി 22.07.2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയറ്ററുകൾ, വസ്തുശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റ്, പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാംസം എന്നിവ വിൽക്കുന്ന കടകൾ, കാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിനും അത്തരത്തിൽ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 219A മുതൽ 219X വരെയുള്ള വകുപ്പുകൾ, കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണും സർക്കാർ നിർദ്ദേശിച്ചിരുന്നു. ലൈസൻസ് അനുവദിക്കുമ്പോൾ മേൽ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

<u>ഡി. കശാപ്പുശാലകൾക്കും ഇറച്ചിക്കടകൾക്കും ലൈസൻസ് നിർബന്ധമാക്കണം</u>

1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ 38 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ മൃഗത്തിന്റെയോ പക്ഷിയുടെയോ മാംസം വിൽക്കുന്നതിനുള്ള കട സ്ഥാപിക്കുന്നത് അതിനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്ത് ആയിരിക്കേണ്ടതും, ഇറച്ചിക്കട ചില്ലുവച്ച് മറച്ചതും ഈച്ച മുതലായ പ്രാണികൾ കടക്കാത്തതും, ധാരാളം വായു സഞ്ചാരമുള്ളതുമായിരിക്കേണ്ടതും വഴിയാത്രക്കാർ കാണാത്ത വിധത്തിൽ ഇറച്ചി സൂക്ഷിക്കേണ്ടതും , കടയുടെ ലൈസൻസി, തന്റെ പേര്, കടയുടെ നമ്പർ, വില നിരക്കുകൾ എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള ബോർഡ് അന്യർക്ക് കാണത്തക്കവിധം കടയുടെ മുൻപിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകൾക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് 229 മുതൽ 231 വരെയുള്ള വകുപ്പുകൾ, 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും)

ചട്ടങ്ങൾ, ബഹു. പഞ്ചായത്ത് ഡയർക്ടറുടെ സർക്കുലറുകൾ (സർക്കുലർ നം.27560/ജെ2/2000/തസ്വഭവ തീ.12-07-2000, സർക്കുലർ നം.1173/ഡിബി2/09/തസ്വഭവ തീ.17-09-2009, സർക്കുലർ നം. 66771/ഡി ബി 2/09/തസ്വഭവ തീയതി 08-01-2010, സർക്കുലർ നം. 25533/ഡി ബി 2/12/തസ്വഭവ തീയതി 06-04-2012) എന്നിവയിലെ നിബന്ധനകൾ പ്രകാരം ലൈസൻസ് നൽകിയിട്ടില്ല.

ആരോഗ്യവകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഇറച്ചി വിൽപ്പന കേന്ദ്രങ്ങൾക്ക് എതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 230 (എ) വകുപ്പ് പ്രകാരം നടപടികൾ സ്വീകരിച്ച്, വിവരം അറിയിക്കേണ്ടതാണ്. യോഗ്യമായവക്ക് നിയമാനുസൃത വ്യവസ്ഥകൾ പാലിച്ച് ലൈസൻസ് നൽകുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

<u>ഇ. റേഷൻ കടകൾ, ക്ഷീര സഹകരണ സംഘങ്ങൾ എന്നിവയിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല</u>

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിലെ ക്രമനം 149, 132 എന്നിവ പ്രകാരം റേഷൻ കടകൾക്കും ക്ഷീര സഹകരണ സംഘങ്ങൾക്കും പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് അവശ്യമാണ്. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൻ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, ക്ഷീര സഹകരണ സംഘങ്ങൾ (താവളം ക്ഷീര സഹകരണ സംഘം ഒഴികെ) എന്നിവയ്ക്ക് ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല. ആയതിന് വിശദീകരണം നൽകേണ്ടതാണ്. റേഷൻ കടകൾ, ക്ഷീര സഹകരണ സംഘങ്ങൾ (താവളം ക്ഷീര സഹകരണ സംഘം ഒഴികെ) എന്നിവയ്ക്ക് ലൈസൻസ് അനുവദിക്കുവാനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>എഫ്. വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് ഫീസ് ഈടാക്കിയിട്ടില്ല</u>

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 18 അനുസരിച്ച് വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് കേ.പ.രാ ആക്ട് 232-ാം വകുപ്പ് പ്രകാരം ഒരു കൊല്ലത്തേക്ക് ലൈസൻസ് നൽകുകയോ പുതുക്കി നൽകുകയോ ചെയ്യുന്നതിന് പട്ടിക III ൽ പറഞ്ഞ തുകയെ അധികരിക്കാതെ ഫീസ് ചുമത്താവുന്നതാണ്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ടി തുക ഈടാക്കിയിട്ടില്ല. ആയത് ഈടാക്കുവാനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് | അപേക്ഷ പ്രകാരം യന്ത്രത്തിന്റെ കുതിര ശക്തി | ലൈസൻസ് നം. |
|---|---|---|---|---|
| 1 | ഹോളോബ്രിക്സ് നിർമ്മാണം | സദാനന്ദൻ പി എസ് | 10 | 2/18-19 |

| | | | | |
|---|---|---|---|---|
| 2 | ജീസസ് ഹോളോബ്രിക്സ് | ജോളി എം സി | 8 | 11/18-19 |
| 3 | ഫൈൻ സർവ്വീസ് സ്റ്റേഷൻ | ബിജുസെബാസ്റ്റ്യൻ | 12 | 21/18-19 |
| 4 | ഗ്രാസ്സ്ഹോപ്പർ ബയോ എനർജി ലിമിറ്റഡ് | സജിത്ത് വി കെ | 5 | 58/18-19 |
| 5 | കൃപാ ഹോളോബ്രിക്സ് | കെ ജെ കുര്യൻ | 8 | 146/18-19 |
| 6 | ആൽഫാ ഡി ഫൈബറിംഗ് യൂണിറ്റ് | പി എൻ പ്രഭാശങ്കർ | 60 | 216/18-19 |
| 7 | കൈരളി ഓയിൽസ് | സജി മോൻ എസ് | 10 | 224/18-19 |
| 8 | അഗ്രോടെക് ഇൻഡസ്ട്രീസ് | ശിവരഞ്ജിനി | 5 | 250/18-19 |
| 9 | മാതാ റൈസ് മിൽ | കുഞ്ഞമ്മ ജി | 10 | 262/18-19 |
| 10 | കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം | റിജിയണൽ എഞ്ചിനീയർ | 15 | 295/18-19 |
| 11 | എസ് എൻ ഫ്ലവർ മിൽ | ഷൈജു | 10 | 308/18-19 |
| 12 | നവീൻ ഇൻഡസ്ട്രീസ് | റെനി നൈനാൻ | 10 | 395/18-19 |
| 13 | അച്ചൂസ് ഫുഡ് | നിഷാദ് കെ | 2 | 413/18-19 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.17/18-19/13.01.2021 ന് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 ഷോപ്പിങ് കോംപ്ലക്സ് വാടക - അപാകങ്ങൾ പരിഹരിക്കേണ്ടതാണ്

2018-19 സാമ്പത്തിക വർഷത്തിൽ വാടക രജിസ്റ്റർ പ്രകാരം താഴെ പറയുന്ന മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്.

| ക്രമ നം. | കെട്ടിട നം. | വാടകക്കാരന്റെ പേര് | മാസ വാടക |
|---|---|---|---|
| 1 | 7/233 | ജയപ്രകാശ് | 1760 |
| 2 | 7/234 | കലൈശെൽവി | 1650 |
| 3 | 7/235 | വിദ്യാനന്ദൻ | 1650 |
| 4 | 7/236 | കെ വി അലി | 1650 |
| 5 | 7/237 | വി സി കുമാരൻ | 1650 |
| 6 | 7/239 | മുഹമ്മദ് നാസർ | 2090 |
| 7 | 7/240 | കെ ബാബു | 1650 |
| 8 | 7/241 | ഖലീൽ റഹ്മാൻ | 1650 |
| 9 | 7/242 | ബിന്ദു പി ജോർജ് | 1650 |
| 10 | 7/243 | കുഞ്ഞ് മുഹമ്മദ് | 1760 |
| 11 | 7/244 | ,, | 1760 |
| 12 | 21/207 | അസൈനാർ | 2530 |
| 13 | 21/601 | റാണി ബെന്നി | 2500 |
| 14 | 2/526 | രാജൻ | 630 |
| 15 | 3/208 | രതീഷ് പി ആർ | 570 |

വാടക രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

<u>എ. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിന്റെ അടിസ്ഥാന വിവരങ്ങളടങ്ങിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്</u>

പഞ്ചായത്തിലെ വാടക രജിസ്റ്റർ പ്രകാരം പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ 15 മുറികൾ വാടകയ്ക്ക് നൽക്കിയിട്ടുണ്ട്. എന്നാൽ ടി കെട്ടിടത്തിന്റെ നിർമ്മാണം, പൂർത്തീകരണം, പ്ലാനുകൾ, പരിപാലനം മുതലായവയുടെ വിവരങ്ങളൊന്നും പഞ്ചായത്തിൽ നിലവിൽ ലഭ്യമല്ല. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിന് 15 വർഷത്തിന് മുകളിൽ കാലപ്പഴക്കമുണ്ട്. ആയതിനാൽ കെട്ടിടങ്ങളുടെ പരിപാലനം സമയബന്ധിതമായി പൂർത്തീകരിക്കാൻ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളുടെ അടിസ്ഥാന വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>ബി. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് - ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങണം</u>

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നടത്തിപ്പിനായുള്ള ബൈലോ നാളിതുവരെ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങിയതായി കാണുന്നില്ല. സർക്കാർ അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക ഈടാക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. പഞ്ചായത്തിൽ ബൈലോ നിലവിലുണ്ടെങ്കിലും സർക്കാരിന്റെയോ സർക്കാരിനാൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെയോ അംഗീകാരം ലഭിച്ചിട്ടില്ല. ആയതിനാൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256-ാം വകുപ്പ്, 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടി ക്രമം) ചട്ടങ്ങൾ ചട്ടം 3 (5,6,7) പ്രകാരമുള്ള ബൈലോ തയ്യാറാക്കി സർക്കാരിന്റെയോ സർക്കാരിനാൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെയോ അംഗീകാരം ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>സി. വാടക കരാർ ചട്ട പ്രകാരം ചമക്കേണ്ടതാണ്</u>

2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടത്തിലെ ചട്ടം 7(2)(1) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഫോറം III ന്റെ മാതൃകയിലല്ല വാടകക്കാരുമായി കരാർ ചമച്ചിട്ടുള്ളത്. ചട്ട പ്രകാരമുള്ള മാതൃകയിൽ കരാർ ചമക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>ഡി. ചരക്ക് സേവന നികുതി ഇടാക്കിയിട്ടില്ല</u>

വാടക തുകകളിന്മേൽ ചട്ട പ്രകാരം ഈടാക്കേണ്ട ചരക്ക് സേവന നികുതി ഈടാക്കിയിട്ടില്ല. വാടക തുകകളിന്മേൽ ചട്ട പ്രകാരമുള്ള ചരക്ക് സേവന നികുതി ഈടാക്കി സർക്കാരിലേക്ക് ഒടുക്ക് വരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.23/18-19/13.01.2021 ന് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പാഞ്ചായത്തിന്റെ തൊഴിൽ നികതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

<u>എ. ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് | അപേക്ഷ പ്രകാരം സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം | ലൈസൻസ് നം. |
|---|---|---|---|---|
| 1 | എ ബി റോയൽ ഡക്കറേഷൻ | ബഷീർ കെ | 4 | 6/18-19 |
| 2 | മാതാ ഇൻഡേൻ | ബെന്നി വർഗ്ഗീസ് | 3 | 14/18-19 |

| | | | | |
|---|---|---|---|---|
| | ഗ്യാസ് | | | |
| 3 | സോന സിൽക്സ് | തങ്കരാജു | 7 | 15/18-19 |
| 4 | സൈരന്ധ്രി ആയുർവ്വേദ ക്ലിനിക്ക് | ഡോ. ശ്രീജ കെ നായർ | 2 | 16/18-19 |
| 5 | ജെ ജെ മിനറൽസ് | ജോ ജോ ജോസഫ് | 3 | 22/18-19 |
| 6 | സ്റ്റാർ ജെല്ലി ക്രഷർ യൂണിറ്റ് | ഷംസുദ്ദീൻ | 3 | 23/18-19 |
| 7 | ഗജാ ഹട്ട് റസ്റ്റോറന്റ് | പ്രവീഷ് ആർ കുറ്റികാട്ട് | 32 | 28/18-19 |
| 8 | ബ്യൂക്ക് ഹിൽ ആയുർവ്വേദ റിസോർട്ട് | എം ഡി | 5 | 41/18-19 |
| 9 | വയാസ് ഹോളിസ്റ്റിക്ക് ആയുർവ്വേദ സെന്റർ | അബ്ദുൾ റഷീദ് | 4 | 42/18-19 |
| 10 | എസ് എൻ എഡ്യൂക്കേഷൻ സെന്റർ | അനു ജി | 3 | 46/18-19 |
| 11 | കരുണ മെഡിക്കൽസ് | കെ എസ് ബി തങ്ങൾ | 4 | 53/18-19 |
| 12 | ഗ്രാസ്സ് ഹോപ്പർ ബയോ എനർജി ലിമിറ്റഡ് | സജിത്ത് വി കെ | 3 | 58/18-19 |
| 13 | ചുരിദാർ ഫാഷൻ ഹൗസ് | സുരേഷ് എൻ | 3 | 78/18-19 |
| 14 | ഗ്രാന്റ് ബജാജ് | അബ്ദു സലാം | 2 | 86/18-19 |
| 15 | ഷോഗൺ ടയേഴ്സ് | സതീഷ് ജി | 2 | 99/18-19 |
| 16 | നെയ്യൻസ് ഫ്യൂവൽസ് | സ്റ്റീഫൻ ജോർജ് | 6 | 101/18-19 |
| 17 | ഫൈൻ ഫ്യൂവൽസ് | ബിന്ദു എസ് ആർ | 5 | 119/18-19 |
| 18 | ഹോട്ടൽ കിംഗ്സ് | കെ വി കുഞ്ഞുമോൻ | 4 | 136/18-19 |
| 19 | കൃപാ ഹോളോബ്രിക്സ് | കെ ടി കുര്യൻ | 4 | 146/18-19 |
| 20 | ഹോട്ടൽ തലശ്ശേരി | ഉസ്മാൻ | 5 | 153/18-19 |
| 21 | ആൽഫാ ഡി ഫൈബറിംഗ് | പി എൻ പ്രഭാശങ്കരൻ | 5 | 216/18-19 |

| | | | | |
|---|---|---|---|---|
| | യൂണിറ്റ് | | | |
| 22 | ഭ്രമിക റിസോർട്ട്സ് | പി എൻ പ്രഭാശങ്കരൻ | 3 | 217/18-19 |
| 23 | വാലിഗ്രി പ്ലാന്റ്സ് | കെ ജോസ് കുര്യാക്കോസ് | 5 | 242/18-19 |
| 24 | അട്ടപ്പാടി നഴ്സറി | കെ ജോസ് കുര്യാക്കോസ് | 5 | 244/18-19 |
| 25 | നളന്ദ റസ്റ്റോറന്റ് | ഹരി കെ | 3 | 248/18-19 |
| 26 | താവളം ആപ്കോസ് | സെക്രട്ടറി | 7 | 249/18-19 |
| 27 | ഇൻഡ്യൻ ഡിജിറ്റൽ | ബേബി മൂർത്തി | 4 | 255/18-19 |
| 28 | സിഗ്മ ഹെൽത്ത് കെയർ ക്ലിനിക്കൽ ഫാർമസി | ഇസ്മയിൽ എം | 4 | 266/18-19 |
| 29 | കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം | റീജിയണൽ എഞ്ചിനീയർ | 3 | 295/18-19 |
| 30 | അട്ടപാടി റൂറൽ ഡെവലപ്പ്മെന്റ് സിവിൽ എഞ്ചിനിയേഴ്സ് സൊസൈറ്റി | സെക്രട്ടറി | 3 | 312/18-19 |
| 31 | ടെയ്സ്റ്റ് ഇൻ ടോപ്പ് | മുഹമ്മദ് നിയാസ് | 3 | 347/18-19 |

<u>ബി. റേഷൻ കട നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായികാണുന്നില്ല. ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

എഗ്രിമെന്റ് രജിസ്റ്റർ പ്രകാരമുള്ള കരാറുകാരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | 2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരുടെ പേര് |
|---|---|
| 1 | ഹൻസെൻ പി വി |
| 2 | ഹംസ കെ കെ |

| | |
|---|---|
| 3 | ജെമ്മി ബെന്നി |
| 4 | അബ്ദുൾ നാസർ |
| 5 | രഘുതമ്മൻ എൻ കെ |
| 6 | മൊയ്തീൻ ഇ |
| 7 | ഇ കെ അബ്ദുൽ സലാം |
| 8 | സുലൈമാൻ എം |
| 9 | ചിന്നസ്വാമി |
| 10 | ടോമ് ജോസഫ് |
| 11 | മുഹമ്മദ് മുസ്തഫ വി |
| 12 | ശശി കുമാർ കെ |
| 13 | സെന്തിൽകുമാർ |
| 14 | പി ജി ബാബു |
| 15 | പ്രദീഷ് ആർ |
| 16 | ജനാർദ്ദനൻ |
| 17 | മുഹമ്മദ് നിഷാദ് എം |
| 18 | ബെന്നി |
| 19 | മുരുകേഷൻ എം |
| 20 | അരവിന്ദൻ എ |
| 21 | വി സി മാത്യു |

| | |
|---|---|
| 22 | മൂർത്തി ആർ |
| 23 | സജി തോമസ് |
| 24 | സരസൻ ടി എസ് |
| 25 | സോമൻ കെ |
| 26 | മുസ്തഫ ടി കെ |
| 27 | റിയാസ് മോൻ പി |
| 28 | സിബി അന്റെണി |
| 29 | ജംഷീർ |

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പഞ്ചായത്തിന്റെ തൊഴിൽ നികതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

<u>എ. ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് | അപേക്ഷ പ്രകാരം സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം | ലൈസൻസ് നം. |
|---|---|---|---|---|
| 1 | എ ബി റോയൽ ഡക്കറേഷൻ | ബഷീർ കെ | 4 | 6/18-19 |
| 2 | മാതാ ഇൻഡേൻ ഗ്യാസ് | ബെന്നീ വർഗ്ഗീസ് | 3 | 14/18-19 |
| 3 | സോന സിൽക്ക്സ് | തങ്കരാജു | 7 | 15/18-19 |
| 4 | സൈരന്ധ്രി ആയുർവ്വേദ ക്ലിനിക്ക് | ഡോ. ശ്രീജ കെ നായർ | 2 | 16/18-19 |

| | | | | |
|---|---|---|---|---|
| 5 | ജെ ജെ മിനറൽസ് | ജോ ജോ ജോസഫ് | 3 | 22/18-19 |
| 6 | സ്റ്റാർ ജെല്ലി ക്രഷർ യൂണിറ്റ് | ഷംസുദ്ദീൻ | 3 | 23/18-19 |
| 7 | ഗജാ ഹട്ട് റസ്റ്റോറന്റ് | പ്രവീഷ് ആർ കുറ്റികാട്ട് | 32 | 28/18-19 |
| 8 | ബ്യൂക്ക് ഹിൽ ആയുർവ്വേദ റിസോർട്ട് | എം ഡി | 5 | 41/18-19 |
| 9 | വയാസ് ഹോളിസ്റ്റിക്ക് ആയുർവ്വേദ സെന്റർ | അബ്ദുൾ റഷീദ് | 4 | 42/18-19 |
| 10 | എസ്എൻ എഡ്യുക്കേഷൻ സെന്റർ | അന ജി | 3 | 46/18-19 |
| 11 | കരുണ മെഡിക്കൽസ് | കെ എസ് ബി തങ്ങൾ | 4 | 53/18-19 |
| 12 | ഗ്രാസ്സ് ഹോപ്പർ ബയോ എനർജി ലിമിറ്റഡ് | സജിത്ത് വി കെ | 3 | 58/18-19 |
| 13 | ചുരിദാർ ഫാഷൻ ഹൗസ് | സുരേഷ് എൻ | 3 | 78/18-19 |
| 14 | ഗ്രാന്റ് ബജാജ് | അബ്ദു സലാം | 2 | 86/18-19 |
| 15 | ഷോഗൺ ടയേഴ്സ് | സതീഷ് ജി | 2 | 99/18-19 |
| 16 | നെയ്യൻസ് ഫ്യൂവൽസ് | സ്റ്റീഫൻ ജോർജ് | 6 | 101/18-19 |
| 17 | ഫൈൻ ഫ്യൂവൽസ് | ബിന്ദു എസ് ആർ | 5 | 119/18-19 |
| 18 | ഹോട്ടൽ കിംഗ്സ് | കെ വി കുഞ്ഞുമോൻ | 4 | 136/18-19 |
| 19 | കൃപാ ഹോളോബ്രിക്സ് | കെ ടി കുര്യൻ | 4 | 146/18-19 |
| 20 | ഹോട്ടൽ തലശ്ശേരി | ഉസ്മാൻ | 5 | 153/18-19 |
| 21 | ആൽഫാ ഡി ഫൈബറിംഗ് യൂണിറ്റ് | പി എൻ പ്രഭാശങ്കരൻ | 5 | 216/18-19 |
| 22 | ഭ്രമിക റിസോർട്ട്സ് | പി എൻ പ്രഭാശങ്കരൻ | 3 | 217/18-19 |
| 23 | വാലിഗ്രി പ്ലാന്റ്സ് | കെ ജോസ് കുര്യാക്കോസ് | 5 | 242/18-19 |

| | | | | |
|---|---|---|---|---|
| 24 | അട്ടപ്പാടി നഴ്സറി | കെ ജോസ് കുര്യാക്കോസ് | 5 | 244/18-19 |
| 25 | നളന്ദ റസ്റ്റോറന്റ് | ഹരി കെ | 3 | 248/18-19 |
| 26 | താവളം ആപ്കോസ് | സെക്രട്ടറി | 7 | 249/18-19 |
| 27 | ഇൻഡ്യൻ ഡിജിറ്റൽ | ബേബി മൂർത്തി | 4 | 255/18-19 |
| 28 | സിഗ്മ ഹെൽത്ത് കെയർ ക്ലിനിക്കൽ ഫാർമസി | ഇസ്മയിൽ എം | 4 | 266/18-19 |
| 29 | കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം | റീജിയണൽ എഞ്ചിനീയർ | 3 | 295/18-19 |
| 30 | അട്ടപാടി റൂറൽ ഡെവലപ്പ്മെന്റ് സിവിൽ എഞ്ചിനിയേഴ്സ് സൊസൈറ്റി | സെക്രട്ടറി | 3 | 312/18-19 |
| 31 | ടെയ്സ്റ്റ് ഇൻ ടോപ്പ് | മുഹമ്മദ് നിയാസ് | 3 | 347/18-19 |

ബി. റേഷൻ കട നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായികാണുന്നില്ല. ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

എഗ്രിമെന്റ് രജിസ്റ്റർ പ്രകാരമുള്ള കരാറുകാരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | 2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരുടെ പേര് |
|---|---|
| 1 | ഹൻസെൻ പി വി |
| 2 | ഹംസ കെ കെ |
| 3 | ജെമ്മി ബെന്നി |
| 4 | അബ്ദുൾ നാസർ |
| 5 | രംഘുതമ്മൻ എൻ കെ |

| | |
|---|---|
| 6 | മൊയ്തീൻ ഇ |
| 7 | ഇ കെ അബ്ദുൽ സലാം |
| 8 | സുലൈമാൻ എം |
| 9 | ചിന്നസ്വാമി |
| 10 | ടോമ് ജോസഫ് |
| 11 | മുഹമ്മദ് മുസ്തഫ വി |
| 12 | ശശി കുമാർ കെ |
| 13 | സെന്തിൽകുമാർ |
| 14 | പി ജി ബാബു |
| 15 | പ്രദീഷ് ആർ |
| 16 | ജനാർദ്ദനൻ |
| 17 | മുഹമ്മദ് നിഷാദ് എം |
| 18 | ബെന്നി |
| 19 | മുരുകേഷൻ എം |
| 20 | അരവിന്ദൻ എ |
| 21 | വി സി മാത്യു |
| 22 | മൂർത്തി ആർ |
| 23 | സജി തോമസ് |
| 24 | സരസൻ ടി എസ് |

| | |
|---|---|
| 25 | സോമൻ കെ |
| 26 | മുസ്തഫ ടി കെ |
| 27 | റിയാസ് മോൻ പി |
| 28 | സിബി അന്റോണി |
| 29 | ജംഷീർ |

<u>സി. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

1. പി ഡി സി മൊബൈൽ യൂണിറ്റ്, അഗളി

2. കാനറ ബാങ്ക്, അഗളി

3. കാനറ ബാങ്ക്, മുക്കാലി

4. ഇസാഫ്, അഗളി

5. അട്ടപ്പാടി അഗ്രി ആന്റ് ഹോർട്ടികൾച്ചർ സൊസൈറ്റി, അഗളി

6. അബി മോട്ടോർസ്, എ എം വിംഗ്സ് ഹോണ്ട, അഗളി

7. പ്രസാദം ടൂറിസ്റ്റ് ഹോം, അഗളി

8. അട്ടപ്പാടി കോ. ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി, അഗളി

9. ബി എസ് എൻ എൽ, അഗളി

10. താവളം ക്ഷീരോൽപാദക സഹകരണ സംഘം

11. അഗളി ക്ഷീരോൽപാദക സഹകരണ സംഘം

12. അട്ടപ്പാടി ക്ഷീരോൽപാദക സഹകരണ സംഘം

13. പളിയാർ ക്ഷീരോൽപാദക സഹകരണ സംഘം

14. മുണ്ടൻപാറ ക്ഷീരോൽപാദക സഹകരണ സംഘം

15. ചിറ്റൂർ ക്ഷീരോൽപാദക സഹകരണ സംഘം

16. കള്ളമല ക്ഷീരോൽപാദക സഹകരണ സംഘം

17. കണ്ടിയൂർ ക്ഷീരോൽപാദക സഹകരണ സംഘം

18. കുറവൻപാതി ക്ഷീരോൽപാദക സഹകരണ സംഘം

19. മുക്കാലി ക്ഷീരോൽപാദക സഹകരണ സംഘം

20. വിൻസെന്റ് ആന്റ് അസോസിയേറ്റ് ടാക്സ് പ്രാക്ടീക്ഷണർ, അഗളി

<u>ഡി. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ആയത് ഈടാക്കി രേഖകൾ പരിശോധനയ്ക്ക് നൽകേണ്ടതാണ്.

1. എസ് ബി ഐ, അഗളി

2. ഇസാഫ്, അഗളി

3. വിൻസെന്റ് അന്റ് അസോസിയേറ്റ് ടാക്സ് പ്രാക്ടീക്ഷണർ, അഗളി

4. സ്വാമി വിവേകാനന്ദ മെഡിക്കൽ മിഷൻ, അഗളി

5. അട്ടപ്പാടി അഗ്രി ആന്റ് ഹോർട്ടികൾച്ചർ സൊസൈറ്റി, അഗളി

6. അബി മോട്ടോർസ്, എ എം വിംഗ്സ് ഹോണ്ട, അഗളി

7. പ്രസാദം ടൂറിസ്റ്റ് ഹോം, അഗളി

8. ബഡ്സ് സ്കൂൾ, അഗളി

9. സാമ്പത്തിക സാക്ഷരതാ കേന്ദ്രം, അമൃല്യ, അഗളി

10. ടാടി ഐ ടി എജ്യൂകേഷൻ സെന്റർ, അഗളി

11. അട്ടപ്പാടി ഗിരിവർഗ്ഗ പ്രിന്റിംഗ് വ്യവസായ സഹകരണ സംഘം, അഗളി

12. അട്ടപ്പാടി ക്ഷീരോൽപാദക സഹകരണ സംഘം

13. പളിയാർ ക്ഷീരോൽപാദക സഹകരണ സംഘം

14. മുണ്ടൻപാറ ക്ഷീരോൽപാദക സഹകരണ സംഘം

15. ചിറ്റൂർ ക്ഷീരോൽപാദക സഹകരണ സംഘം

16. കള്ളമല ക്ഷീരോൽപാദക സഹകരണ സംഘം

17. കണ്ടിയൂർ ക്ഷീരോൽപാദക സഹകരണ സംഘം

18. കുറവൻപാതി ക്ഷീരോൽപാദക സഹകരണ സംഘം

19. മുക്കാലി ക്ഷീരോൽപാദക സഹകരണ സംഘം

20. തേജസ് അമൃതം ഫുഡ്സ്, അഗളി

21. എം ഇ എസ് മെഡിക്കൽ സെന്റർ, കൽക്കണ്ടി

22. എം ഇ എസ് ആർട്ട്സ് കോളേജ്, കൽക്കണ്ടി

<u>ഇ. ആധാരമെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല</u>

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടം 4 പ്രകാരം ആധാരമെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ എന്നിവർ തൊഴിൽനികുതി അടയ്ക്കുന്നതിന് ബാദ്ധ്യസ്ഥരാണ്. എന്നാൽ 2018-19 ഒന്നും രണ്ടും അർധ വർഷങ്ങളിൽ അഗളി സബ് രജിസ്ട്രാർ ഓഫീസുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആധാരമെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. അഗളി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ആധാരമെഴുത്തുകാരുടെ പട്ടികയും, സ്റ്റാമ്പ് വെണ്ടർമാരുടെ പട്ടികയും, ഉചിതമായ സ്ഥലങ്ങളിൽ നിന്നും ലഭ്യമാക്കി തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 18/18-19/13.01.2021 ന് ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 പ്രൊജക്റ്റ് തയ്യാറാക്കാതെ ചെലവ് -സാധൂകരണം ലഭ്യമാക്കണം

പഞ്ചായത്ത് തനത് ഫണ്ടിൽ 10000 രൂപയിൽ അധികരിച്ചുള്ള കണ്ടിജൻറ് ചെലവുകൾക്ക് മുൻകൂർ അനുമതിയോ അല്ലാത്ത പക്ഷം പ്രൊജക്റ്റ് അംഗീകാരം വാങ്ങി മാത്രമേ ചെലവ് നടത്താവൂ എന്ന് സർക്കാർ നിർദ്ദേശമുണ്ട്. 2011ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവ്) ചട്ടങ്ങൾ പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. G.o(Ms) 17/2017/ത.സ്വ.ഭ.വ26/8/2017 പ്രകാരം ഒരു സ്ഥാപനത്തിന് 7500/- രൂപയും പ്രതിമാസം 15000/-രൂപയുമായി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ താഴെപറയുന്ന ചെലവുകൾക്ക് സെക്രട്ടറി പ്രൊജക്റ്റ് തയ്യാറാക്കിയിട്ടില്ല വിശദവിവരം ചുവടെ ചേർക്കുന്നു.

| വൗച്ചർ നം/തീ | തുക | ചെലവ് വിവരം |
|---|---|---|
| 21801005 /1.2.19 | 30000 | കമ്യൂണിറ്റി ഹാൾ പ്ലൈവുഡ് വെക്കാൻ |
| 21801007/1.2.19 | 65000 | കമ്യൂണിറ്റി ഹാൾ ഫ്ലോർമാറ്റ് |
| 21801009/1.2.19 | 12000 | കമ്യൂണിറ്റി ഹാൾ അലങ്കരിക്കൽ |
| 21801010/1.2.19 | 30990 | കമ്യൂണിറ്റി ഹാൾ വൈറ്റ് വാഷ് |
| 21801011/1.2.19 | 75250 | കമ്യൂണിറ്റി ഹാൾഫ്ലക്ക്സ് ബോർഡ് |
| ആകെ | 213240 | |

മേൽ ചെലവുകൾ എല്ലാം ഒരേ കെട്ടിടത്തിന് വേണ്ടിയാണ് ചെലവഴിക്കപ്പെട്ടിട്ടുള്ളത് മുൻകുർ അനുമതിയോ എസ്റ്റിമേറ്റോ ,പ്രൊജക്ടോ ഇല്ലാതെ തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല തുക തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന്(നം 33/18-19/18.1.2021 ) മറുപടി ലഭ്യമാക്കിയിട്ടില്ല

1-17 ടെൻണ്ടർ ഫോം വില ഈടാക്കിയതിൽ കുറവ്

2018-19 വർഷത്തിൽ വിവിധ പ്രൊജക്റ്റുകളുടെ ടെൻണ്ടർ നടപടികൾക്കായി ടെൻണ്ടർ ഫോം വിറ്റതിൽ ദർഘാസ് പരസ്യത്തിൽ രേഖപ്പെടുത്തിയിട്ടുള്ള നിരക്കിൽ (അടങ്കലിൻറ 0.2% )കുറവായിട്ടോ ഈടാക്കാതേയോ (ജില്ലാ വ്യവസായ ഓഫീസറുടെസർട്ടിഫിക്കറ്റ് അടിസ്ഥാനത്തിൽ മാത്രം വില ഒഴിവാക്കി നൽകാം) ആണ് ഫോം അനുവദിച്ചിട്ടുള്ളത് .എന്നാൽ അത്തരത്തിൽ രേഖകൾ ഹാജരാക്കാതെ ഫോറം വില ഈടാക്കാത്തത് ക്രമപ്രകാരമല്ല വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് നം/പേര് | അടങ്കൽ | പങ്കെടുത്തവർ/ഈടാക്കിയ വില | നഷ്ടം |
|---|---|---|---|

| | | | |
|---|---|---|---|
| 82/19 പുതിയ തെരുവ് വിളക്ക് സ്ഥാപിക്കൽ നിർവ്വഹണം -സെക്രട്ടറി | 400000 (ദർഘാസ് പരസ്യത്തിൽ രേഖപ്പെടുത്തിയ ഫോം വില 800+GST ) | 1.ഗ്രീൻ ലീഫ് ,പാലക്കാട്<br>ജില്ലാ വ്യവസായ ഓഫീസറുടെസർട്ടിഫിക്കറ്റ് ഇല്ല<br>വില ഈടാക്കിയിട്ടില്ല<br>2.അമ്മിണി എനർജി ,തിരുവനന്തപുരം<br>ജില്ലാ വ്യവസായ ഓഫീസറുടെസർട്ടിഫിക്കറ്റ് ഇല്ല<br>വില ഈടാക്കിയിട്ടില്ല<br>3 എഡി ഇലക്ട്രിക്കൽസ്<br>ജില്ലാ വ്യവസായ ഓഫീസറുടെസർട്ടിഫിക്കറ്റ് ഇല്ല<br>വില ഈടാക്കിയിട്ടില്ല | 800+GST<br>800+GST<br>800+GST |
| 317/19 കമ്യൂണിറ്റി ഹാളിലേക്ക് പാത്രം നിർവ്വഹണം - സെക്രട്ടറി | 500000 (ദർഘാസ് പരസ്യത്തിൽ രേഖപ്പെടുത്തിയ ഫോം വില 1000+GST | 1.അലങ്കാർ മെറ്റൽ ,പാലക്കാട്<br>ജില്ലാ വ്യവസായ ഓഫീസറുടെസർട്ടിഫിക്കറ്റ് ഇല്ല<br>വില ഈടാക്കിയിട്ടില്ല<br>2.സംസം ഇൻഡസ്ട്രീസ്,പാലക്കാട്<br>ജില്ലാ വ്യവസായ ഓഫീസറുടെസർട്ടിഫിക്കറ്റ് ഇല്ല<br>വില ഈടാക്കിയിട്ടില്ല<br>3 എഡി ഇലക്ട്രിക്കൽസ്<br>ജില്ലാ വ്യവസായ ഓഫീസറുടെസർട്ടിഫിക്കറ്റ് ഇല്ല<br>വില ഈടാക്കിയിട്ടില്ല | 1000+GST<br>1000+GST<br>1000+GST |
| 21/19 വയോജനങ്ങൾക്ക് കട്ടിൽ നിർവ്വഹണം .അസി.സെക്രട്ടറി | 435000 (ദർഘാസ് പരസ്യത്തിൽ രേഖപ്പെടുത്തിയ ഫോം വില 1000+GST | 1.സംസം ഇൻഡസ്ട്രസ് ,പാലക്കാട്<br>ജില്ലാ വ്യവസായ ഓഫീസറുടെസർട്ടിഫിക്കറ്റ് ഇല്ല<br>വില ഈടാക്കിയിട്ടില്ല<br>2സഫാരി ട്രേഡിങ് മലപ്പുറം<br>ജില്ലാ വ്യവസായ | 1000+GST<br>1000+GST |

| | | | |
|---|---|---|---|
| | | ഓഫീസറുടെസർട്ടിഫിക്കറ്റ് ഇല്ല<br>വില ഈടാക്കിയിട്ടില്ല<br>3A.H വുഡ് ഇൻഡസ്ട്രീസ് ജില്ലാ വ്യവസായ ഓഫീസറുടെസർട്ടിഫിക്കറ്റ് ഇല്ല<br>വില ഈടാക്കിയിട്ടില്ല | 1000+GST |

തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം 29/18-19/19.1.2021 )മറുപടി ലഭ്യമാക്കിയിട്ടില്ല

1-18 സഹകരണ സംഘത്തിന് തുക നൽകിത് -വിനിയോഗ വിവരം ലഭ്യമാക്കണം

| | |
|---|---|
| പ്രൊജക്ട് നം.84/18-19 സഹകരണ സംഘത്തിന് ധനസഹായം | അടങ്കൽ :200000(SCP) |
| ചെലവ് : 200000 | ബിൽനം:5/18-19 /13.12.2018 |

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്ട് പ്രകാരം അട്ടപ്പാടി പട്ടികജാതി കോ.ഓപ്പറേറ്റീവ് സൊസൈറ്റിക്ക് പുൽ ചൂൽ നിർമ്മാണത്തിന് വനിതകൾക്ക് പരിശീലനം നൽകുന്നതിന് വേണ്ടിയാണ് തുക അനുവദിച്ചിട്ടുള്ളത്. പദ്ധതി മാർഗ്ഗരേഖ2018-19 (GoMs)22/2018/LSGD/14-2-2018 KC ഖണ്ഡിക 7.12 പ്രകാരം പരിശീലന പരിപാടികൾക്ക് മാത്രമായി പ്രത്യേകം പ്രൊജക്ട് തയ്യാറാക്കാവുന്നതല്ല .പരിശീലനം നടത്തിയതിൻറ വിശദവിവരം,മോണിട്ടറിങ് റിപ്പോർട്ട് ,ധനവിനിയോഗ വിവരം എന്നിവ ഹാജരാക്കിയിട്ടില്ല .ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണ (നം 44/18-19/19.1.2021 )ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല തുക തടസ്സപ്പെടുത്തുന്നു

1-19 ദിവസവേതനത്തിന് ആളെ നിയമിക്കുന്നത് -മാനദണ്ഡങ്ങൾ പാലിക്കുന്നില്ല

പഞ്ചയത്തിൽ വിവിധ തസ്തികകളിൽ 18-19 വർഷത്തിൽ ദിവസ വേതനക്കാരെനിയമിച്ച് വേതനം നൽകിയതായി കാണുന്നു .

ദിവസ വേതനാടിസ്ഥാനത്തിൽ രണ്ട് ക്ലറിക്കൽ ജീവനക്കാർ,ക്ലീനിങ് സ്റ്റാഫ് ,പമ്പ് ഓപ്പറേറ്റർ എന്നീ തസ്ഥികകളിൽ തൻവർഷം തനത് ഫണ്ടിൽ നിന്നും വേതനം നൽകിയിട്ടുണ്ട്. തൻവർഷം ഒഴിവ് ഇല്ലാത്ത തസ്തികയിലേക്കാണ് ദിവസ വേതനത്തിന് ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ ജീവനക്കാരായി നിയമിച്ചിട്ടുള്ളതെന്ന് ഹാജർ പുസ്തകം പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. തനത് ഫണ്ട് രേഖകൾ പരിശോധിച്ചതിൽ ഇവർക്ക് 4/2018 മുതൽ 3/2019 വരെയാണ് വിവിധ തസ്തികകളിൽ ദിവസ വേതനം നൽകിയിട്ടുള്ളത്.

ക്ലീനിങ് സ്റ്റാഫ് ആയി 5 പേർക്ക് തുടർച്ചയായി 12 മാസവും വേതനം നൽകിയിട്ടുണ്ട് തൻവർഷം ഇതേ വിഷയത്തിന് പ്രൊജക്ട് നമ്പർ 98/19 (ഹരിതകർമ്മ സേന പ്രവർത്തനം ) പ്രകാരം പ്ലാൻ ഫണ്ടിൽ നിന്നും 995000/-രൂപ (ബിൽ നം 9/18-19 /27.2.19 ) ചെലവഴിച്ചിട്ടുണ്ട് .

സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചായിരിക്കണം താത്കാലിക നിയമനം നടത്തേണ്ടതാണ്. നിലവിൽ, താത്കാലിക നിയമനത്തിനായുള്ള മാനദണ്ഡം ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള കരാർ/ദിവസ വേതന നിയമനക്കാർക്കുള്ള വേതനം നൽകുന്നതിനുള്ള ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. സ.ഉ(അച്ചടി)നം.89/2019/ധന തിയതി 9-7-2019 പ്രകാരം ദിവസ വേതന/കരാർ ജീവനക്കാരുടെ വേതനം പുതുക്കുകയും പുതിയ മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

ആയതനുസരിച്ച് സർക്കാർ അംഗീകൃത തസ്തികകളിൽ അടിയന്തിര ഘട്ടങ്ങളിൽ പരമാവധി 90 ദിവസം വരെയുള്ള ദിവസ വേതന നിയമനം വകുപ്പ് മേധാവിക്ക് നടത്താവുന്നതാണ്. ഈ കാലാവധിക്ക് പുറത്ത് ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അംഗീകൃത തസ്തികകളാണെങ്കിലും സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്.

വേതനം നൽകിയതിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| പേര് തസ്തിക | വേതനം /വൗച്ചർ നം |
|---|---|
| ക്ലീനിങ് സ്റ്റാഫ്<br>1 കുട്ടിയമ്മ | 21800007/2.4.18-17010<br>21800103/2.5.18-17010<br>21800192/1.6.18-17010<br>21800389/2.7.18-17010 |
| 2 പഴിനി സ്വാമി | 21800008/2.4.18-15750<br>21800103/2.5.18-17010<br>21800192/1.6.18-17010<br>21800390/2.7.18-15750 |
| 3 അയ്യപ്പൻ | 21800009/2.4.18 -15710<br>21800103/2.5.18 -17010<br>21800192/1.6.18 -17010<br>21800392/2.7.18 -16350 |
| 4 രാജൻ | 21800010/2.4.18 -17010<br>21800103/2.5.18 -17010<br>21800192/1.6.18 -17010<br>21800393/2.7.18 -8870 |
| 5 പാപ്പ | 21800011/2.4.18 -17010<br>21800103/2.5.18 -17010<br>21800192/1.6.18 -17010<br>21800391/2.7.18 -17010 |
| പമ്പ് ഓപ്പറേറ്റർമാർ<br>1 ജോസ് | 218000017/2.4.18 -19170<br>21800109/2.5.18 -17010<br>21800197/1.6.18 -11070<br>21800398/2.7.18 -18450<br>21800397/1.7.18 -17040 |
| 2 രങ്കരാജ് | 21800018/2.4.18 -18450<br>21800109/2.5.18 -17010<br>21800197/1.6.18 -11070<br>21800399/2.7.18 -18450 |
| 3 വിജയമോഹൻ | 21800019/2.4.18-18410<br>21800109/2.5.18-17010<br>21800197/1.6.18-11070<br>21800400/2.7.18-18450 |
| 4 ലിജോമോൻ | 21800020/2.4.18-18410<br>21800109/2.5.18-17010 |

| | |
|---|---|
| | 21800197/1.6.18-11070<br>21800401/2.7.18-18450 |
| 5 അയ്യപ്പൻ | 21800021/2.4.18-18410<br>21800109/2.5.18-17010<br>21800197/1.6.18-11070<br>21800402/2.7.18-18450 |
| 6 മൂർത്തി | 21800022/2.4.18-18410<br>21800109/2.5.18-17010<br>21800197/1.6.18-11070<br>21800403/2.7.18-18450 |
| ക്ലാർക്ക്<br>1 രമ്യ | 21800014/2.4.18-19850<br>21800106/2.5.18-19170<br>21800196/2.6.18-17750<br>21800396/2.7.18-17040 |
| 2 ലിജി വർഗ്ഗീസ് | 218000015/2.4.18-20575<br>21800107/2.5.18-17640<br>21800195/2.6.18-17750 |
| 3 ശ്രുതി | 21800016/2.4.18-20575<br>21800108/2.5.18-14200<br>21800196/2.6.18-17750<br>21800397/1.7.18-17040 |

ഇത്തരത്തിൽ മാർച്ച് 2019 വരെ വിവിധ തസ്തികകളിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട് .സർക്കാർ ഉത്തരവ് പാലിച്ച് ജീവനക്കാരെ നിയമിക്കാൻ ശ്രദ്ധിക്കേണ്ടതാണ്ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം5/18-19/13.1.2021)ന് മറുപടി ലഭ്യമാക്കിയിട്ടില്ല

1-20 ശമ്പളം പരിഷ്കരിക്കരണ കുടിശ്ശിക പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല

സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും സ.ഉ(അച്ചടി)നം.7/2016/ധന തീയതി- 20-01-2016 പ്രകാരം ഉത്തരവായിരുന്നു. ഉത്തരവിലെ ഖണ്ഡിക 48(1) പ്രകാരം 01/07/2014 പ്രാബല്യത്തിൽ പുതുക്കിയ നിരക്കിലുള്ള ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ധനകാര്യ വകുപ്പിന്റെ 22/3/17-ലെ 16/2017/ഫിൻ നമ്പർ സർക്കുലർ അനുസരിച്ച് 31.1.2016-ൽ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിരുന്നതും 2014 ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിലുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചതുമായ ജീവനക്കാർക്ക് അർഹമായ അടിസ്ഥാന ശമ്പളകുടിശ്ശികയുടെ 15%-ന് തുല്യമായ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. എന്നാൽ ഇതനുസരിച്ചുള്ള പെൻഷൻ കോൺട്രിബ്യൂഷൻ പഞ്ചായത്തിൽ നിന്നും ഒടുക്കിയിട്ടില്ല. കൂടാതെ പങ്കാളിത്ത പെൻഷൻ പദ്ധതിയിലുൾപ്പെട്ട ജീവനക്കാരുടെ ഫെബ്രുവരി 2016 മുതൽ പുതിയ നിരക്കിലുള്ള പെൻഷൻ വിഹിതം അടവാക്കേണ്ടതാണ് എന്നുമാണ് ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളത്.

തൻവർഷം 05/2018, 10/2018 മാസങ്ങളിലായി വിവിധ ബില്ലുകളിലായി ശമ്പള പരിഷ്കരണ കുടിശ്ശികയുടെ 3, 4 ഗഡുക്കൾ പിൻവലിച്ച് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം. | തിയ്യതി | തുക |
|---|---|---|---|
| 1 | 21800243 | 12-06-2018 | 111961 |
| 2 | 21800244 | 12.6.2018 | 40223 |

തനതു ഫണ്ട് ചെലവു രേഖകളുടെ പരിശോധനയിൽ മേൽ പട്ടികയിലെ ശമ്പള പരിഷ്കരണ കുടിശ്ശികയ്ക്കാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ വിഹിതം സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടില്ല എന്നു ബോധ്യപ്പെട്ടു.

വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണം നം.8/18-19/15.1.2021 ന്റെ മറുപടിയിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-21 തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജ് -സംയുക്ത പരിശോധന നടത്തണം

തെരുവ് വിളക്ക് വൈദ്യുത ചാർജ്ജ് ഇനത്തിൽ പ്രതിമാസം 130000/- രൂപ KSEB യ്ക്ക് നൽകിവരുന്നു .പഞ്ചായത്ത് 18-19 വാർഷിക റിപ്പോർട്ട് പ്രകാരം താഴെപ്പറയുന്നവ മാത്രമാണ് പഞ്ചായത്തിന് 21 വാർഡുകളിലായി തെരുവ് വിളക്ക് ഇനത്തിൽ ഉള്ളത്

| | |
|---|---|
| സാധാരണ ബൾബ് -71 എണ്ണം | സി.എഫ് എൽ -0 |
| എൽ.ഇ.ഡി -207 | ഫ്ലൂറസെൻറ് -127 |

അപാകതകൾ

1.നിലവിൽ സാധാരണ ബൾബുകൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതായി കാണുന്നില്ല

2.മാറ്റി സ്ഥാപിക്കുന്ന ലൈറ്റുകളുടെ കാര്യത്തിൽ പഴയ ലൈറ്റുകളുടെ ചാർജ്ജ് കുറവ് ചെയ്യുന്നത് കാണുന്നില്ല

3 പഞ്ചായത്ത് കാലങ്ങളായി സംയുക്ത പരിശോധന നടത്തിയതായി രേഖകൾ ഇല്ല

4. വൈദ്യുത ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ അപൂർണ്ണമാണ്

5.KSEB ഡിമാൻറ് നോട്ടീസ് നൽകിയതായികാണുന്നില്ല (ബില്ല് മാത്രം )

സംയുക്ത പരിശോധന നടത്തുന്ന കാര്യത്തിൽ പഞ്ചായത്തിന്റെ അഭിപ്രായം അറിയിക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് അന്വോഷണത്തിന് (നം 7/18-19/13.1.2021 ) മറുപടി ലഭ്യമാക്കിയിട്ടില്ല

സംയുക്ത പരിശോധന നടത്തി യഥാർത്ഥ ഉപകരണങ്ങളുടെ അടിസ്ഥാനത്തിൽ വൈദ്യുതി ചാർജ്ജ് കണക്കാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

1-22 കിടപ്പ് രോഗികൾക്ക് ടേബിൾഫാൻ-അപാകതകൾ

നിർവ്വഹണം അസി.സെക്രട്ടറി

| പ്രൊജക്ട് നം/പേര് | അടങ്കൽ | ചെലവ് |
|---|---|---|
| പ്രൊജക്ട് -(!)24/19-കിടപ്പ് രോഗികൾക്ക് ടോബിൾഫാൻ (എസ്.സി.പി )<br>ബിൽ -4/18-19/22.2.19<br>(34 എണ്ണം @2940 ) | 100000 | 99960 |
| (2) 25/19കിടപ്പ് രോഗികൾക്ക് ടേബിൾ ഫാൻ ( ടി.എസ്.പി )<br>ബിൽ-3/18-19/22.2.19<br>(6 എണ്ണം @2940 ) | 20000 | 17640 |

അപാകതകൾ

1 ഫാൻ വിതരണത്തിന് പ്രത്യേകം പ്രൊജക്ട് വച്ച് നിർവ്വഹണം നടത്തുന്നതിന്ന് മാർഗ്ഗരേഖ നിർദ്ദശം (സർക്കാർ ഉത്തരവ് (സാധാ) നം.553/2019/തസ്വഭവ/7.3.2019 നിർദ്ദശത്തിൽ ഇത്തരത്തിലുള്ള ധനസഹായം നിർദ്ദേശിക്കപ്പെട്ടിട്ടില്ല.

2 പാലിയേറ്റീവ് പദ്ധതിയിൽ പെട്ടതാണെങ്കിൽ മെഡിക്കൽ ഓഫീസറുടെ ശുപാർശ വിവരം ലഭ്യമാക്കിയിട്ടില്ല

3 ഗുണഭോക്തൃ ലിസ്റ്റ് അംഗീകാരം സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 32/18-19/18.1.20121 )മറുപടി ലഭ്യമാക്കിയിട്ടില്ല തുക തടസ്സപ്പെടുത്തുന്നു

1-23 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ട പ്രകാരം പഞ്ചായത്തിൽ നാളിതുവരെ ദുരിതാശ്വാസ നിധി രൂപീകരിച്ചതായി കാണുന്നില്ല. ഓഡിറ്റ് അന്വേഷണം നം. 4/12.01.2021 നുള്ള മറുപടിയിൽ അടുത്ത പഞ്ചായത്ത് ഭരണ സമിതി യോഗത്തിൽ വിഷയം ചർച്ച ചെയ്ത് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ചട്ട പ്രകാരം ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഭരണ സമിതിയുടെയും പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

1-24 കുടിവെള്ളപദ്ധതിക്ക് മോട്ടോർ റിപ്പയർ- അപാകതകൾ

| | |
|---|---|
| വൗച്ചർ നം 21800094/2.5.2018 | ചെലവ് -159900/- തനത് ഫണ്ട് |
| നിർവ്വഹണം- സെക്രട്ടറി | അഗളികുടിവെള്ളപദ്ധതിക്ക് മോട്ടോർ റിപ്പയർ |

അപാകതകൾ

1. പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല (10000/-രൂപയ്ക്ക് മുകളിൽ പ്രൊജക്ട് തയ്യാറാക്കണം)
2. എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല
3.എൻജിനിയറുടെ വാല്വേഷൻ ഇല്ല
4.ചെലവ് അംഗീകാരം (പഞ്ചായത്ത് തീരുമാനം) ഇല്ല
5.ടെൻണ്ടർ പരസ്യം (പത്രം )ലഭ്യമാക്കിയിട്ടില്ല
6.പ്രൊക്യൂർമെൻറ് കമ്മറ്റി തീരുമാനം ഇല്ല
7.മോണിട്ടറിങ് റിപ്പോർട്ട് ഇല്ല
8.പഴയ മോട്ടോർ തിരിച്ചേൽപ്പിച്ച് സ്റ്റോക്കിൽ എടുത്തിട്ടില്ല (ബില്ല് പ്രകാരം പുതിയ മോട്ടാർ ആണ് സ്ഥാപിച്ചിട്ടുള്ളത് )

തുക തടസ്സപ്പെടുത്തുന്നു

ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വോഷണത്തിന് (നം 6/18-19 /13/1/2021) മറുപടി ലഭ്യമാക്കിയിട്ടില്ല

1-25 വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

പഞ്ചായത്തിന്റെ 2018-19 വാർഷിക ധനകാര്യ പത്രികയിലെ (ബാലൻഷീറ്റ് B-15) വിവരങ്ങൾ പ്രകാരം വസ്തു നികുതി ഇനത്തിൽ ആകെ 4816763/- രൂപ (തൻവർഷ കുടിശ്ശിക 1239799/- രൂപ, മുൻവർഷങ്ങളിലെ

കുടിശ്ശിക 3576964/- രൂപ) പഞ്ചായത്ത് പിരിച്ചെടുക്കാൻ ബാക്കിയുള്ളതായി കാണുന്നു. നിലവിലെ വസ്തു നികുതി കുടിശ്ശിക വിവരം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 03/12.01.2021) താഴെ പറയും പ്രകാരമുള്ള കുടിശ്ശിക നിലനിൽക്കുന്നതായി അറിയിച്ചിട്ടുണ്ട്.

| ബാക്കി നിലനിൽക്കുന്ന കുടിശ്ശിക | |
|---|---|
| തൻവർഷം | മുൻവർഷം |
| 2156093 | 2683892 |

വസ്തു നികുതി കുടിശ്ശിക ഈടാക്കുവാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-26 പദ്ധതി നിർവ്വഹണം കാര്യക്ഷമമല്ല -48723179 പദ്ധതി നിർവഹണം കാര്യക്ഷമമല്ല-18853806/രൂപ ലാപ്സാക്കി /-രൂപ ലാപ്സാക്കി

2018-19 ലെ വിവിധ പദ്ധതിവിഹിതം ഉപയോഗപ്പെടുത്തി തയ്യാറാക്കിയിട്ടുള്ള പ്രൊജക്റ്റുകൾ പല നിർവ്വഹണോദ്യോഗസ്ഥരുടെ പ്രവർത്തനവും മോണിട്ടറിങിൻെറ അപര്യാപ്തതയും കാരണം കാര്യക്ഷമമായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല .വിശദവിവരം ചുവടെ (എ.സി.ആർ പ്രകാരമുള്ള കണക്ക് )

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | 0 | 43067282 | 43067282 | 39175687 | 3891595 |
| വികസന ഫണ്ട് എസ്.സി.പി | 0 | 3695000 | 3695000 | 2757559 | 937441 |
| വികസന ഫണ്ട് ടി.എസ്.പി | 0 | 24252000 | 24252000 | 18108095 | 6143905 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 22411000 | 22411000 | 22401693 | 9307 |

| | | | | | |
|---|---|---|---|---|---|
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 6248000 | 6248000 | 5725086 | 522914 |
| സെൻട്രൽ ഫിനാനൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 23112138 | 23112138 | 15763494 | 7348644 |
| ആകെ | 0 | 122785420 | 122785420 | 103931614 | 18853806 |

ഉത്പാദന മേഖലയ്ക്ക് ഊന്നൽ നിൽകാൻ സർക്കാർ നിർദ്ദശം അവഗണിച്ച് തൻവർഷം കൃഷി ഓഫിസർക്ക് ഒരു പ്രൊജക്റ്റുപോലും തയ്യാറാക്കി നിർവ്വഹണം നടത്താത്തത് വിശദീകരിക്കപ്പെട്ടിട്ടില്ല

തൻവർഷം പദ്ധതി വിഹിതം മാത്രം ചെലവഴിക്കപ്പെടാതെ 18853806/-രൂപ ലാപ്സാക്കി. ആഭ്യന്തര നിയന്ത്രണവും മോണിട്ടറിങ്ങും കാര്യക്ഷമമാക്കേണ്ടതാണ്

1-27 വെള്ളക്കരം - കുടിശ്ശിക തുക ഈടാക്കുവാനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്

അഗളി ഗ്രാമപഞ്ചായത്ത് പരിധിയിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനായി പഞ്ചായത്ത് നേരിട്ട് 2 കുടിവെള്ള പദ്ധതികൾ നടത്തി വരുന്നു.

| ക്രമ നം. | കുടിവെള്ള പദ്ധതിയുടെ പേര് |
|---|---|
| 1 | ഉമ്പപ്പാറ |
| 2 | പട്ടിമാളം |

ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷിക ധനകാര്യ പത്രികയിലെ വിവരങ്ങൾ പ്രകാരം വെള്ളക്കരം ഇനത്തിൽ ആകെ 5919500/- രൂപ (തൻവർഷ കുടിശ്ശിക 1151550/- രൂപ, മുൻവർഷങ്ങളിലെ കുടിശ്ശിക 4767950/- രൂപ) ഗ്രാമപഞ്ചായത്ത് പിരിച്ചെടുക്കാൻ ബാക്കിയുള്ളതായി കാണുന്നു.

വെള്ളക്കരവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ, കുടിശ്ശിക ഈടാക്കിയതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 02/12.01.2021) മറുപടി പ്രകാരം മേൽ കുടിവെള്ള പദ്ധതികളിലായി നിലവിൽ ആകെ 1521 ഉണഭോക്താക്കൾ (ഗാർഹികം - 1386, ഗാർഹികേതരം - 135) ഉണ്ടെന്നും പ്രതിമാസ വെള്ളക്കരമായി ഗാർഹികാവശ്യത്തിന് 100/- രൂപയും ഗാർഹികേതരാവശ്യത്തിന് 200/- രൂപ, 300/- രൂപ, 500/- രൂപ, 1000/- രൂപ എന്നീ സ്ലാബുകൾ നിശ്ചയിച്ചിട്ടുള്ളതായും നിലവിൽ വെള്ളക്കരം ഇനത്തിൽ 3095502/- രൂപ കുടിശ്ശികയുള്ളതായും വാട്ടർ

ചാർജ്ജ് കണക്ഷനുകൾക്ക് മീറ്ററിങ് ഏർപ്പെടുത്തിയിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ വാട്ടർ ചാർജ്ജ് കണക്ഷനുകൾക്ക് മീറ്ററിങ് ഏർപ്പെടുത്തേണ്ടതും കുടിശ്ശികയുള്ള ഗുണഭോക്താക്കളിൽ നിന്നും ആയത് അടിയന്തിരമായി ഈടാക്കുവാനുമുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ആയതിലേക്ക് കൗൺസിലിന്റെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-28 ലേലം - രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

21.3.2018 ലെ ലേല പരസ്യം നം. എ10-2752/18 പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന വസ്തുക്കൾ/സേവനങ്ങൾ 28.3.2018 ന് ലേലം നടത്താൻ തീരുമാനിച്ചിരുന്നു.

1. കോട്ടത്തറ മാർക്കറ്റ് ഗേറ്റ് ഫീ പിരിക്കുന്നതിനുള്ള അവകാശം

2. ഗുളിക്കടവ് കംഫർട്ട് സ്റ്റേഷൻ നടത്തിപ്പിനുള്ള അവകാശം

3. രാജഗിരി, ഒമ്മല, കള്ളമല എന്നീ ബസ്സ് കാത്തിരിപ്പ് സ്ഥലങ്ങളിലെ ഒഴിവുള്ള കടമുറികൾ വാടകയ്ക്ക് കിട്ടുന്നതിനുള്ള അവകാശം

എന്നാൽ ലേലത്തിൽ കോട്ടത്തറ മാർക്കറ്റ് ഗേറ്റ് ഫീ പിരിക്കുന്നതിനുള്ള അവകാശം മാത്രമാണ് ലേലം നടന്നിട്ടുള്ളത്.

ലേലം - രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ) ഗുളിക്കടവ് കംഫർട്ട് സ്റ്റേഷൻ നടത്തിപ്പിനുള്ള അവകാശം, രാജഗിരി, ഒമ്മല, കള്ളമല എന്നീ ബസ്സ് കാത്തിരിപ്പ് സ്ഥലങ്ങളിലെ ഒഴിവുള്ള കടമുറികൾ വാടകയ്ക്ക് കിട്ടുന്നതിനുള്ള അവകാശം എന്നിവയുടെ ലേലം നടക്കാത്തതിനാൽ വേണ്ട വിധത്തിലുള്ള ലേല പരസ്യം നൽകി, ആയവ പുനർലേലം ചെയ്ത് നൽകുവാനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഇതുമൂലം ടി വസ്തു വകകളിന്മേൽ ലഭിക്കേണ്ടിയിരുന്ന വരവ് പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ആയതിനാൽ വേണ്ട വിധത്തിലുള്ള ലേല പരസ്യം നൽകി, ആയവ പുനർലേലം ചെയ്ത് നൽകുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടത്തിലെ ചട്ടം 8(2)(1) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഫോറം IV ന്റെ മാതൃകയിലല്ല കരാർ ചമച്ചിട്ടുള്ളത്. ചട്ട പ്രകാരമുള്ള മാതൃകയിൽ കരാർ ചമക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

സി) കോട്ടത്തറ മാർക്കറ്റ് ഗേറ്റ് ഫീ പിരിക്കുന്നതിനുള്ള അവകാശത്തിന്മേലുള്ള ലേല തുകയിൽ (138000/- രൂപ) നിന്നും ചരക്ക് സേവന നികുതി ഈടാക്കിയിട്ടില്ല. ചട്ട പ്രകാരമുള്ള ചരക്ക് സേവന നികുതി ഈടാക്കി സർക്കാരിലേക്ക് ഒടുക്ക് വരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഡി) ബാലൻ ഷീറ്റ് പ്രകാരം Receivable towards market receipt (arrear) ഇനത്തിൽ 158500/- രൂപ ലഭിക്കുവാനുള്ളതായി കാണുന്നു. ആയത് ഈടാക്കുവാനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.24/13.01.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-29 തനത് ഫണ്ട് അക്കൗണ്ട് - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ തനത് ഫണ്ട് അക്കൗണ്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | അക്കൗണ്ട് നം., ബാങ്കിന്റെ പേര് | റിമാർക്ക്സ് |
|---|---|---|
| 1 | 16044384058, എസ്.ബി.ഐ. | ബാലൻസ് ഷീറ്റ് (ബി-17) പ്രകാരം 31.03.2019 ലെ നീക്കിയിരിപ്പ് 3742681/- രൂപ |
| 2 | 8849, കാനറ ബാങ്ക് | ബാലൻസ് ഷീറ്റ് (ബി-17) പ്രകാരം |

| | | |
|---|---|---|
| | | 31.03.2019 ലെ നീക്കിയിരിപ്പ് 26701/- രൂപ |
| 3 | 102100010001712, ഷോളയൂർ സർവ്വീസ് കോ. ബാങ്ക് | ബാലൻസ് ഷീറ്റ് (ബി-17) പ്രകാരം 31.03.2019 ലെ നീക്കിയിരിപ്പ് 5265176/- രൂപ |

തനത് വരുമാനം നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ അഭികാമ്യമല്ലെന്നും തനത് വരുമാനം ട്രഷറി അക്കൗണ്ടിനു പുറമേ ഒരു ദേശസാൽകൃത / സഹകരണ ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട് (26.05.2011 ലെ സർക്കുലർ നം. 58725/എഫ്.എം.3/2008/തസ്വഭവ). നിലവിൽ കാനറ ബാങ്കിലെ തനത് ഫണ്ട് അക്കൗണ്ടിൽ യാതൊരു ഇടപാടുകളും നടക്കുന്നതായി കാണുന്നില്ല. ആയതിനാൽ ടി അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-30 പാലിന് സബ്സിഡി- നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 47, 235(സ്പിൽ ഓവർ) |
| പ്രൊജക്റ്റിന്റെ പേര് | ക്ഷീരസംഘത്തിൽ അളക്കുന്ന പാലിന് സബ്സിഡി |
| അടങ്കൽ<br>ചെലവ് | 10,00,000/-(new) 14,00,000/-(so)<br>9,04,188/- 14,00,000/- |
| ബിൽ നം | 1,22-5-18<br>2,6-3-19<br>3 മുതൽ13 വരെ 21-3-19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |

ഈ പ്രൊജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

എ)വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല.

2018-19 സാമ്പത്തിക വർഷത്തിൽ ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് 1 ലിറ്റർ പാലിന് 3 രൂപ നിരക്കിൽ സബ്സിഡി നൽകുന്ന മേൽ പ്രൊജക്ട് പ്രകാരം, പഞ്ചായത്ത് പരിധിയിലെ താഴെ പറയുന്ന ക്ഷീരോല്പാദക സഹകരണ സംഘങ്ങളിലെ ക്ഷീരകർഷകർക്ക് സബ്സിഡി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ക്ഷീരോല്പാദന സഹകരണ സംഘത്തിന്റെ പേര് | കർഷകരുടെ എണ്ണം |
|---|---|---|
| 1 | അഗളി | 201 |
| 2 | അട്ടപ്പാടി | 71 |
| 3 | ചിറ്റൂർ | 24 |
| 4 | കള്ളമല | 56 |
| 5 | കണ്ടിയൂർ | 38 |
| 6 | കുറവൻപാടി | 24 |
| 7 | മൂച്ചിക്കടവ് | 3 |

| | | |
|---|---|---|
| 8 | മുക്കാലി | 64 |
| 9 | പള്ളിയറ | 57 |
| 10 | താവളം | 159 |
| 11 | മുണ്ടൻപാറ | 269 |

എന്നാൽ വിവിധ ക്ഷീര സംഘങ്ങളിലെ പാൽ വിതരണം ചെയ്തതിന്റെ രേഖകൾ, രജിസ്റ്ററുകൾ, ക്ഷീര സംഘങ്ങളിലെ സെക്രട്ടറിമാർ നൽകിയ ലിസ്റ്റ് എന്നിവ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുവാനായി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം-13(13-1-21) ന് മറുപടി ലഭ്യമാക്കിയിട്ടില്ല.പാൽ വിതരണം ചെയ്തതിന്റെ രേഖകൾ, രജിസ്റ്ററുകൾ, ക്ഷീര സംഘങ്ങളിലെ സെക്രട്ടറിമാർനൽകിയ ലിസ്റ്റ് എന്നിവ ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 23,04,188/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

ബി)കൂടുതൽ മാസങ്ങളിലെ പാലളവിനുള്ള സബ്സിഡി ലഭ്യമാകുന്ന രീതിയിൽ പ്രോജക്റ്റ് തയ്യാറാക്കാവുന്നതാണ്.

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ സ.ഉ( കൈ) 22/18 ത.സ്വ.ഭ.വ , തീയ്യതി 14.2.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖപ്രകാരം ഒരു ലിറ്റർ പാലിന് ഡിപ്പാർട്ട്മെന്റ് സബ്സിഡി ഉൾപ്പെടെ പരമാവധി 4രൂപ നിരക്കിൽ ഒരു കർഷകന് നൽകാവുന്നതാണ്. എന്നാൽ പാലിന് സബ്സിഡി പദ്ധതി പ്രകാരം അഗളി ഗ്രാമ പഞ്ചായത്തിൽ 2018ഏപ്രിൽ മുതൽ ജൂൺ വരെയുള്ള 3 മാസങ്ങളിലേക്ക് മാത്രമാണ് സബ്സിഡി നൽകിയിട്ടുള്ളത്. 2018 ജൂലൈ മുതൽ 2019 മാർച്ച് വരെയുള്ള കാലയളവിൽ അളന്ന പാലിനുള്ള ആനുകൂല്യം കർഷകന് ലഭ്യമായിട്ടില്ല. കർഷകർക്ക് സാമ്പത്തിക വർഷം മുഴുവനായോ കൂടുതൽ മാസങ്ങളിലേയോ പാലളവിന് സബ്സിഡി ലഭ്യമാകുന്ന രീതിയിൽ പ്രോജക്റ്റ് തയ്യാറാക്കുന്നതിലേക്കായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

സി)ചട്ടപ്രകാരമുള്ള ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം നിർവഹണ ഉദ്യോഗസ്ഥർ ടി.ആർ-7എ കാഷ്ബുക്കിൽ എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വരവു ചെലവു വിവരം രേഖപ്പെടുത്തണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഡയറി ഫാം ഇൻസ്ട്രക്ടർ ചട്ടപ്രകാരമുള്ള ക്യാഷ് ബുക്കിൽ അല്ല രേഖപ്പെടുത്തലുകൾ വരുത്തുന്നത് . മേൽ അപാകത പരിഹരിക്കേണ്ടതാണ്.

ഡി)വാർഷിക വരുമാനം പരിശോധിച്ച് ഉറപ്പ് വരുത്തി ആനുകൂല്യം നൽകേണ്ടതാണ്.

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ സ.ഉ( കൈ) 22/18 ത.സ്വ.ഭ.വ , തീയ്യതി 14.2.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖ ഖണ്ഡിക 2.12.2 പ്രകാരം ക്ഷീരവികസന മേഖലയിൽ കുടുംബ വാർഷിക വരുമാനം 5 ലക്ഷം രൂപ വരെയുള്ളവർക്കാണ് ആനുകൂല്യം നൽകേണ്ടത്.ഭാവിയിൽ പദ്ധതി നിർവ്വഹണം നടത്തുമ്പോൾ മേൽവിഷയം ഉറപ്പ് വരുത്തേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.ടി ആർ 7 എ മാതൃകയിലുള്ള ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതാണ്.

2.കർഷകർക്ക് സാമ്പത്തിക വർഷം മുഴുവനായോ കൂടുതൽ മാസങ്ങളിലേയോ പാലളവിന് സബ്സിഡി ലഭ്യമാകുന്ന രീതിയിൽ പ്രോജക്റ്റ് തയ്യാറാക്കാവുന്നതാണ്.

3.ആനുകൂല്യം നൽകുമ്പോൾ വാർഷിക വരുമാനം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

4.ഉപഖണ്ഡിക (എ)) പ്രകാരം ഹാജരാക്കാത്ത രേഖകൾ ഹാജരാക്കേണ്ടതാണ്.

1-31 രശീതി പിരിവിലെ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

24.05.2017 ലെ സ.ഉ(സാധാ)നം 1699/2017/തസ്വഭവ പ്രകാരം അംഗീകരിച്ച തദ്ദേശ സർക്കാർ സ്ഥാപനങ്ങൾക്കുള്ള ഓഫീസ് മാനേജ്മെന്റ് മാന്വലിൽ ഇ ഗവേർണൻസിൽ ഉൾപ്പെടെ സേവനങ്ങളുടെ സുതാര്യതയും കൃത്യതയും ഉറപ്പാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കിയിട്ടുണ്ട്. സ.ഉ (എം.എസ്) നം.150/2009/തസ്വഭവ തിയതി 1.8.2009 പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരവും പണം കൈകാര്യം ചെയ്യുവാൻ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ അക്കൗണ്ടന്റിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കേണ്ടതും രസീതികൾ കൈകാര്യം ചെയ്യുന്നതിൽ അപാകതകൾ ഇല്ലെന്ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതുമാണ്. മാന്വൽ രശീതികൾ, സാംഖ്യ രശീതികളുടെ കൗണ്ടർ ഫോയിൽ, ക്യാൻസൽ ചെയ്ത രശീതികളുടെ സ്റ്റേറ്റ്മെന്റ്, ഇന്ററപ്റ്റഡ് രശീതി വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. സാംഖ്യാ കാഷ് രസീതി നം. 7398000 ഉപയോഗിക്കാതെ/ക്യാൻസൽ ചെയ്യാതെ സ്റ്റോക്ക് രജിസ്റ്ററിൽ സൂക്ഷിച്ചിരിക്കുന്നു.

2. രസീതി ബുക്ക് നം. 57339 ലെ 49 രസീതികൾ 2018-19 സാമ്പത്തിക വർഷത്തിൽ ഉപയോഗിച്ചിട്ടുണ്ട്. ബാക്കിയുള്ള രസീതികൾ (50-100) സാമ്പത്തിക വർഷാവസാനം ക്യാൻസൽ ചെയ്തിട്ടില്ല.

3. അസി.എഞ്ചിനീയർക്ക് അനുവദിച്ച 57349 നമ്പർ രസീതി ബുക്കിലെ 22/57349, 46/57349, 69/57349 രശീതികളിൽ കെടിസി വാല്യം 1ആർട്ടിക്കിൽ 90 എ പ്രകാരം പകർപ്പ് പാർട്ടിക്ക് നൽകി അസ്സൽ സൂക്ഷിക്കേണ്ടതിനു പകരം അസ്സൽ രശീതി വ്യക്തികൾക്ക് നൽകി പകർപ്പാണ് സൂക്ഷിച്ചിരിക്കുന്നത്. 70/57349 ക്യാൻസൽ ചെയ്തിട്ടുണ്ടങ്കിലും കാരണം രേഖപ്പെടുത്തുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

കൃഷി ഓഫീസർക്ക് 14.09.2020 ന് നം. 59825 മുതൽ 59834 വരെയുള്ള 10 രസീതി ബുക്കുകൾ വിവിധ പ്രൊജക്ടുകളുടെ ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിനായി നൽകിയിട്ടുണ്ട്. ഇവയുടെ പരിശോധനയിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തി

1. കളക്ഷൻ രജിസ്റ്ററിലെ പേജ് നം. 68 മുതൽ 72 വരെയുള്ള ആകെ തുക 50500/- രൂപയാണ്. എന്നാൽ ഒടുക്ക് വരുത്തിയത് 50000/- രൂപയാണ് (രസീതി നം. 120010101985/14.09.2020).കുറവായി അടച്ച500/-രൂപ പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്.

2. ഏലിയാമ്മ കുളത്തുംകരയിൽ, പാക്കുളം എന്ന ഗുണഭോക്താവിൽ നിന്നും രസീതി നം. 76/59825 /14.09.2020 പ്രകാരം പിരിച്ച തുക മറയുന്ന വിധത്തിൽ വെള്ള പേപ്പർ ഒട്ടിച്ച് അതിൽ പുതിയ തുകയായ 125/- രൂപ എഴുതിയിരിക്കുന്നു.

3. ക്യാൻസൽ ചെയ്തിട്ടുള്ള താഴെ പറയുന്ന രസീതികളിൽ കാരണം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

86/59825, 7/59833, 66/59829, 56/59833

4. രാജശ്രീ, ഉളിക്കടവ് എന്ന ഗുണഭോക്താവിൽ നിന്നും രസീതി നം. 40/59833/14.09.2020 പ്രകാരം പിരിച്ച 500/- രൂപ വെട്ടി 375/- രൂപ എന്നാക്കിയിരിക്കുന്നു. ഈ രസീതിയിൽ ഡബിൾ സൈഡ് കാർബൺ പേപ്പർ ഉപയോഗിച്ചിട്ടില്ല.

5. ഡബിൾ സൈഡ് കാർബൺ പേപ്പർ ഉപയോഗിക്കാതെ താഴെ പറയുന്ന രസീതികളിൽ രേഖപ്പെടുത്തലുകൾ വരുത്തിയിരിക്കുന്നു.

40/59833/14.09.2020, 41/59833/14.09.2020, 42/59833/14.09.2020

6. 14.09.2020 ന് നം. 59825 മുതൽ 59834 വരെയുള്ള 10 രസീതി ബുക്കുകൾ ഗ്രാമപഞ്ചായത്ത്

സെക്രട്ടറിയിൽ നിന്നും കൈപ്പറ്റുകയും അന്ന് തന്നെ എല്ലാ രസീതി ബുക്കുകളും ഉപയോഗിച്ച് വിവിധ പ്രൊജക്ടുകളുടെ ഗുണഭോക്തൃ വിഹിതം പിരിക്കുകയും അതേ ദിവസം തന്നെ ഒടുക്കുവരുത്തുകയും ചെയ്തിരിക്കുന്നു.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 01/12.1.2021, 39/19.1.2021 മറുപടി ലഭ്യമാക്കിയിട്ടില്ല.

ഭാവിയിൽ മേൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ മാന്വൽ / സാംഖ്യ രശീതികളുടെ ഉപയോഗത്തിൽ കൃത്യത പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. രസീതികൾ കൃത്യമായി കൈകാര്യം ചെയ്യുന്നുണ്ടെന്ന് മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതാണ്.
തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-32 ഗ്രന്ഥശാലയുടെ പ്രവർത്തനം മെച്ചപ്പെടുത്തണം

ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള കൽക്കണ്ടി സാംസ്കാരിക നിലയം - ലൈബ്രറി, ഗ്രാമപഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ലൈബ്രറി എന്നിവയിൽ നിന്നും 2018-19 വർഷം RP-10 Other Income , 180800104 Receipts from Libraries എന്ന ശീർഷകത്തിൽ 12090/- രൂപ വരവുണ്ട്. സ.ഉ (ആർ.ടി) 1699/2017/ത.സ്വ.ഭ.വ തീയതി 24.5.17 പ്രകാരം പ്രാബല്യത്തിൽ വന്ന "ഓഫീസ് മാനേജ്മെന്റ് മാന്വൽ ഫോർ ലോക്കൽ ഗവർമെന്റ് ഇൻസ്റ്റിറ്റ്യൂഷൻസ് " ഖണ്ഡിക 6.5.9 പ്രകാരം താഴെ പറയുന്ന ചുമതലകൾ ലൈബ്രേറിയന്മാരിൽ നിക്ഷിപ്തമാണ്.
1. ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ബൈലോ അനുസരിച്ച് ലൈബ്രറിയുടെ പ്രവർത്തനങ്ങൾ നടത്തുക.
2. ലൈബ്രറിയുമായി ബന്ധപ്പെട്ട താഴെ പറയുന്ന രജിസ്റ്ററുകളും ഫയലുകളും പരിപാലിക്കുക.
i) പുസ്തകങ്ങളുടെയും മറ്റ് ആനുകാലികങ്ങളുടെയും സൂക്ഷിപ്പും വിതരണവും. അംഗത്വ രജിസ്റ്റർ, ബുക്ക് ഇഷ്യൂ രജിസ്റ്റർ, പത്രങ്ങളുടെയും ആനുകാലികങ്ങളുടെയും രജിസ്റ്റർ, ലൈബ്രറി
പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ കാലികമാക്കുക. ഓരോ പാദ വർഷത്തിലും പരിശോധന നടത്തുക.
ii) അംഗത്വം നൽകൽ, പുതുക്കൽ, പുസ്തകങ്ങളുടെ വിതരണം, പുസ്തകങ്ങളുടെ തിരിച്ചുവാങ്ങൽ മുതലായ കാര്യങ്ങളിൽ സമയബന്ധിതമായി നടപടിയെടുക്കുക,
iii) ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ അംഗീകാരത്തോടെ പഴയ വാർത്താ പത്രങ്ങളും ആനുകാലികങ്ങളും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക.

iv) പതിവ് സന്ദർശകരിൽ നിന്നും പുസ്തകം / ആനുകാലികങ്ങളുടെ ആവശ്യകതയെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച്, അത്തരം പുസ്തകങ്ങളുടെ / ആനുകാലികങ്ങളുടെ പട്ടിക ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തുക.

v) പാർട്ട് ടൈം ലൈബ്രേറിയൻമാരുടെ ജോലി സമയമായ - ഉച്ചകഴിഞ്ഞ് 3.30 മുതൽ വൈകുന്നേരം 7.30 വരെയുള്ള സമയങ്ങളിൽ ലൈബ്രേറി പ്രവർത്തിപ്പിക്കുക.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. കേരള ഗ്രന്ഥശാല സംഘത്തിന്റെ അഫിലിയേഷൻ നേടുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ഗ്രന്ഥശാലക്ക് ബൈലോ തയ്യാറാക്കി അംഗീകാരം നേടുകയും, ഗ്രന്ഥശാല കമ്മിറ്റി രൂപീകരിക്കേണ്ടതുമാണ്.

3. "ഓഫീസ് മാനേജ്മെന്റ് മാന്വൽ ഫോർ ലോക്കൽ ഗവർമെന്റ് ഇൻസ്റ്റിറ്റ്യൂഷൻസ് " ഖണ്ഡിക 6.5.9 ലെ നിർദ്ദേശങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ഗ്രന്ഥശാലയുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതും, ഗ്രന്ഥശാലയിലെ വരവുകൾ നിരീക്ഷിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-33 മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി

| | |
|---|---|
| പ്രൊജക്ട്. നം | 59/19 |
| പ്രൊജക്റ്റിന്റെ പേര് | എൽ പി സ്കൂൾ വിദ്യാർത്ഥികൾക്ക് കുട |
| അടങ്കൽ | 525000/- ((വികസന ഫണ്ട്)പൊതുവിഭാഗം |
| ചെലവ് | 514200/-<br><br>(ബിൽ നം-2തീയതി 30-7-18, രൂ 400000+ബിൽ നം-4തീയതി 19-1-19, രൂ 114200) |
| നിർവഹണോദ്യോഗസ്ഥ | ഹെഡ് മിസ്ട്രസ്സ്, ജി എൽ പി എസ്, അഗളി |

–സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 ഖണ്ഡിക 5.5 പ്രകാരം പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഒഴികെ കുട വിതരണം ചെയ്യുന്നതിന് സബ്സിഡി നൽകുന്നതിൽ നിയന്ത്രണം വരുത്തിയിട്ടുണ്ട് പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മാത്രമാണ് കുട വിതരണം ചെയ്യിട്ടുള്ളത് എങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥയായി നടത്തിയിട്ടുള്ള 2018-19 വർഷം ഹെഡ് മിസ്ട്രസ്സ് നടത്തിയ പ്രൊജക്ട്. നം – 59/19 എൽ പി സ്കൂൾ വിദ്യാർത്ഥികൾക്ക് കുട വിതരണം പദ്ധതി(118/19)യിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

1)സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി

പതിമൂന്നാം പഞ്ചവത്സര പദ്ധതി - സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗ രേഖ സ.ഉ (കൈ) 22/10 ത.സ്വ.ഭ.വ, തീയ്യതി. 14.2.18 ഖണ്ഡിക 2- പൊതു നിബന്ധനകൾ , ഉപഖണ്ഡിക 2.2., 2.3 എന്നിവയനുസരിച്ച് , ഈ മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത പ്രൊജക്ടുകൾക്ക് തുക ചെലവഴിക്കുന്നതിനു മുമ്പ് സർക്കാറിൽ നിന്നും മുൻകൂർ അനുമതി വാങ്ങേണ്ടതുണ്ട്. ഇങ്ങനെ അനുമതി വാങ്ങാത്ത ചെലവുകൾ പൊതു ഫണ്ടിന്റെ ദുരുപയോഗമായി കണക്കാക്കുന്നതാണെന്നും പ്രതിപാദിച്ചിട്ടുണ്ട്. സർക്കാർ അനുമതിയില്ലാതെ വികസന ഫണ്ട് ഉപയോഗിച്ച് പട്ടിക വർഗ്ഗ വിദ്യാർത്ഥികൾ അല്ലാത്ത വിദ്യാർത്ഥികൾക്ക് കുട വിതരണം നടത്തുന്ന പ്രൊജക്റ്റ് മാർഗ്ഗരേഖക്ക് വിരുദ്ധമാണ്. വീശദീകരണം നൽകുവാനായി ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം 26,തീയതി 13-1-21 ന് മറുപടിയായി സർക്കാർ സാധൂകരണം ലഭ്യമാകുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്.

2) ക്വട്ടേഷൻ/ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 ഖണ്ഡിക 2.7 പ്രകാരമുള്ള വ്യവസ്ഥ പ്രകാരം , ബാധകമായ വാങ്ങലുകളിൽ സർക്കാർ ഉത്തരവ് (ആർ.ടി) 259/2010/ത.സ്വ.ഭ.വ തീയതി 8.11.2010 പ്രകാരം പ്രാബല്യത്തിൽ വന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ അനുസരിച്ചുള്ള നടപടി ക്രമങ്ങൾ പാലിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രൊജക്റ്റ് പ്രകാരം കുടകൾ വാങ്ങിയത് 'തമ്പ്' എന്ന സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ/ടെണ്ടർ നടപടിക്രമങ്ങൾ കൂടാതെയാണ്. ഇത് ക്രമപ്രകാരമല്ല.

3)ജി എസ് ടി ഉൾപ്പെടുത്തിയത് ക്രമപ്രകാരമല്ല

1-7-2017 ൽ നിലവിൽ വന്ന ജി എസ് ടി നിയമ പ്രകാരം നിശ്ചിത പ്രൊഫോമ പ്രകാരമാണ് ഇൻവോയ്സുകൾ തയ്യാറാക്കേണ്ടതാണ്. എന്നാൽ തമ്പ് സമർപ്പിച്ച ഇൻവോയ്സ് നം 7/18-19 തീയതി 27-6-2018 ജി എസ് ടി നിയമങ്ങൾ/ചട്ടങ്ങൾ പാലിച്ചിട്ടുള്ളതല്ല. 12% ജി എസ് ടി

ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ആ തുക പ്രത്യേകം ഇൻവോയ്സിൽ രേഖപ്പെടുത്തി കാണുന്നില്ല. ജി എസ് ടി രേഖകൾ ലഭ്യമാക്കുവാൻ 'തമ്പ് ' നോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറക്ക് അറിയിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണ(26, തീയതി 13-1-21)ത്തിന് മറുപടിയായി അറിയിച്ചിട്ടുണ്ട്.

4)കുട വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല

തമ്പ് സമർപ്പിച്ച 27/6/18 ലെ 6/18-19 ഇൻവോയ്സ് പ്രകാരം 1144 കുടകൾ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ വിതരണ രേഖകൾ പ്രകാരം 1141 കുടകൾ മാത്രമേ വിതരണം ചെയ്തു കാണുന്നുള്ളൂ. ബാക്കി വന്ന 3 കുടകൾ പുതുതായി വന്ന കുട്ടികൾക്ക് നൽകിയിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ഇതിന്റെ രേഖകൾ ലഭ്യമല്ല.

5) സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇ എം ഡി എന്നിവ ഒഴിവാക്കിയത് ക്രമപ്രകാരമല്ല.

സ്റ്റോർ പർച്ചേസ് മാന്വൽ, പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ എന്നിവ പ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇ എം ഡി എന്നിവ അടവാക്കുന്നതിൽ നിന്നും തമ്പ് -ന് ഇളവ് അനുവദിക്കാവുന്നതല്ല. എന്നാൽ ഭരണസമിതി തീരുമാന പ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇ എം ഡി എന്നിവയിൽ ഇളവ് നൽകിയാണ് പ്രൊജക്റ്റ് നടപ്പിലാക്കിയിട്ടുള്ളത് .

സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി പ്രൊജക്റ്റ് നടപ്പിലാക്കിയിട്ടുള്ളതിനാൽ സർക്കാർ സാധൂകരണം ലഭ്യമാകുന്നതുവരെ മേൽ പ്രോജക്റ്റിന്റെ ചെലവ് തുകയായ 5,14,200/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-34 എൽ പി സ്കൂൾ വിദ്യാർത്ഥികൾക്ക് കുട- സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്ട്. നം | 118/19 |
| പ്രൊജക്റ്റിന്റെ പേര് | എൽ പി സ്കൂൾ വിദ്യാർത്ഥികൾക്ക് കുട |
| അടങ്കൽ | 3,50,000/- (ടി എസ് പി) |
| ചെലവ് | 3,50,000/- (ബിൽ നം-1 തീയതി 30-7-18) |
| നിർവഹണോദ്യോഗസ്ഥ | ഹെഡ് മിസ്ട്രസ്സ്, ജി എൽ പി എസ്, അഗളി |

സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 ഖണ്ഡിക 5.5 പ്രകാരം പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഒഴികെ കുട വിതരണം ചെയ്യുന്നതിന് സബ്സിഡി നൽകുന്നതിൽ നിയന്ത്രണം വരുത്തിയിട്ടുണ്ട്. പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മാത്രമാണ് കുട വിതരണം ചെയ്തിട്ടുള്ളത് എങ്കിലും 2018-19 വർഷം ഹെഡ് മിസ്ട്രസ്സ് നിർവഹണ ഉദ്യോഗസ്ഥയായി നടത്തിയിട്ടുള്ള പ്രൊജക്ട്. നം – 118/19 'എൽ പി സ്കൂൾ വിദ്യാർത്ഥികൾക്ക് കുട വിതരണം പദ്ധതി ' യിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

1)ക്വട്ടേഷൻ /ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 ഖണ്ഡിക 2.7 പ്രകാരമുള്ള വ്യവസ്ഥ പ്രകാരം , ബാധകമായ വാങ്ങലുകളിൽ സർക്കാർ ഉത്തരവ് (ആർ.ടി) 259/2010/ത.സ്വ.ഭ.വ തീയതി 8.11.2010 പ്രകാരം പ്രാബല്യത്തിൽ വന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ അനുസരിച്ചുള്ള നടപടി ക്രമങ്ങൾ പാലിക്കണമെന്ന നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രൊജക്റ്റ് പ്രകാരം കുടകൾ വാങ്ങിയത് 'തമ്പ്' എന്ന സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ/ടെണ്ടർ നടപടിക്രമങ്ങൾ കൂടാതെയാണ്. വിശദീകരണം ലഭ്യമാക്കുവാനായി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം- 25(15-1-21) ന് മറുപടിയായി സർക്കാർ സാധൂകരണത്തിന് അപേക്ഷിച്ചിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്.

2)ജി എസ് ടി ഉൾപ്പെടുത്തിയിട്ടുള്ളത് ക്രമപ്രകാരമല്ല .

1-7-2017 ൽ നിലവിൽ വന്ന ജി എസ് ടി നിയമ പ്രകാരം നിശ്ചിത പ്രൊഫോമ പ്രകാരമാണ് ഇൻവോയ്സുകൾ തയ്യാറാക്കേണ്ടത്. എന്നാൽ തമ്പ് സമർപ്പിച്ച ഇൻവോയ്സ് നം 7/18-19 തീയതി 27-6-2018 ജി എസ് ടി നിയമങ്ങൾ/ചട്ടങ്ങൾ പാലിച്ചിട്ടുള്ളതല്ല. 12% ജി എസ് ടി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ആ തുക ഇൻവോയ്സിൽ പ്രത്യേകം രേഖപ്പെടുത്തി കാണുന്നില്ല. ജി എസ് ടി രേഖകൾ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറക്ക് വിശദാംശങ്ങൾ അറിയിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണം 25(15-1-21) ന് മറുപടിയായി അറിയിച്ചിട്ടുണ്ട്.

3)സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇ എം ഡി എന്നിവ ഈടാക്കിയിട്ടില്ല

സ്റ്റോർ പർച്ചേസ് മാന്വൽ, പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ എന്നിവ പ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇ എം ഡി എന്നിവ അടവാക്കുന്നതിൽ നിന്നും തമ്പ് -ന് ഇളവ് അനുവദിക്കാവുന്നതല്ല. എന്നാൽ സർക്കാർ അനുമതി ഇല്ലാതെ ഇവ ഒഴിവാക്കി കൊടുത്തിട്ടുണ്ട്.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ(നം.25/18-19/15-1-21)ത്തിന് മറുപടിയായി സർക്കാർ സാധൂകരണത്തിന് അപേക്ഷിച്ചിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറക്ക് അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ സാധൂകരണം ലഭ്യമാകുന്നതുവരെ 3,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-35 ലൈഫ് മിഷൻ- അവലോകനം

കേരളത്തിലെ എല്ലാ ഭവന രഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) യുടെ ലക്ഷ്യം. ലൈഫ് മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. സ.ഉ(എം.എസ്)നം.151/2017/തസ്വഭവ തിയതി 31-7-2017 പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്. സ.ഉ(കൈ)നം. 34/2018/തസ്വഭവ തിയതി 16-3-2018 പ്രകാരം 2018-19 വർഷത്തെ ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖയും അംഗീകരിച്ചിട്ടുണ്ട്.
2018-19 വർഷത്തിൽ അഗളി ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി നടപ്പിലാക്കിയതിന്റെ രേഖകൾ പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

ലൈഫ് പദ്ധതി ഒന്നാംഘട്ടം

ലൈഫ് മിഷൻ ഭവന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായി തൻ വർഷം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആകെ 61 ഗുണഭോക്താക്കളിൽ(ജനറൽ-44, എസ് സി-1, എസ് ടി-16) 61 പേരും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

ലൈഫ് പദ്ധതി രണ്ടാം ഘട്ടം

ലൈഫ് മിഷന്റെ രണ്ടാം ഘട്ടത്തിൽ സ്വന്തമായി സ്ഥലമുള്ള ഗുണഭോക്താക്കൾക്ക് വീട് നിർമാണത്തിന് ആനുകൂല്യം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരിരുന്നത്. അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ജനറൽ വിഭാഗത്തിൽ 739 ഉം എസ്.സി വിഭാഗത്തിൽ 62 ഉം എസ്.ടി വിഭാഗത്തിൽ 20ഉം ഗുണഭോക്താക്കളുള്ളത്. ആയതിൽ 673 പേരാണ് തൻവർഷം എഗ്രിമെന്റ് വച്ചിട്ടുള്ളത്.
പട്ടികവർഗ്ഗക്കാർക്ക് 6,00,000/- രൂപയും ജനറൽ/എസ് സി വിഭാഗത്തിന് 4,00,000/- രൂപയുമാണ് പദ്ധതി പ്രകാരം വകയിരുത്തിയിട്ടുള്ളത്.
a) ലൈഫ് മിഷൻ ഭവന പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം - ജനറൽ (പ്രൊജക്ട് നം 62)

6 സർക്കിളുകളായി 604 ഗുണഭോക്താക്കൾ തൻവർഷം പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിനായി കരാർ വച്ചിട്ടുണ്ട്. അതിൽ നാളിതു വരെയുള്ള കണക്ക് പ്രകാരം 286 ഗുണഭോക്താക്കൾ മുഴുവൻ തുകയും കൈപ്പറ്റിയിട്ടുണ്ട്. 591 പേർ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 13 പേർ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

2018-19 ൽ തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചേർക്കുന്നു.

| ഫണ്ട് | 2018-19 | |
|---|---|---|
| | അടങ്കൽ | ചെലവ് |

| | | |
|---|---|---|
| പ്ലാൻ ഫണ്ട് | 10400000 | 10400000 |
| ബ്ലോക്ക് പഞ്ചായത്ത് | 3915000 | 3915000 |
| ജില്ലാ പഞ്ചായത്ത് | 4339847 | 2005000 |
| മറ്റിനം | 216945153 | 65140000 |
| ആകെ | 235600000 | 81460000 |

b) പദ്ധതി - ലൈഫ് മിഷൻ ഭവന പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം (Proj No 61) – എസ്.സി.പി

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട്(എസ്.സി.പി) | 1250000 | 1250000 |
| ബ്ലോക്ക് പഞ്ചായത്ത് | 313628 | 0 |
| ജില്ലാ പഞ്ചായത്ത് | 8080879 | 5510000 |
| മറ്റുളവ | 11155493 | 4720000 |
| ആകെ | 20800000 | 11480000 |

ആകെയുള്ള 62 ഗുണഭോക്താക്കളിൽ 54 പേർ കരാർ വെച്ചിട്ടുണ്ട്. 40 പേർ മുഴുവൻ തുകയും കൈപ്പറ്റിയിട്ടുണ്ട്. 53 പേർ ഭവനനിർമ്മാണം പൂർത്തീകരിച്ചു. അവസാനഗഡു നൽകാനുള്ളവർക്ക് തുക നൽകേണ്ടതാണ്.

c) പദ്ധതി - ലൈഫ് മിഷൻ ഭവന പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം (Proj No 67) – ടി.എസ്.പി

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട്(ടി.എസ്.പി) | 7200000 | 2430000 |
| ബ്ലോക്ക് പഞ്ചായത്ത് | 0 | 0 |
| ജില്ലാ പഞ്ചായത്ത് | 595826 | 0 |
| മറ്റുളവ | 4204174 | 120000 |
| ആകെ | 12000000 | 2550000 |

ആകെയുള്ള 20 ഗുണഭോക്താക്കളിൽ 15 പേർ കരാർ വെച്ചിട്ടുണ്ട്. 15 പേർ മുഴുവൻ തുകയും കൈപ്പറ്റുകയും ഭവനനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. 6 പേർക്ക് അവസാന ഗഡു നൽകിയിട്ടില്ല.

ആദ്യഗഡു കൈപ്പറ്റി നിർമ്മാണം തുടരാൻ കഴിയാത്തവർ

മൂന്നു പദ്ധതികളിലും കൂടി 2 ഗുണഭോക്താക്കൾ മാത്രമാണ് ആദ്യഗഡു കൈപ്പറ്റിയിട്ടും തുടർ നിർമ്മാണം നടത്തിയിട്ടില്ലാത്തത്. ഏറ്റവും അർഹരായ ചിലർക്ക് സർക്കാർ നൽകുന്ന ധനസഹായം നൽകിയാലും ഭവനനിർമ്മാണം ആരംഭിക്കാനോ ചിലർക്ക് പൂർത്തിയാക്കാനോ കഴിയില്ല. ലഭിക്കുന്ന ധനസഹായത്തിന് പുറമെ ഒരു രൂപ പോലും അധിക ധനസമാഹരണം നടത്തുന്നതിന് ഇവർക്ക് സാധിക്കില്ല. മേൽപ്പറഞ്ഞ പ്രകാരം വീട്ടുപണി തുടങ്ങാൻ കഴിയാത്ത ഈ ഗണത്തിൽപ്പെട്ടവരെ സഹായിക്കുന്നതിന് ലൈഫ് മിഷൻ മാർഗ്ഗരേഖ സ.ഉ (എം.എസ്) നം 151/2017/ത.സ്വ.ഭ.വ തീയതി 31.07.17 പ്രകാരം താഴെ പറയുന്നതു പോലെയുള്ള മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നുണ്ട്.

1. ഇവർക്ക് ആവശ്യമായ അധിക മാനവശേഷി നൽകിയും പ്രാദേശികമായി ധനസമാഹരണം നടത്തിയും ഭവനനിർമ്മാണത്തിൽ പങ്കാളികളായും സഹായിക്കാവുന്നതാണ് . ഇതിനായി കോളേജ് വിദ്യാർത്ഥികൾ, എൻ.എസ്.എസ് പ്രവർത്തകർ, മറ്റ് സാമൂഹിക സന്നദ്ധപ്രവർത്തകർ എന്നിവരുടെയും സേവനം ഉറപ്പു വരുത്താവുന്നതാണ്.

2. നിരാശ്രയർക്ക് സ്പോൺസർഷിപ്പ് വഴി ഭവനം പൂർണ്ണമായി നിർമ്മിച്ച നൽകുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

3. തങ്ങളുടെ സ്കൂളിൽ അല്ലെങ്കിൽ കോളേജിൽ പഠിക്കുന്ന ഏതെങ്കിലും വിദ്യാർത്ഥികൾ ലൈഫ് മിഷനിലെ ഗുണഭോക്താവ് ആണെങ്കിൽ പ്രസ്തുത വിദ്യാഭ്യാസ സ്ഥാപനത്തിലെ വിദ്യാർത്ഥികളിൽ നിന്നും ധനശേഖരണം നടത്തിയും മാനുഷികശേഷി ഉപയോഗിച്ചും ഭവന നിർമ്മാണം പൂർത്തീകരിച്ച നൽകാവുന്നതാണ്.

വീടുപണി തുടങ്ങാൻ /പൂർത്തിയാക്കാൻ കഴിയാത്ത ഗുണഭോക്താക്കളുടെ കാര്യത്തിൽ ആവശ്യമെങ്കിൽ മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ സ്വീകരിക്കാവുന്നതാണ്.

ഹഡ്കോ ലോൺ

ഹഡ്കോയിൽ നിന്നും KURDFC മുഖേന നാളിതു വരെ 13,00,11,892/- രൂപ വായ്പ ലഭ്യമായിട്ടുണ്ട്.

സർക്കാർ വിഹിതം

സർക്കാർ വിഹിതമായി ഓരോ ഗുണഭോക്താവിനും 1 ലക്ഷം രൂപ വീതം ലഭ്യമാകുമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. 2018-19 സർക്കാരിൽ നിന്നും തുകയൊന്നും ലഭ്യമായിട്ടില്ല.

ഭവനനിധി രൂപീകരിച്ചതിന്റെ വിവരങ്ങൾ

ലൈഫ് മിഷൻ മാർഗ്ഗരേഖ പ്രകാരം പ്രധാനമായും ഒന്നാം ഘട്ട പ്രവർത്തനങ്ങൾക്കായി പൊതുജനങ്ങളിൽ നിന്നും മറ്റ് രീതികളിലും ഫണ്ട് സ്വീകരിച്ച് സെക്രട്ടറിയുടേയും പ്രസിഡണ്ടിന്റേയും പേരിൽ ഒരു അക്കൗണ്ട് തുടങ്ങുവാൻ നിർദ്ദേശിച്ചിരുന്നു. 10% പേർക്കെങ്കിലും ഈ ഫണ്ടിൽ നിന്നും ഭവന നിർമ്മാണത്തിനായി തുക അനുവദിക്കുവാൻ ശ്രമിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. പഞ്ചായത്തിൽ രൂപീകരിച്ച ഭവനനിധി രൂപികരിച്ചിട്ടില്ല

മോണിറ്ററിംഗ്

ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതി ഉറപ്പാക്കേണ്ടതിന്റെ പൂർണ്ണ ചുമതല സെക്രട്ടറിക്കാണ്. ഭൂമിയുള്ള ഭവന രഹിതരുടെ വ്യക്തിഗത ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ മേൽനോട്ടച്ചുമതലയും സെക്രട്ടറിക്കാണ്. സ്റ്റാന്റിംഗ് കമ്മറ്റികളും മോണിട്ടറിംഗ് കാര്യക്ഷമമായി നിർവഹിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശം

1. വിവിധ ഘട്ടങ്ങളിലുള്ള ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.
2. സർക്കാരിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുവാനുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.
4. മറ്റ് മാനദണ്ഡങ്ങൾ പ്രകാരം അർഹരായവരും എന്നാൽ റേഷൻ കാർഡില്ലാത്ത കാരണത്താൽ ഒഴിവായിപ്പോയ അഗതികളെ ഗുണഭോക്താക്കളായി പരിഗണിച്ച് റേഷൻ കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത്തരം സന്ദർഭങ്ങളിൽ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ശുപാർശയിൽ ജില്ലാ കളക്ടറുടെ അനുമതിയോടു കൂടി പേര് ഗുണഭോക്തൃ പട്ടികയിൽ ചേർക്കാവുന്നതും തുടർന്ന് ഭവന നിർമ്മാണത്തിന് ധനസഹായം നൽകാവുന്നതുമാണ്.

5. ഭവനത്തോടൊപ്പം അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംയോജന സാദ്ധ്യത പരിഗണിക്കേണ്ടതാണ്.

1-36 ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ലഭിക്കുന്നതിന് മുമ്പ് പ്രവർത്തി നടത്തി പഞ്ചായത്ത് ഫണ്ടിന് നഷ്ടം

താഴെപ്പറയുന്ന മരാമത്ത്പ്രവൃത്തിയിൽ ഗ്രൗണ്ട് വാട്ടർ അതോറിറ്റിയുടെ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ലഭിക്കുന്നതിന് മുമ്പ് കുഴൽക്കിണർ കുഴിച്ചു. കുഴൽക്കിണറിൽ ജലം ലഭ്യമായിട്ടില്ല എന്ന് രേഖപ്പെടുത്തി തുക കോൺട്രാക്ടർക്ക് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം, പേര് | SO 147/19- ഉണ്ടക്കുരിശ്ശ് പള്ളി കുടിവെള്ളപദ്ധതി |
| അടങ്കൽ, ഫണ്ട് ഇനം | 10,00,000രൂ , വികസന ഫണ്ട്(ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| എഗ്രിമെന്റ് നം,തീയ്യതി | 84/18-19/AE/LSGD/AGP ,dt. 15-12-2018 |
| കരാറുകാരൻ | ഹംസ .കെ.കെ |
| പ്രവൃത്തി മൂല്യം | 119040 |
| എം.ബുക്ക് | 292/18-10 |
| ബിൽ നം.തീയ്യതി, തുക | 57/18-19,11-3-2019, Rs.119040 |

മേൽസൂചിപ്പിച്ച പദ്ധതിയിൽ കുഴൽക്കിണർ നിർമ്മിക്കുന്നതിനും , പൈപ്പ് ലൈനുകൾ ഇടുന്നതിനും, മോട്ടോർ സ്ഥാപിക്കുന്നതിനും പമ്പ് ഹൗസ് സ്ഥാപിക്കുന്നതിനും ടാങ്ക് നിർമ്മിക്കുന്നതിനും ആണ് ഉദ്ദേശിച്ചിട്ടുള്ളത്. ആയതിനായി ജെല്ലിപ്പാറയിലെ പള്ളിക്ക് സമീപമുള്ള ഉണ്ടക്കുരിശ്ശിന്റെ കിഴക്ക് ഭാഗത്തായി കുഴൽക്കിണർ കുഴിച്ചിട്ടുണ്ട് . ആയതിൽ ജലം ലഭ്യമാകാത്തതിനാൽ പദ്ധതി ഉപേക്ഷിക്കുകയും കുഴൽക്കിണർ കുഴിച്ചതിന്റെയും കേസിങ്ങ് പൈപ്പ് ഇട്ടതിന്റെയും എൻഡ് ക്യാപ്പ് ഇട്ടതിന്റെയും തുകയായ 119040രൂപയുടെ ബിൽ നൽകുകയും ചെയ്തിരിക്കുന്നു.

16-1-2019ൽ ആണ് ഭൂജല വകുപ്പിൽ നിന്നും ഇൻവെസ്റ്റഗേഷൻ റിപ്പോർട്ട് ലഭ്യമായിട്ടുള്ളത്. എന്നാൽ മെഷർമെന്റ് ബുക്ക് പ്രകാരം 11-1-2019ന് ആണ് കുഴൽക്കിണർ കുഴിച്ചിട്ടുള്ളത്. കൂടാതെ 18-1-2021 ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ കുഴൽക്കിണർ കുഴിച്ചത് ഇൻവെസ്റ്റിഗേഷൻ റിപ്പേർട്ടിൽ പെമാർക്ക് ചെയ്ത ഭാഗത്തല്ല എന്ന് വ്യക്തമായിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിൽ ഉണ്ടക്കുരിശ്ശിൽ നിന്നും 10മീറ്റർ വടക്ക് പടിഞ്ഞാറ് മാറി റോഡിന് സമീപം ആണ് പെമാർക്ക് ചെയ്തതായി സൂചിപ്പിച്ചിട്ടുള്ളത്. എന്നാൽ ഉണ്ടക്കുരിശ്ശിന്റെ കിഴക്ക് ഭാഗത്ത് ഏകദേശം 12മീറ്റർ അകലെയാണ് കുഴൽക്കിണർ കുഴിച്ചിട്ടുള്ളത്. ആയതിനാൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ലഭിക്കുന്നതിന് മുമ്പ് കരാറുകാരൻ സ്വന്തം താത്പര്യങ്ങൾക്കനുസരിച്ച് കുഴൽക്കിണർ കുഴിച്ചതിനാലാണ് ജലം ലഭ്യമാകാതിരിക്കുകയും പദ്ധതി ഉപേക്ഷിക്കുകയും ചെയ്തിട്ടുള്ളത്. ആയതിനാൽ കരാറുകാരന് തുക നൽകിയത് അനധികൃതമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 28/18-19 /19-1-2021)കരാറുകാരനിൽ നിന്നും തുക ഈടാക്കി അടവാക്കാം എന്ന് അറിയിച്ചിട്ടുണ്ട്.ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ചെലവ് തുക119040/-രൂപ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-37 സ്ഥലം റിലിങ്ക്വിഷ് ചെയ്യാതെ പ്രവർത്തി നടത്തി- തുക തടസ്സപ്പെടുത്തുന്നു

താഴെ രേഖപ്പെടുത്തിയിട്ടുള്ള കുടിവെള്ളപദ്ധതിയിൽ സ്ഥലം വിട്ടുകിട്ടാതെ സ്വകാര്യ വ്യക്തിയുടെ സ്ഥലത്ത് കുടിവെള്ള പദ്ധതിക്കായി കുഴൽക്കിണറും പമ്പ് ഹൗസും സ്ഥാപിച്ചിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം, പേര് | SO 155/18- ജെല്ലിപ്പാറ സ്കൂൾ പ്രദേശം കുടിവെള്ളപദ്ധതി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്) |
| അടങ്കൽ, ഫണ്ട് ഇനം | 7,00,000രൂ , വികസന ഫണ്ട്(ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| എഗ്രിമെന്റ് നം,തീയ്യതി | 64/17-18/AE/LSGD/AGP ,dt. 28-12-2017 |
| കരാറുകാരൻ | പ്രഭാകരൻ |
| പ്രവൃത്തി മൂല്യം | 654804 |
| എം.ബുക്ക് | 64/17-18 |
| ബിൽ നം.തീയ്യതി, തുക | 74/17-18,13-3-2018, Rs. 574515<br><br>6/18-19, 25-5-18, Rs. 80289 |

മേൽസൂചിപ്പിച്ച പ്രവൃത്തിയിൽ ബോർവെൽ നിർമ്മിക്കുന്നതിനും പി.വി.സി. ടാങ്ക് സ്ഥാപിക്കുന്നതിനും മോട്ടോറും പമ്പ്ഹൗസും നിർമിക്കുന്നതിനും ആണ് ഉദ്ദേശിച്ചിട്ടുള്ളത്.

18-1-2021 ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ കുഴൽക്കിണറും പമ്പ്ഹൗസും ശ്രീമതി സാലി എന്ന സ്വകാര്യവ്യക്തിയുടെ സ്ഥലത്ത് ആണ് നിർമ്മിച്ചിരിക്കുന്നതായി കാണുന്നത്.ടി സ്ഥലം പഞ്ചായത്തിന് വിട്ടുനൽകിയിട്ടില്ല. കൂടാതെ ടാങ്ക് നിർമിച്ചിരിക്കുന്നത് മിച്ചഭൂമി പോലെ കാണുന്ന സ്ഥലത്താണ് . ഇത് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ആണ് എന്ന് വ്യക്തമാക്കുന്ന രേഖകളും പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. കൂടാതെ ടി പദ്ധതി മുഖേന 10എണ്ണം ഫൗണ്ടൻ പോസ്റ്റുകളും വിവിധ വീടുകളിലേക്ക് വാട്ടർ കണക്ഷൻ നല്കുന്നതിനായി നിർമിച്ച് നൽകിയിട്ടുണ്ട് (ടി ഇനത്തിൽ 10x1300=13000 ചെലവ് നടന്നിട്ടുണ്ട്). എന്നാൽ പദ്ധതി മാർഗരേഖ പ്രകാരം ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത് ഗ്രാമസഭയിലോ ഭരണസമിതിയിലോ അംഗീകരിക്കണം എന്ന നിബന്ധന പാലിച്ചിട്ടില്ല. കൂടാതെ ജനറൽ വിഭാഗത്തിൽ നിന്നുള്ള വ്യക്തികളിൽ നിന്നും ഗുണഭോക്തൃവിഹിതം ഈടാക്കിയിട്ടുമില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ സ്ഥലം വിട്ടുകിട്ടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാം എന്നും ഇനിയുള്ള പദ്ധതികളിൽ ഗുണഭോക്തൃവിഹിതം ഈടാക്കാൻ ശ്രദ്ധിക്കാം എന്നും അറിയിച്ചിട്ടുണ്ട്.

പദ്ധതി മാർഗരേഖ പ്രകാരമുള്ള നിർദേശങ്ങൾ പരിഗണിക്കാതെ പ്രവൃത്തി നിർവ്വഹിക്കുകയും ചെലവു നടത്തുകയും ചെയ്തതിനാൽ ചെലവ് തുക 654804 രൂ. തടസ്സപ്പെടുത്തുന്നു.

1-38 മരാമത്ത് പ്രവൃത്തിയിൽ എഗ്രിമെന്റ് വെയ്ക്കാൻ വൈകിയിട്ടും പിഴ ഈടാക്കിയിട്ടില്ല.

2012ലെ പൊതുമരാമത്ത് മാന്വൽ പ്രകാരം ഭരണസമിതി ഒരു പ്രവൃത്തിക്ക് ടെണ്ടർ അംഗീകരിച്ചാൽ 7ദിവസത്തിനുള്ളിൽ സെലക്ഷൻ നോട്ടീസ് റജിസ്റ്റേഡ് ആയി അയക്കണമെന്നും സെലക്ഷൻ നോട്ടീസ് നൽകി 14ദിവസത്തിനകം (സെലക്ഷൻ നോട്ടീസ് അയക്കുന്ന തീയ്യതി മുതൽ ) എഗ്രിമെന്റ് വെയ്ക്കണമെന്നും ഇപ്രകാരം ചെയ്യാത്ത പ്രവൃത്തികളിൽ തുടർന്ന് 10 ദിവസത്തിനകം 1% പിഴയോടുകൂടി എഗ്രിമെന്റ് വെയ്ക്കണമെന്നും പൊതുമരാമത്ത് മാന്വലിൽ നിർദേശിക്കുന്നു. ഇപ്രകാരം ചെയ്യാത്ത ടെണ്ടറുകൾ റദ്ദാക്കണമെന്നും പുനർ ലേലം നടത്തണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികളിൽ സമയപരിധി വൈകിയിട്ടും പിഴ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾക്ക് ഖണ്ഡിക 3(4) കാണുക.

1-39 ഡ്രൈനേജിന് സെൻററിങ് ഷട്ടറിങ് അധിക നിരക്ക് അനുവദിച്ചു

അസി.എഞ്ചിനീയർ/സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രവൃത്തിയിൽ ഡ്രൈനേജ് നിർമ്മിക്കുന്നതിന്റെ ഭാഗമായി ഡ്രൈനേജിന്റെ സൈഡ് വാളിന് വേണ്ടിയുള്ള സെന്ററിങ് പ്രവൃത്തിക്ക് DSR/2016- (cost index 40.2 )ഡാറ്റാ കോഡ് 4.3.2 പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. ഡ്രൈനേജ് വാളിന് വേണ്ടി എർത്ത് വർക്ക് ചെയ്ത് മണ്ണ് ഒഴിവാക്കിയിട്ടാണ് ഈ പ്രവൃത്തി ചെയ്തിട്ടുള്ളത് എന്നതിനാൽ ഫൗണ്ടേഷൻ പ്രവൃത്തിക്ക് ബാധകമായ DSR-ഡാറ്റ കോഡ് 4.3.1 പ്രകാരമുള്ള നിരക്ക് മാത്രമാണ് ഈ പ്രവൃത്തിക്ക് നൽകാവുന്നത്. കൂടാതെ ശരാശരി 0.70cm മാത്രമാണ് ഇവയുടെ ഉയരം വരുന്നത്. 4.3.2 പ്രകാരമുള്ള ഡാറ്റയിൽ ഈ പ്രവൃത്തിക്ക് 1 മീറ്റർ ഉയരമാണ് കാണിച്ചിട്ടുള്ളത്. വിശദവിവരത്തിന് ഖണ്ഡിക 3(2) കാണുക

1-40 മരാമത്ത് പ്രവർത്തി-കൺവീനർക്ക് അധിക തുക അനുവദിച്ചത് അംഗീകരിക്കുന്നില്ല

അസിസ്റ്റന്റ് എഞ്ചിനീയർ 2018-19 വർഷത്തിലെ പ്രൊജക്ടുകളിൽ (നിർവ്വഹണം സെക്രട്ടറി ) താഴെ പറയുന്ന 2016-17 ലെ സ്പിൽ ഓവർ പ്രൊജക്ടുകളിൽ (2014-D.S.R COST INDEX 36.19%-കൺവീനർ മുഖേന) മരാമത്ത് പ്രൊജക്ടുകളുടെ (റോഡ് വർക്ക്) നിർവ്വഹണത്തിൽ എസ്റ്റിമേറ്റിൽ 10 % 'OVER HEAD CHARGES' ആയി (ടാക്സ് പ്രൊവിഷൻ) ഉൾപ്പെടുത്തിയിട്ടുള്ളതാണ്. (പിന്നീട് 7.5% അനുവദിച്ചാൽ മതി എന്ന് ഉത്തരവ് ഉള്ളത് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ പത്ത് ശതമാനത്തിൽ നിന്ന് 2.5% ഫൈനൽ ബിൽ തുകയിൽ കുറവ് ചെയ്തിട്ടുമില്ല ). എന്നാൽ മേൽ പത്ത് ശതമാനത്തിൽ വാറ്റ് പ്രൊവിഷൻ തുകയായി 5% ഉൾപ്പെടുത്തിയത് ബില്ലിൽ കുറവ് ചെയ്യുകയോ ഈടാക്കി അടവാക്കുകയോ (2018-19 ൽ കൺവീനർ പ്രവർത്തികൾക്ക് വാറ്റ് ഈടാക്കേണ്ടതില്ല) ചെയ്യാത്തതിനാൽ താഴെപ്പറയുന്ന പ്രവർത്തികളിൽ 5% വീതം അധികമായി അനുവദിച്ചത് മൂലം പഞ്ചായത്ത് ഫണ്ടിന് അധിക ബാദ്ധ്യത ഉണ്ടായിട്ടുണ്ട്.വിശദ വിവരത്തിന് ഖണ്ഡിക 3(1) കാണുക

1-41 മരാമത്ത്- അംഗീകൃത നിരക്കിലും അധികരിച്ച് തുക നൽകി. അധികം നൽകിയ തുക തിരിച്ചടക്കേണ്ടതാണ്.

താഴെസൂചിപ്പിക്കുന്ന പ്രവൃത്തിയിൽ ACP ഷീറ്റ് കവറിംഗ് വർക്ക് നടത്തിയിട്ടുണ്ട്. എന്നാൽ ആയതിന് നൽകിയിട്ടുള്ള തുക Price Software രേഖപ്പെടുത്തിയിട്ടുള്ള ACP വർക്കിന്റെ നിരക്കിനേക്കാൾ അധികരിച്ച് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊജക്ട് നമ്പരും പേരും: SO 268/19 അച്ചംമുക്ക് ബസ് വെയിറ്റിങ്ങ് ഷെഡ്ഡ്

അടങ്കൽ: – 200000 ഫണ്ടിനം: 200000പദ്ധതി ഫണ്ട് (ജനറൽ)

ചെലവ്: –181366/- ബിൽ നം.83/18-19, 26-3-2019Rs.181366,

കരാർ നം.44/AE/AGP/17-18, Dt: 10-11-2017 – (PAC): – 166426 കരാറുകാരൻ: ഹാൻസൻ. പി.വി

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി : 10-5-2018 (T. S പ്രകാരമുള്ള പൂർത്തീകരണ കാലാവധി -6മാസം)

പൂർത്തീകരിച്ച തീയ്യതി : 21-1-2019 ,
അളവ് പുസ്തകം : 44/17-18,

ആകെ പ്രവൃത്തി മൂല്യം : 181366

ആദ്യ എസ്റ്റിമേറ്റിൽ ACP ഷീറ്റ് കവറിങ്ങ് വർക്കിന് ലംപ്സം ആയി 33000ആണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ പിന്നീട് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ആയതിന് ചതുരശ്ര മീറ്ററിന് 4795.79 രൂ. നിരക്കിൽ ആണ് കണക്കാക്കിയിട്ടുള്ളത്.ഇതിൽ നിന്നും 4%ടെണ്ടർ വ്യത്യാസം കണക്കാക്കി 4603.96രൂ. പ്രകാരം 5.76ചതുരശ്രമീറ്ററിന് 26518.8രൂ ആണ് ബിൽ പ്രകാരം നൽകിയിട്ടുള്ളത്.

എന്നാൽ Price Software ൽ 25.7 നം. ഡാറ്റ പ്രകാരം ACP ഷീറ്റ് കവറിങ്ങ് വർക്കിന് ചതുരശ്ര മീറ്ററിന് 4674.6രൂ. (Cost

Index37.25%) ആണ് നിജപ്പെടുത്തിയിട്ടുള്ളത്. (പഞ്ചായത്തിലെ മറ്റു വർക്കുകളിൽ ടി നിരക്കാണ് സ്വീകരിച്ചിട്ടുള്ളത്- ഉദാ. പുതിയ കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണം).

ആയതിനാൽ മേൽസൂചിപ്പിച്ച പ്രവൃത്തിയിൽ 4674.6രൂപയുടെ 4% ടെണ്ടർ വ്യതിയാനം കുറവാക്കിയ നിരക്ക് 4487.62 രൂ പ്രകാരം 5.76ചതുരശ്രമീറ്ററിന് 25849 രൂപയ്ക്കാണ് അർഹതയുള്ളത്. ആയതിനാൽ അധികമായി 670 രൂ. നൽകിയിരിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 27/18-1-2021 ന് ലഭ്യമാക്കിയ മറുപടിയിൽ അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കാം എന്ന് അറിയിച്ചിട്ടുണ്ട്.ആയതിനാൽ അധികം നൽകിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

### 1-42 മരാമത്ത് പ്രവൃത്തികളിൽ പൂർത്തീകരണ കാലാവധി വൈകിയിട്ടും നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല.

താഴെ പറയുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും കേരള പൊതുമരാമത്ത് മാന്വലിലെയും കരാറുകാരനും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും തമ്മിലുണ്ടാക്കിയ കരാറിലെയും വ്യവസ്ഥപ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല.

G.O.(P) No. 13/2012/PWD, Dt 1-2-2012 മുഖേന പ്രസിദ്ധീകരിച്ച 2012 ലെ PWD Manual പ്രകാരം അനുവദനീയമായ പൂർത്തീകരണ കാലാവധി നീട്ടൽ സംബന്ധിച്ച് താഴെപ്പറയും പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

The extension of time of completion that can be granted at a time shall not exceed 25% of the original time or six months whichever is less . The maximum extension that can be granted for a work shall be limited to half the original time of completion.

കൂടാതെ പ്രവർത്തി പൂർത്തീകരണം വൈകിയാൽ കരാറുകാരന്റെ അപേക്ഷയിൻമേൽ തീരുമാനമെടുത്ത് സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കണം എന്നും പ്രവൃത്തിപൂർത്തീകരണം വൈകിയതിന് താഴെസൂചിപ്പിച്ചിട്ടുള്ള നിരക്കിൽ പിഴ ഈടാക്കണം എന്നും മാനുവലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.വിശദ വിവരത്തിന് ഖണ്ഡിക 3-3 കാണുക.

### 1-43 കാർഷിക മേഖലയിൽ പ്രൊജക്ടുകൾ ഏറ്റെടുത്തില്ല

സംസ്ഥാന ആസൂത്രണ ബോർഡ് പ്രസിദ്ധീകരിച്ച പതിമൂന്നാം പഞ്ചവത്സര പദ്ധതി (2017-22) സമീപന രേഖയുടെ ഖണ്ഡിക 101 ൽ റാഗി, ചോളം, ആദിവാസി വിഭാഗങ്ങളുടെ കിഴങ്ങ്, പയർ വർഗ്ഗങ്ങൾ ഉൾപ്പെടെയുള്ള പരമ്പരാഗത ഭക്ഷ്യ വിളകളുടെ കൃഷിക്ക് പ്രോത്സാഹനം നൽകുന്നതിലെ കുറിച്ച് പരാമർശിച്ചിട്ടുണ്ട്. കൂടാതെ സ.ഉ(കൈ) നം.11/2018/തസ്വഭവ, തീയതി 29.1.2018 – വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ ഖണ്ഡിക 7.16(എ) കൃഷി വികസനം പ്രകാരം -കാർഷിക മേഖലയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്ന പ്രൊജക്ടുകൾ നിർദ്ദേശിച്ചിട്ടുണ്ട്.

അഗളി ഗ്രാമ പഞ്ചായത്തിലെ "കൃഷി (ഉൽപന്ന സംഭരണവും, സംസ്കരണവും,വിപണനവും ഉൾപ്പെടെ) മത്സ്യബന്ധനം,തൊഴിലുറപ്പ് പദ്ധതി, മണ്ണ് ജല സംരക്ഷണം, പരിസ്ഥിതി സംരക്ഷണം" മുതലായവക്കുള്ള വർക്കിംഗ് ഗ്രൂപ്പിന്റെ 19.3.2018 ൽ കൂടിയ യോഗത്തിൽ 2018-19 വർഷത്തിൽ കാർഷിക മേഖലയിലേക്ക് ഏറ്റെടുക്കേണ്ട 11 പ്രൊജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുണ്ട്.

അട്ടപ്പാടി മേഖലയിലെ ആദിവാസി ജനവിഭാഗങ്ങളുടെ തനത് ഭക്ഷ്യ ധാന്യങ്ങൾ സംരക്ഷിക്കുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനുമായി റാഗി, തിന, കുതിരവാലി, മണിചോളം, കടല, ചാമ തുടങ്ങിയ ചെറുധാന്യങ്ങൾ സംരക്ഷിക്കുന്നതിനും, പ്രോത്സാഹിപ്പിക്കുന്നതിനും കാർഷിക വികസന-കർഷകക്ഷേമവകുപ്പും പട്ടികവർഗ വികസനവകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും ചേർന്ന് നടത്തുന്ന 'മില്ലറ്റ് വില്ലേജ്' പദ്ധതി 2017 മുതൽ നിലവിലുണ്ട്.

എന്നാൽ അഗളി ഗ്രാമ പഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക പദ്ധതിയിൽ കാർഷിക മേഖലയിൽ പ്രൊജക്ടുകളൊന്നും നടപ്പിലാക്കിയിട്ടില്ല.ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നം. 41 തിയതി-19-1-2021ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ ഭരണ വകുപ്പിന്റെ തുടരന്വേഷണം ആവശ്യമാണ്. വരും വർഷങ്ങളിൽ വാർഷിക പദ്ധതിയിൽ കാർഷിക മേഖലക്ക് അർഹമായ ഫണ്ട് വകയിരുത്തി,

പ്രൊജക്ടുകൾ തയ്യാറാക്കി നിർവ്വഹണം നടത്തേണ്ടതാണ്.

1-44 ബഡ്സ് സ്കൂൾ പ്രവർത്തനം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

2018-19 വർഷം പ്രവർത്തനം ആരംഭിച്ച അഗളി ഗ്രാമ പഞ്ചായത്ത് - ബഡ്സ് സ്കൂളിലേക്ക് ടീച്ചർ , ആയമാർ എന്നിവരെ തെരഞ്ഞെടുക്കുന്നിനുവേണ്ടി നൽകിയ പത്രക്കുറിപ്പ് / പത്ര പരസ്യം , ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ, തെരഞ്ഞെടുക്കൽ നടപടികളുടെ വിശദാംശങ്ങൾ എന്നിവയും ബഡ്സ് സ്കൂളിലേക്ക് കുട്ടികളെ എത്തിക്കുന്നതിനായി ട്രാൻപോർട്ടേഷൻ കോൺട്രാക്ടറെ തെരഞ്ഞെടുക്കുന്നതിനായി നൽകിയ ക്വട്ടേഷൻ / ടെണ്ടർ നടപടികളുടെ ഫയൽ ( ക്വട്ടേഷൻ / ടെണ്ടർ നോട്ടീസ്, ടാബുലേഷൻ സ്റ്റേറ്റ്മെന്റ്, പ്രൊക്വർമെന്റ് കമ്മിറ്റി മിനുട്ടസ്, മുതലായവ) എന്നിവയും ഓഡിറ്റിന് ഹാജരാക്കുവാൻ ഓഡിറ്റ് അന്വേഷണം നം 16 തീയതി 13.1.2021 ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇവ ലഭ്യമാക്കിയില്ല.

താൽക്കാലിക / കരാർ നിയമനങ്ങൾ The Employment Exchanges (Compulsory Notification of Vacancies) Act, 1959 പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തേണ്ടതാണ്.

ട്രാൻപോർട്ടേഷൻ കോൺട്രാക്ടറെ തെരഞ്ഞെടുക്കുന്നത് സർക്കാർ ഉത്തരവ് (ആർ.ടി) 259/2010/ത.സ്വ.ഭ.വ തീയതി 8.11.2010 പ്രകാരം പ്രാബല്യത്തിൽ വന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ അനുസരിച്ചുള്ള നടപടി ക്രമങ്ങൾ പാലിച്ചു കൊണ്ട് മാത്രമാകേണ്ടതാണ്.

1-45 അനുപൂരക പോഷകാഹാര വിതരണ പ്രോജക്ടുകളിൽ ടി.ഡി.എസ് ഈടാക്കാത്തത്

ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR , സർക്കാർ ഉത്തരവ് (പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.19 ലെ നം.ഡി.എ1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം നിർവ്വഹണം നടത്തുന്ന പ്രോജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർവഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുമുണ്ട്. എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണം പ്രൊജക്ടുകൾ പ്രകാരം തേജസ് അമൃതം ഫുഡ്സ് (കുടുംബശ്രീയൂണിറ്റ് - GSTIN :32AAIT5709P1ZP) അഗളി, പാലക്കാട്-678581 എന്ന സ്ഥാപനത്തിൽ നിന്നുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കിയിട്ടില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ഇൻവോയിസ് നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 054 | 21.11.18 | 262464.00 |

ഇൻവോയ്സുകൾക്ക് പണം നൽകിയ വേളയിൽ 2% ടി.ഡി.എസ് ഈടാക്കി, തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 8.3.19 ലെ സർക്കുലർ നം. ഡി.എ1/87/2019 ത.സ്വ.ഭ.വ പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് ഒടുക്കാതെ, തുക പൂർണ്ണമായും സപ്ലൈയർക്ക് അനുവദിച്ചത് ക്രമപ്രകാരമല്ല. ഭാവിയിൽ മേൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-46 അങ്കണവാടികളിലേക്ക് ഭക്ഷ്യധാന്യം എത്തിക്കൽ - ട്രാൻപോർട്ടേഷൻ കോൺട്രാക്ടറെ

തെരഞ്ഞെടുത്തത്-നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല

2018-19 വർഷം അഗളി ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികളിലേക്ക് സപ്ലൈക്കോവിൽ നിന്നും ഭക്ഷ്യസാധനങ്ങൾ ഭക്ഷ്യസാധനങ്ങൾ അങ്കണവാടികളിൽ എത്തിക്കുന്നതിനായി ശ്രീ.സീതാറാംധർമ്മദാസ് എന്ന ട്രാൻപോർട്ടേഷൻ കോൺട്രാക്ടർക്ക് ഒരു കിലോഗ്രാമിന് 3 രൂപ 80 പൈസ വീതമാണ് നൽകിയിട്ടുള്ളത്. 2018-19 വർഷം സബല സ്കീമിനു വേണ്ടിയുള്ള ഭക്ഷ്യസാധനങ്ങൾ അങ്കണവാടികളിൽ എത്തിക്കുന്നതിന് തേജസ് അമൃതം ഫുഡ്സ്,അഗളി എന്ന സ്ഥാപനം ട്രാൻപോർട്ടേഷൻ ചാർജ്ജ് ഇനത്തിൽ കിലോഗ്രാമിന് ഒരു രൂപയാണ് ചുമത്തിയിട്ടുള്ളത്. ഒരേ സ്ഥലങ്ങളിൽ ഭക്ഷ്യസാധനങ്ങൾ എത്തിക്കുന്നതിന് വ്യത്യസ്ത നിരക്കുകൾ നൽകുവാനുണ്ടായ കാരണവും, ട്രാൻപോർട്ടേഷൻ കോൺട്രാക്ടറെ തെരഞ്ഞെടുക്കുന്നതിനായി നൽകിയ ക്വട്ടേഷൻ / ടെണ്ടർ നടപടികളുടെ ഫയൽ ( ക്വട്ടേഷൻ / ടെണ്ടർ നോട്ടീസ്, ടാബുലേഷൻ സ്റ്റേറ്റ്മെന്റ്, പ്രൊക്വർമെന്റ് കമ്മിറ്റി മിനുട്ടസ്, മുതലായവ) എന്നിവയും ഓഡിറ്റിന് ഹാജരാക്കുവാൻ ഓഡിറ്റ് അന്വേഷണം നം 16 തീയതി 13.1.2020 മുഖേന ആവശ്യപ്പെട്ടിരുന്നു. ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ രേഖകൾ 11.5.2018 ന് നടത്തിയ തെരഞ്ഞെടുക്കലിന്റെ ക്വട്ടേഷൻ നോട്ടീസും ,ടെണ്ടർ രജിസ്റ്ററിന്റെ പകർപ്പും മാത്രമാണ്.

ക്വട്ടേഷൻ നോട്ടീസിൽ ട്രാൻപോർട്ടേഷൻ കോൺട്രാക്ടറുടെ യോഗ്യതയോ, നിബന്ധനകളോ, മറ്റ് വിശദാംശങ്ങളോ രേഖപ്പെടുത്തിയിട്ടില്ല. ഹാജരാക്കിയ ടെണ്ടർ രജിസ്റ്ററിന്റെ പകർപ്പ് പ്രകാരം ക്വട്ടേഷനിൽ പങ്കെടുത്ത സീതാറാംദാസ്, ഷിബി.കെ.എ, ബദറുദ്ദീൻ എന്നിവരിൽ സീതാറാംദാസ് മാത്രമാണ് നിരതദ്രവ്യം ഒടുക്കിയിട്ടുള്ളത്.

ട്രാൻപോർട്ടേഷൻ കോൺട്രാക്ടറെ തെരഞ്ഞെടുക്കുന്നതിൽ സർക്കാർ ഉത്തരവ് (ആർ.ടി) 259/2010 /ത.സ്വ.ഭ.വ തീയതി 8.11.2010 പ്രകാരം പ്രാബല്യത്തിൽ വന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല.കൂടാതെ ആവശ്യമായ പ്രചരണം നൽകി മത്സരാധിഷ്ഠിത രീതിയിൽ ട്രാൻപോർട്ടേഷൻ കോൺട്രാക്ടറുടെ തെരഞ്ഞെടുക്കൽ നടത്തിയിട്ടില്ല. ഇത് സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു

1)ട്രാൻപോർട്ടേഷൻ ചാർജ്ജ് ഇനത്തിൽ മുൻവർഷം ചെലവഴിച്ച തുക അടങ്കലായി നിശ്ചയിച്ച് സർക്കാർ ഉത്തരവ് (ആർ.ടി) 259/2010/ത.സ്വ.ഭ.വ തീയതി 8.11.2010 -പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് മാത്രം ക്വട്ടേഷൻ / ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതാണ്.

2)ക്വട്ടേഷൻ / ടെണ്ടർ നോട്ടീസുകൾ മോട്ടോർ വാഹന വകുപ്പിന്റെ മണ്ണാർക്കാട്, പാലക്കാട് കാര്യാലയങ്ങളിലെ നോട്ടീസ് ബോർഡുകളിൽ പ്രസിദ്ധീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

3)സബല സ്കീമിനു വേണ്ടിയുള്ള ഭക്ഷ്യസാധനങ്ങൾ എത്തിക്കുന്ന സ്ഥാപനത്തെ കൂടി ട്രാൻപോർട്ടേഷൻ കോൺട്രാക്ടറുടെ തെരഞ്ഞെടുക്കലിൽ ഉൾക്കൊള്ളിക്കേണ്ടതാണ്.

1-47 ശിശു സൗഹൃദ ടോയ്‌ലറ്റുകൾക്കായി വനിത ശിശു വികസന വകുപ്പ് കൈമാറിയ തുക വിനിയോഗിക്കണം

ഗ്രാമ പഞ്ചായത്തിലെ സാംഖ്യാ വൗച്ചർ നം 118040900046 തീയതി 25.01.2019 ( സെക്രട്ടറി ഗ്രാമ പഞ്ചായത്ത് ലെറ്റർഹെഡിൽ നൽകിയ രശീതിലെ തീയതി 12.3.2019 ) പ്രകാരം സംസ്ഥാന വനിത ശിശു വികസന വകുപ്പ് ഗ്രാമ പഞ്ചായത്ത് പരിധിയിലെ അങ്കണവാടികളിൽ ശിശു സൗഹൃദ ടോയ്‌ലറ്റ് ടോയ്‌ലറ്റുകൾ നിർമ്മിക്കുവാൻ 84000.00 രൂപ ഗ്രാമ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് ശിശു സൗഹൃദ ടോയ്‌ലറ്റ് ടോയ്‌ലറ്റുകൾ നിർമ്മിച്ച അങ്കണവാടികളുടെ വിവരം, തുകയുടെ വിനിയോഗവിവരം എന്നിവ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നം 34 തീയതി 19.1.2021 മുഖേന

ആവശ്യപ്പെട്ടിരുന്നു.മറുപടി ലഭ്യമാക്കിയിട്ടില്ല.

അഗളി ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികളിൽ ഒന്നിൽപോലും ഓഡിറ്റ് തീയതി വരെ ശിശു സൗഹൃദ ടോയ്‌ലറ്റ് സ്ഥാപിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്ത് ഫണ്ടും ,സംസ്ഥാന വനിത ശിശു വികസന വകുപ്പ് കൈമാറിയ തുകയും ഉൾപ്പെടുത്തി അങ്കണവാടികളിൽ ശിശു സൗഹൃദ ടോയ്‌ലറ്റുകൾ നിർമ്മിക്കേണ്ടതാണ്. സംസ്ഥാന വനിത ശിശു വികസന വകുപ്പ് കൈമാറിയ തുകയുടെ വിനിയോഗ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-48 കുടുംബശ്രീമിഷൻ അനുവദിച്ച ഫണ്ട് ചെലവവഴിക്കപ്പെട്ടിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ വൗച്ചർ നം 118040900051 തീയതി 13.09.2018 ( സെക്രട്ടറി ഗ്രാമ പഞ്ചായത്ത് ലെറ്റർഹെഡിൽ നൽകിയ രശിതിലെ തീയതി 15.09.2018 ) പ്രകാരം സംസ്ഥാന കുടുംബശ്രീമിഷൻ ബഡ്സ് സ്കൂൾ അടിസ്ഥാന സൗകര്യവികസനത്തിനുള്ള സ്പെഷ്യൽ ഫണ്ട് അഗളി ഗ്രാമ പഞ്ചായത്ത് പരിധിയിലെ ബഡ്സ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനത്തിന് ഉപയോഗിക്കുവാൻ 1250000.00 രൂപ ഗ്രാമ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് 18-19 ൽ താഴെപ്പറയും പ്രകാരം ചെലവ് നടത്തിയിട്ടുണ്ട്

(1) പ്രൊജക്ട് നം369/19 പ്രകാരം 330962/-രൂപ ചെലവഴിച്ചു ( ഫർണ്ണിച്ചർ വാങ്ങി)
(2)പ്രൊജക്ട് നം363/19 പ്രകാരം 200000/-രൂപ ചെലവഴിച്ചു (ബഡ്സ് സ്കൂൾ നവീകരണം )
(3)പ്രൊജക്ട് നം291/19 പ്രകാരം 145792/-രൂപ ചെലവഴിച്ചു (ബഡ്സ് സ്കൂൾ ചുറ്റുമതിൽ )
ആകെ -676754/-

ബാക്കി തുക ഈ മേഖലയിൽ ചെലവഴിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

1-49 തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണ പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കണം

പ്രൊജക്ട് നമ്പർ - 28/19 – ABC പ്രോഗ്രാം- തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണ പദ്ധതി

അടങ്കൽ- രൂ.200000.00

ചെലവ്- രൂ. 200000.00( ബിൽ നം 1 /തീ.-3.12.18 )

നിർവഹണം-വെറ്റിനററി സർജൻ, മൊബൈൽ ഫാം എയ്ഡ് യൂണിറ്റ്, അഗളി

മേൽ പ്രോജക്ട് പ്രകാരം രണ്ട് ലക്ഷം രൂപ പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലെ അക്കൗണ്ട് നം 30074914685ലേക്ക് തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണ പദ്ധതിയിലേക്ക് ഗ്രാമ പഞ്ചായത്തിന്റെ വിഹിതമായി നിക്ഷേപിച്ചിട്ടുണ്ട്. ഈ പ്രൊജക്ട് പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ സാക്ഷ്യ പത്രവും ചെലവഴിക്കാത്ത തുക അവശേഷിക്കുന്നുണ്ടെങ്കിൽ ആയതും പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിച്ചതിന്റെ വിശദാംശങ്ങളും പരിശോധനക്ക് ഹാജരാക്കുവാൻ ഓഡിറ്റ് അന്വേഷണം 35/19.1.21 പ്രകാരം ആവശ്യപ്പെട്ടിരുന്നു. മറുപടി ലഭ്യമാക്കിയിട്ടില്ല. ജില്ലാ പഞ്ചായത്തിന് കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്

1-50 കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ അങ്കണവാടികൾ പ്രവർത്തിച്ചു

ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള 64 അങ്കണവാടികൾ 2018-19 വർഷത്തിൽ മതിയായ സുരക്ഷ മുൻകരുതൽ ഇല്ലാതെയാണ് പ്രവർത്തിച്ചിരുന്നത്. അങ്കണവാടി കെട്ടിടങ്ങൾക്ക് അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. ( ഓഡിറ്റ് അന്വേഷണം 12/13.1.21 ). അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നെസ്സ് സംബന്ധിച്ച് താഴെ പറയുന്ന ഉത്തരവുകൾ/സർക്കുലറുകൾ പ്രാബല്യത്തിലുണ്ട്.

1) തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 22-3-2011 ലെ സർക്കുലർ നം.

31055/സി.ഡി.2/2011/ത.സ്വ.ഭ.വ ഖണ്ഡിക സി(1) ൽ എല്ലാ കലണ്ടർ വർഷവും മെയ് 10-നകം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങളുൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും, പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ഖണ്ഡിക സി(2) പ്രകാരം യാതൊരു കാരണവശാലും സുരക്ഷിതമല്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കുവാൻ പാടില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

2)സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 8-7-2016 ലെ ഉത്തരവ് നം CMRP/3048/01/LA1 /2016/KeSCPCR പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ യാതൊരു പ്രീ പ്രൈമറി സ്ഥാപനങ്ങളും സംസ്ഥാനത്ത് പ്രവർത്തിക്കരുതെന്ന് വിധിച്ചിട്ടുണ്ട്.

3) തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യു) വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറിയുടെ 30.12.2016 ലെ സർക്കുലർ നം.7824555/ഇ,ഡബ്ല്യു/2016/ത.സ്വ.ഭ.വ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനിയർമാർ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്ഥാപനങ്ങൾ / സ്കൂളുകൾ പ്രവർത്തിക്കുന്നില്ലെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മേധാവി നടപടി സ്വീകരിച്ച് ഉറപ്പുവരുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്,

കേരള പഞ്ചായത്ത് രാജ് നിയമം അനുസരിച്ച് ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രധാന ചുമതലയാണ് അങ്കണവാടികൾ നടത്തുക എന്നത്. അങ്കണവാടികൾ ഫിറ്റ്നെസ്സ് ഇല്ലാതെ പ്രവർത്തിക്കുന്നത് ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും, അങ്കണവാടികളുടെ ഭരണ വകുപ്പായ വനിതാ-ശിശു ക്ഷേമ വകുപ്പിന്റെയും വീഴ്ചയാണ്. ഭാവിയിൽ എല്ലാ കലണ്ടർ വർഷവും മെയ് 10-നകം അസിസ്റ്റന്റ് എഞ്ചിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങളുൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും, മതിയായ പരിശോധന നടത്തി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കേണ്ടതുമാണ്. ഈക്കാര്യത്തിൽ ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. പട്ടിക വർഗ്ഗ ഊരുകളിൽ പ്രവർത്തിക്കുന്ന അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷക്കും സംരക്ഷണത്തിനും വേണ്ടി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

1-51 പട്ടിക വർഗ്ഗ ഉപ പദ്ധതി (ടി.എസ്.പി) -ഫണ്ട് വിനിയോഗം- നിബന്ധനകൾ പാലിക്കുന്നില്ല

അഗളി ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷം അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതികൾക്കു വേണ്ടി താഴെ പറയുന്ന പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നം | പ്രൊജക്ട് നം | പ്രൊജക്ടിന്റെ പേര് | ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|---|---|---|
| 1 | 7/19 | അനുപൂരക പോഷകാഹാരം (ജനറൽ)- | വികസന ഫണ്ട് -ജനറൽ | 1300000.00 | 1300000.00 |
| | | അടങ്കൽ- 2800000.00 | കേന്ദ്ര വിഹിതം | 1500000.00 | 1425156.00 |
| 2 | 11/19 | അനുപൂരക പോഷകാഹാരം (എസ്.സി.പി) | പട്ടിക ജാതി ഉപ പദ്ധതി | 400000.00 | 398840.00 |
| 3 | 13/19 | അനുപൂരക പോഷകാഹാരം | പട്ടിക വർഗ്ഗ ഉപ | 4500000.00 | 4498832.00 |

| | | | | | |
|---|---|---|---|---|---|
| | | (ടി.എസ്.പി) | പദ്ധതി | | |
| 4 | 301/19 | അനുപൂരക പോഷകാഹാരം (ടി.എസ്.പി) | പട്ടിക വർഗ്ഗ ഉപ പദ്ധതി | 282978.00 | 282978.00 |

മേൽ പട്ടിക പ്രകാരം പട്ടിക വർഗ്ഗ ഉപ പദ്ധതിയിൽ (ടി.എസ്.പി) നിന്നും 4781810.00 അനുപൂരക പോഷകാഹാര വിതരണത്തിനു വേണ്ടി ചെലവഴിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്ത് പ്രസിദ്ധീകരിച്ച കരട് പദ്ധതി രേഖ പേജ് 11 പ്രകാരം ഗ്രാമ പഞ്ചായത്തിലെ ജനസംഖ്യയും വാർഷിക പദ്ധതിയുടെ ചെലവ് രേഖകൾ അനുസരിച്ച് അനുപൂരക പോഷകാഹാര പദ്ധതിക്കുവേണ്ടി ഗ്രാമ പഞ്ചായത്ത് ചെലവഴിച്ച തുകയുടെ ശതമാനവും താഴെ പറയും പ്രകാരമാണ്.

| ക്രമ നം | വിഭാഗം | ജനസംഖ്യ | ശതമാനം | 2018-19 വർഷം അനുപൂരക പോഷകാഹാര പദ്ധതി- ഫണ്ട് | തുക | ശതമാനം |
|---|---|---|---|---|---|---|
| 1 | പട്ടികജാതി | 1452 | 4.16% | പട്ടിക ജാതി ഉപ പദ്ധതി(SCP) | 493400.00 | 6.17% |
| 2 | പട്ടിക വർഗ്ഗം | 10919 | 31.24% | പട്ടിക വർഗ്ഗ ഉപ പദ്ധതി(TSP) | 4781810.00 | 59.77% |
| 3 | പൊതു വിഭാഗം | 22570 | 64.60% | വികസനഫണ്ട് (ജനറൽ ) | 1300000.00 | 16.25% |
| 4 | | | | കേന്ദ്ര വിഹിതം | 1425156.00 | 17.81% |
| | ആകെ | 34941 | 100% | | 8000366.00 | 100% |

2018-19 വർഷം അനുപൂരക പോഷകാഹാര പദ്ധതിയുടെ ഗുണഭോക്താക്കളായവരുടെ വിശദാംശങ്ങൾ ഓഡിറ്റ് അന്വേഷണം 19/13.01.2021 പ്രകാരം ആവശ്യപ്പെട്ടിരുന്നു.ഇതിന് നൽകിയ മറുപടിയിൽ 64 അങ്കണവാടികളിലുമായി ഗുണഭോക്താക്കളായവരുടെ വിശദാംശങ്ങൾ ലഭ്യമാക്കിയത് താഴെ ചേർക്കുന്നു.

| | ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ | | | അകെ ഗുണഭോക്താക്കളുടെ എണ്ണം | ജനറൽ വിഭാഗം | പട്ടിക ജാതി വിഭാഗം | പട്ടിക വർഗ്ഗ വിഭാഗം |
|---|---|---|---|---|---|---|---|
| | കുട്ടികൾ | കൗമാരക്കാർ | ഗർഭിണികൾ | | | | |
| എണ്ണം | 1773 | 614 | 540 | 2927 | 1734 | 135 | 1058 |
| ശതമാനം | 60.57% | 20.98% | 18.45% | | 59.26% | 4.62% | 36.14% |

മേൽ പട്ടികകൾ അനുസരിച്ച് പട്ടിക വർഗ്ഗ വിഭാഗത്തിന്റെ ജനസംഖ്യ അനുപാതത്തിനും ഗുണഭോക്താക്കളുടെ എണ്ണത്തിനും ആനുപാതികമായല്ല ചെലവ് നടത്തിയിരിക്കുന്നതെന്ന് വ്യക്തമാണ്. പട്ടിക വർഗ്ഗ വിഭാഗത്തിൽ പെടുന്ന 36.14% ഗുണഭോക്താക്കൾക്കായി പ്രൊജക്ട് ചെലവിന്റെ 59.77% തുക ചെലവഴിച്ചത് പട്ടിക വർഗ്ഗ ഉപ പദ്ധതി ഫണ്ടിൽ (ടി.എസ്.പി) നിന്നുമാണ്.

പട്ടിക വർഗ്ഗ ഉപ പദ്ധതിയിലെ പ്രൊജക്ടുകൾ സർക്കാർ ഉത്തരവ് (കൈ)നം. 11/2018/ത സ്വ ഭ വ തീയതി 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 6.2 ലെ നിബന്ധനകൾ പ്രകാരമാണ് നിർവ്വഹിക്കേണ്ടത്. ഇതിനു വിരുദ്ധമായി പട്ടിക വർഗ്ഗ ഉപ പദ്ധതി ഫണ്ട് (ടി.എസ്.പി) ചെലവഴിച്ചതിന് ഭരണ വകുപ്പ് തലത്തിൽ തുടരന്വേഷണം ആവശ്യമാണ്.

1-52 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തണം

ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ 64 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ ഭൌതിക സാഹചര്യങ്ങൾ സംബന്ധിച്ച് ഐ സി ഡി എസ് സൂപ്പർവൈസർ ലഭ്യമാക്കിയ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | അങ്കണവാടികളുടെ ആകെ എണ്ണം | 64 |
| 2. | സ്വന്തമായി കെട്ടിടമുള്ളവയുടെ എണ്ണം | 55 |
| 3 | അഹാഡ്സ്, മറ്റ് പൊതു കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവ | 4 |
| 4. | വാടക കെട്ടിത്തിൽ പ്രവർത്തിക്കുന്നവ | 5 |
| 5 | ടോയ് ലറ്റ് സൗകര്യം ഉള്ളവയുടെ എണ്ണം | 64 |
| 6. | ബേബി ഫ്രണ്ട് ലി ടോയ് ലറ്റ് ഉള്ളവ | ഇല്ല |
| 7. | ചുറ്റമതിൽ ഉള്ളവയുടെ എണ്ണം | 38 |
| 8. | വൈദ്യുതി ഉള്ളവ | 17 |
| 9. | കുടിവെള്ളം ലഭ്യമായവ(പൈപ്പ് ലൈൻ :59 + കിണർ : 5) | 64 |
| 10. | കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടും കെട്ടിടം പണിയാത്തവ | 3 |
| 11. | ഗ്യാസ് കണക്ഷൻ ഉള്ളവ | 64 |
| 12. | അങ്കണവാടികളിൽ ആവശ്യത്തിന് ഫർണ്ണിച്ചറുകളും, പാത്രങ്ങളും ഉള്ളവ | 64 |
| 13. | അങ്കണവാടികളിലെ കുട്ടികളുടെ ശരാശരി എണ്ണം | 7 |
| 14. | കമ്പ്യൂട്ടർ/ലാപ് ടോപ്പ് ഉള്ളവ | ഇല്ല |
| 15. | കെട്ടിട നിർമാണം നടക്കുന്ന അങ്കണവാടികളുടെ എണ്ണം | 2 |
| 16. | അങ്കണവാടികളിൽ ധാന്യ സംഭരണികൾ ഉള്ളവ | 50 |

അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് (

ആർ.റ്റി) 1830/17 / ത.സ്വ.ഭ.വ തീയ്യതി. 2.6.2017 പ്രകാരം പ്രാബല്യത്തിൽ വന്ന " Administration Manual for Transferred Functions: Anganwadis" ലെ അധ്യായം 3 ഖണ്ഡിക 3.1,3.2 എന്നിവയിലെ നിർദ്ദേശങ്ങളിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. സ.ഉ(കൈ)17/2018/തസ്വഭവ തീയതി 2.2.2018ലെ ഖണ്ഡിക 7.8.2 പ്രകാരം അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനും മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കുമായി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങളായ സ്ഥലം, കെട്ടിടം, കുടിവെള്ളം, ഫർണ്ണിച്ചർ ,മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ വികസിപ്പിക്കുന്നതിനും, വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന 5 അങ്കണവാടികൾക്ക് സ്വന്തം കെട്ടിടം ഉണ്ടാക്കുന്നതിനും ശിശു സൗഹൃത ടോയ്ലറ്റുകൾ നിർമ്മിക്കുന്നതിനും തുടർന്നുള്ള വാർഷിക പദ്ധതികളിൽ ഗ്രാമ പഞ്ചായത്ത് മുൻഗണന നൽകേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ഭരണസമിതിയും ഇക്കാര്യത്തിൽ ശ്രദ്ധ കൂടുതൽ പതിപ്പിക്കേണ്ടതാണ്.അങ്കണവാടി തല മോണിറ്ററിംഗ് & സപ്പോർട്ടിംഗ് കമ്മിറ്റികളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

3-1 മരാമത്ത് പ്രവർത്തി -കൺവീനർക്ക് അധിക തുക അനുവദിച്ചു

അസിസ്റ്റന്റ് എഞ്ചിനീയർ 2018-19 വർഷത്തിലെ പ്രൊജക്ടുകളിൽ (നിർവ്വഹണം സെക്രട്ടറി ) താഴെ പറയുന്ന 2016-17 ലെ സ്പിൽ ഓവർ പ്രൊജക്ടുകളിൽ (2014-D.S.R COST INDEX 36.19%-കൺവീനർ മുഖേന) മരാമത്ത് പ്രൊജക്ടുകളുടെ (റോഡ് വർക്ക്) നിർവ്വഹണത്തിൽ എസ്റ്റിമേറ്റിൽ 10 % 'OVER HEAD CHARGES' ആയി (ടാക്സ് പ്രൊവിഷൻ) ഉൾപ്പെടുത്തിയിട്ടുള്ളതാണ്. (പിന്നീട് 7.5% അനുവദിച്ചാൽ മതി എന്ന് ഉത്തരവ് ഉള്ളത് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ പത്ത് ശതമാനത്തിൽ നിന്ന് 2.5% ഫൈനൽ ബിൽ തുകയിൽ കുറവ് ചെയ്തിട്ടുമില്ല ). എന്നാൽ മേൽ പത്ത് ശതമാനത്തിൽ വാറ്റ് പ്രൊവിഷൻ തുകയായി 5% ഉൾപ്പെടുത്തിയത് ബില്ലിൽ കുറവ് ചെയ്യുകയോ ഈടാക്കി അടവാക്കുകയോ (2018-19 ൽ കൺവീനർ പ്രവർത്തികൾക്ക് വാറ്റ് ഈടാക്കേണ്ടതില്ല) ചെയ്യാത്തതിനാൽ താഴെപ്പറയുന്ന പ്രവർത്തികളിൽ 5% വീതം അധികമായി അനുവദിച്ചത് മൂലം പഞ്ചായത്ത് ഫണ്ടിന് അധിക ബാദ്ധ്യത ഉണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| നം | പ്രൊജക്ട്/പേര് | കൺവീനർ/ബിൽ നം | വിശദവിവരം |
|---|---|---|---|
| 1 | 215/19-ചിണ്ടക്കി റോഡ് സൈഡ് കെട്ടൽ<br>(301/17 സ്പിൽ ഓവർ) ജനറൽ<br>എംബുക്ക് -137/16-17<br>DSR -36.19%,<br>കരാർ | കൺവീനർ -രമേഷ്.കെ<br>ബില്ല്-നം30/18-19/125.5.2018<br>തുക=320775/രൂപ | പ്രവൃത്തിമൂല്യം =327321<br>(O.H) 327321ന്റെ 10% =32732<br>കുറവ് ചെയ്തത് IT 1% =3273<br>OH 2.5 % =0<br>W.F 1% =3273<br>അധികംനൽകിയത്=3273x5=16366/- |

| | | | |
|---|---|---|---|
| | നം-119/SEC/AGP /17-18/22.03.2017 | | കുറവ്ചെയ്യാത്ത OH 2.5% =8183<br>ആകെ = 24549/-<br>(IT 3273/-രൂപ കുറവ് ) |
| 2 | 226/19-കിണർ നിർമ്മാണം -ജനറൽ<br>എംബുക്ക് -130/16-17<br>DSR -2014COST INDEX 36.19%<br>കരാർ നം-130/16-17/AE/LSGD /AGP/16.3..2017 | പ്രഭാകരൻ<br>ബില്ല്-26/18-19/25.5.18<br>തുക -61418/-രൂപ | പ്രവർത്തിമൂല്യം = 61418<br>(O.H)61418 ന്റെ 10%=6141<br>കുറവ് ചെയ്തത് IT 2% =1228<br>W.F 1% =614<br>2.5 % on O.H = 1535(കുറവ് ചെയ്യാത്തത്)<br>ആകെ അധികം നൽകിയത്= (3070+185 =4605 |
| 3 | 299/18-19- ചെമ്മണ്ണൂർ ഊരിൽ ടാങ്ക് നിർമ്മാണം (CFC )<br>എംബുക്ക് -128/17-18<br>DSR2014 -36.19%<br>കരാർ നം-128/17-18/SEC /AGP/21.3.18 | സുബ്രമണ്യൻ<br>ബില്ല്-57/18-19/23.8.2018<br>തുക =48683/രൂപ | പ്രവർത്തിമൂല്യം = 48683<br>(O.H)234206ന്റെ 10% =4868<br>കുറവ് ചെയ്തത് IT 2% =974<br>OH 2.5 % (കുറവ് ചെയ്തത്) =1205<br>W.F 1% =482<br>അധികംനൽകിയത്=48683x5% = 2410/-<br>ആകെ =3615<br>(2410+1205 |
| 4 | 227/19-കള്ളമല കിണർനിർമ്മാണം<br>( CFC)<br>എംബുക്ക് -112/17-18<br>DSR -36.19%<br>കരാർ നം-112/17-18/8.3.2018 | ജാൻസി ആനന്ദ്<br>ബില്ല്-10/18-19/25.5.18<br>തുക=48546/രൂപ | പ്രവർത്തിമൂല്യം = 48546<br>(O.H)158310 ന്റെ 10% =4854<br>കുറവ് ചെയ്തത് IT 2% =971<br>OH 2.5 % (കുറവ് ചെയ്തത്) =1200<br>WF 1% =480<br>അധികംനൽകിയത്=48546x5% = 2400/<br>ആകെ =3600 |
| | | ആകെ | 36369 |

എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ (DSR-2014 COST INDEX 36.19%-TS 18.8.2016) 10% 'OVER HEAD CHARGES'

എന്ന ശീർഷകത്തിൽ (TAX PROVISION ആയി) അനുവദിച്ചിട്ടുള്ളതാണ്. എന്നാൽ 18-19 ൽ വാറ്റ് ഈടാക്കേണ്ടതില്ല എന്നതിനാൽ ആയതിന് അനുവദിച്ച 5% തുക കുറവ് ചെയ്യുകയോ ഈടാക്കി അടവാക്കുകയോ ചെയ്തിട്ടില്ല. ഈ 5% തുകയും പത്ത് ശതമാനം ഓവർ ഹെഡ് ചാർജ്ജിൽ കുറവ് ചെയ്യേണ്ടിയിരുന്ന 2.5 %അടക്കം കൺവീനർക്ക് അധികമായി നൽകിയത് ക്രമപ്രകാരമല്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ് അല്ലാത്ത പക്ഷം തുക കോൺട്രാക്ടറിൽ നിന്നോ ബിൽ അനുവദിച്ച ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ (സെക്രട്ടറി) നിന്നോ 36369/-രൂപ ഈടാക്കേണ്ടതാണ് ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (നം 30/18-19/15.1.2021 )മറുപടി ലഭ്യമാക്കിയിട്ടില്ല.

3-2 ഡ്രൈനേജിന് സെൻററിങ് ഷട്ടറിങ് - അധിക നിരക്ക് അനുവദിച്ചു

അസി.എഞ്ചിനീയർ/സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തിയിൽ ഡ്രൈനേജ് നിർമ്മിക്കുന്നതിന്റെ ഭാഗമായി ഡ്രൈനേജിന്റെ സൈഡ് വാളിന് വേണ്ടിയുള്ള സെന്ററിങ് പ്രവൃത്തിക്ക് DSR/2016- (cost index 40.2 )ഡാറ്റാ കോഡ് 4.3.2 പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. ഡ്രൈനേജ് വാളിന് വേണ്ടി എർത്ത് വർക്ക് ചെയ്ത് മണ്ണ് ഒഴിവാക്കിയിട്ടാണ് ഈ പ്രവൃത്തി ചെയ്തിട്ടുള്ളത് എന്നതിനാൽ ഫൗണ്ടേഷൻ പ്രവൃത്തിക്ക് ബാധകമായ DSR-ഡാറ്റ കോഡ് 4.3.1 പ്രകാരമുള്ള നിരക്ക് മാത്രമാണ് ഈ പ്രവൃത്തിക്ക് നൽകാവുന്നത്. കൂടാതെ ശരാശരി 0.70cm മാത്രമാണ് ഇവയുടെ ഉയരം വരുന്നത്. 4.3.2 പ്രകാരമുള്ള ഡാറ്റയിൽ ഈ പ്രവൃത്തിക്ക് 1 മീറ്റർ ഉയരമാണ് കാണിച്ചിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രവൃത്തി | അളവ് പുസ്തകം, പ്രവൃത്തി ഇനം, അളവ് | നൽകിയ തുക (ഡി.എസ്.ആർ. 4.3.2 പ്രകാരം (എം2/നിരക്ക് ) 530.80/m2 | നൽകാവുന്ന തുക (ഡി.എസ്.ആർ. 4.3.1 പ്രകാരം നിരക്ക് 266.19/m$^{2)}$ | അധികം |
|---|---|---|---|---|---|
| .1. | (1)276/19-ഡ്രൈനേജ് നിർമ്മാണം (ചിണ്ടക്കി) കരാറുകാരൻ ശ്രീ.മൂർത്തി (5% കുറവ് )<br>ബിൽ 37/18-19 /31.7.18 തുക.467281/-<br>DSR 2016 കോസ്റ്റ് ഇൻഡക്സ് - 40.2% നിർവ്വഹണം-സെക്രട്ടറി | എം.ബുക്ക് നം. 3/18-19 പ്രവൃത്തി ഇനം നം(5 ) 199.215 M$^2$ | 530.80/m$^2$<br>105743- TV -5% =5287.15 =100455.85 | 266.19/m2 53029-5% 2651 =50378/- | 50078/- |

| | | | |
|---|---|---|---|
| | ആകെ | | 50078 |

അധിക തുക 50078/-രൂപ സാങ്കേതികാനുമതി നൽകിയ അസി.എക്സി എൻജിനിയറിൽ നിന്ന് (അട്ടപ്പാടി ബ്ലോക്ക് -TS NO.50454/2017-18 /3.6.2017 ) ഈടാക്കേണ്ടതാണ് ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം-31/18-19/15.1.2021 ) മറുപടി ലഭ്യമാക്കിയിട്ടില്ല

3-3 മരാമത്ത് പ്രവൃത്തികളിൽ പൂർത്തീകരണ കാലാവധി വൈകിയിട്ടും നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല.

താഴെ പറയുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും കേരള പൊതുമരാമത്ത് മാന്വലിലെയും കരാറുകാരനും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും തമ്മിലുണ്ടാക്കിയ കരാറിലെയും വ്യവസ്ഥപ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല.

G.O.(P) No. 13/2012/PWD, Dt 1-2-2012 മുഖേന പ്രസിദ്ധീകരിച്ച 2012 ലെ PWD Manual പ്രകാരം അനുവദനീയമായ പൂർത്തീകരണ കാലാവധി നീട്ടൽ സംബന്ധിച്ച് താഴെപ്പറയും പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

The extension of time of completion that can be granted at a time shall not exceed 25% of the original time or six months whichever is less . The maximum extension that can be granted for a work shall be limited to half the original time of completion.

കൂടാതെ പ്രവർത്തി പൂർത്തീകരണം വൈകിയാൽ കരാറുകാരന്റെ അപേക്ഷയിൻമേൽ തീരുമാനമെടുത്ത് സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കണം എന്നും പ്രവൃത്തിപൂർത്തീകരണം വൈകിയതിന് താഴെസൂചിപ്പിച്ചിട്ടുള്ള നിരക്കിൽ പിഴ ഈടാക്കണം എന്നും മാനുവലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

Fines for extension of time

| Period | Rate of fine |
|---|---|
| First Extension | 1% of the PAC subject to a minimum of Rs. 1000 and maximum of Rs. 5000 |
| Beyond First Extension | 2% of the PAC subject to a minimum of Rs. 2000 and maximum of Rs. 10000 |

പിഴ ഈടാക്കാത്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രൊജക്റ്റ് നമ്പരും പേരും: SO 40/18-ജലസേചന കനാൽ- ദോണിഗുണ്ട് പാലത്തിന് സമീപം

   അടങ്കൽ: 530000 ഫണ്ടിനം: പദ്ധതി ഫണ്ട് (റ്റി.എസ്.പി)

   ചെലവ്: 524033 /- ബിൽ നം.73/18-19,തീയ്യതി. 20-3-2019

   കരാർ നം.19/AE/LSGD/AGP/17-18, Dt:31-10-2017 -(PAC): 529394 കരാറുകാരൻ:സുലൈമാൻ

   കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 31-3-2018

   പൂർത്തീകരിച്ച തീയ്യതി: 20-12-2018 അളവു പുസ്തകം: 191/17-18

   ആകെ പ്രവൃത്തി മൂല്യം: 524033

ഭരണസമിതിയുടെ 25-2-2019ലെ 7/1നമ്പർ തീരുമാന പ്രകാരം കാലവർഷകെടുതി മൂലവും മെറ്റീരിയൽസിന്റെ ലഭ്യതകുറവ് മൂലവും കാലാവധിക്കുള്ളിൽ പണിപൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യത്തിൽ പൂർത്തീകരണകാലാവധി 31-3-2019വരെ നീട്ടി നൽകുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. എന്നാൽ മേൽസൂചിപ്പിച്ച പ്രവൃത്തി 31-3-2018 ന് മുമ്പ് (ശക്താമയ കാലവർഷം ആരംഭിക്കുന്നതിന് മുമ്പ് ) പൂർത്തീകരിക്കേണ്ടതായിരുന്നു. കൂടാത ഈ കാലയളവിൽ മെറ്റീരിയൽസിന്റെ ലഭ്യതയിലും കുറവ് സംഭവിച്ചിട്ടില്ല. (ടി കാലയളവിൽ സമാനമായധാരാളം പ്രവൃത്തികൾ നിർവ്വഹിക്കപ്പെടുകയും ബില്ലുകൾ നൽകുകയും ചെയ്തിട്ടുണ്ട്) .31-3-2018വരെ യാതൊരു പ്രവർത്തനങ്ങളും നടത്താതെ 25-2-2019 ൽ ഇപ്രകാരം തീരുമാനം എടുക്കുന്നത് ക്രമപ്രകാരമല്ല.

ആയതിനാൽ കരാറുകാരനിൽ നിന്നും താഴെസൂചിപ്പിക്കും പ്രകാരം പിഴ ഈടാക്കേണ്ടിയിരുന്നു.

ഈടാക്കേണ്ട പിഴ:

ആദ്യത്തെ ഒന്നര മാസം: 5294(PACയുടെ 1%)

രണ്ടാമത്തെ ഒന്നര മാസം: 10588 (PACയുടെ 2%)

ആകെ ഈടാക്കേണ്ടത്: 15882

ഈടാക്കിയത്: 0

ഈടാക്കിയതിൽ കുറവ്: 15882

2. പ്രൊജക്ട് നമ്പരും പേരും: SO 297/19 പുതിയ കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണം - എ.സി.പി വർക്ക്

അടങ്കൽ: – 500000 ഫണ്ടിനം: 450000പദ്ധതി ഫണ്ട് (ജനറൽ), 50000(തനത് ഫണ്ട്)

ചെലവ്: –499130/- ബിൽ നം.60/18-19, 19-3-2019Rs. 450000, ചെക്ക് നം. 5980982/ 18-3-2019, Rs. 49130

കരാർ നം.121/SEC/AGP/17-18, Dt: 13-3-2018 -(PAC): – 499130 കരാറുകാരൻ: സോമൻ. കെ.

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 13-5-2018 (T. S പ്രകാരമുള്ള പൂർത്തീകരണ കാലാവധി -2മാസം)

പൂർത്തീകരിച്ച തീയ്യതി: 10-12-2018 , അളവു പുസ്തകം: 121/17-18,

ആകെ പ്രവൃത്തി മൂല്യം: 499130

ഭരണസമിതിയുടെ 16-2-2019ലെ 36/1നമ്പർ തീരുമാന പ്രകാരം കാലവർഷകെടുതി മൂലം മൂലവും കാലാവധിക്കുള്ളിൽ പണിപൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യത്തിൽ പൂർത്തീകരണകാലാവധി നീട്ടി നൽകുന്നതിനായി അനുമതി നൽകിയിട്ടുണ്ട് (ഏത് തീയ്യതി വരെ എന്ന് തീരുമാനത്തിൽ സൂചിപ്പിച്ചിട്ടില്ല). എന്നാൽ മേൽസൂചിപ്പിച്ച പ്രവൃത്തി 13-5-2018 ന് മുമ്പ് (ശക്താമയ കാലവർഷം ആരംഭിക്കുന്നതിന് മുമ്പ് ) പൂർത്തീകരിക്കേണ്ടതായിരുന്നു. 13-5-2018വരെ യാതൊരു പ്രവർത്തനങ്ങളും നടത്താതെ 16-2-2019 ൽ ഇപ്രകാരം തീരുമാനം എടുക്കുന്നത് ക്രമപ്രകാരമല്ല.

ആയതിനാൽ കരാറുകാരനിൽ നിന്നും താഴെസൂചിപ്പിക്കും പ്രകാരം പിഴ ഈടാക്കേണ്ടിയിരുന്നു.

ഈടാക്കേണ്ട പിഴ:

ആദ്യത്തെ അര മാസം: – 4991 (PACയുടെ 1%)

രണ്ടാമത്തെ അര മാസം: – 9982 (PACയുടെ 2%)

ആകെ ഈടാക്കേണ്ടത്: 14973

ഈടാക്കിയത്: Nil

ഈടാക്കിയതിൽ കുറവ്: 14973

3.പ്രൊജക്ട് നമ്പരും പേരും: SO 268/19- അച്ചംമുക്ക് ബസ് വെയിറ്റിങ്ങ് ഷെഡ്ഡ്

അടങ്കൽ: – 200000 ഫണ്ടിനം: 200000പദ്ധതി ഫണ്ട് (ജനറൽ)

ചെലവ്: –181366/- ബിൽ നം.83/18-19, 26-3-2019Rs.181366,

കരാർ നം.44/AE/AGP/17-18, Dt: 10-11-2017 -(PAC): – 166426 കരാറുകാരൻ: ഹാൻസൻ. പി.വി

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 10-5-2018 (T. S പ്രകാരമുള്ള പൂർത്തീകരണ കാലാവധി -6മാസം)

പൂർത്തീകരിച്ച തീയ്യതി: 21-1-2019 , അളവു പുസ്തകം: 44/17-18,

ആകെ പ്രവൃത്തി മൂല്യം: 181366

കരാറുകാരൻ 3/2019ൽ സ്ഥലം വിട്ടുകിട്ടുന്നതിൻ കാലതാമസം നേരിട്ടതിനാൽ പണി പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടു എന്നും ആയതിനാൽ പിഴ ഒഴിവാക്കിതരണമെന്നും അപേക്ഷിച്ചിട്ടുണ്ട്. ഭരണസമിതിയുടെ 19-3-2019ലെ 1/3നമ്പർ തീരുമാനത്തിൽ കരാറുകാരന്റെ അപേക്ഷ പ്രകാരം പൂർത്തീകരണകാലാവധി 30-3-2019വരെ നീട്ടി നൽകുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. 10-5-2018ൽ പൂർത്തീകരിക്കേണ്ട പ്രവൃത്തി യഥാസമയം സ്ഥലം കൈമാറുകയോ ആരംഭിക്കുകയോ ചെയ്യാതെ വളരെ വൈകി 3/2019ൽ കരാറുകാരൻ ഇത്തരം അപേക്ഷ സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ തീരുമാനം എടുക്കുകയും ചെയ്യുന്നത് ക്രമപ്രകാരമല്ല. ആയതിനാൽ താഴെചേർക്കും പ്രകാരം നിയമാനുസൃതമായി പിഴ ഈടാക്കേണ്ടതായിരുന്നു.

ആദ്യത്തെ ഒന്നര മാസം: – 1664 (PACയുടെ 1%)

രണ്ടാമത്തെ ഒന്നര മാസം: – 3328 (PACയുടെ 2%)

ആകെ ഈടാക്കേണ്ടത്: 4992

ഈടാക്കിയത്: Nil

ഈടാക്കിയതിൽ കുറവ്: 4992

ഇു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 21/13-1-2021, 27/18-1-2021എന്നിവയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ മേൽസൂചിപ്പിച്ച പിഴ തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ പിഴയിനത്തിൽ ആകെ 35847 രൂ. ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-4 മരാമത്ത്-എഗ്രിമെൻറ് വെയ്ക്കാൻ വൈകി -പിഴ ഇടാക്കിയില്ല

2012ലെ പൊതുമരാമത്ത് മാന്വൽ പ്രകാരം ഭരണസമിതി ഒരു പ്രവൃത്തിക്ക് ടെണ്ടർ അംഗീകരിച്ചാൽ 7ദിവസത്തിനുള്ളിൽ സെലക്ഷൻ നോട്ടീസ് റജിസ്റ്റേഡ് ആയി അയക്കണമെന്നും സെലക്ഷൻ നോട്ടീസ് നൽകി 14ദിവസത്തിനകം (സെലക്ഷൻ നോട്ടീസ് അയക്കുന്ന തീയ്യതി മുതൽ ) എഗ്രിമെന്റ് വെയ്ക്കണമെന്നും ഇപ്രകാരം ചെയ്യാത്ത പ്രവൃത്തികളിൽ തുടർന്ന് 10 ദിവസത്തിനകം 1% പിഴയോടുകൂടി എഗ്രിമെന്റ്

വെയ്ക്കണമെന്നും പൊതുമരാമത്ത് മാന്വലിൽ നിർദേശിക്കുന്നു. ഇപ്രകാരം ചെയ്യാത്ത ടെണ്ടറുകൾ റദ്ദാക്കണമെന്നും പുനർ ലേലം നടത്തണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികളിൽ സമയപരിധി വൈകിയിട്ടും പിഴ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര്, വിശദാംശങ്ങൾ | ബിൽ നം, തീയ്യതി, ചെലവ് തുക | ഭരണസമിതി ടെണ്ടർ അംഗീകരിച്ച തീയ്യതി | സെലക്ഷൻ നോട്ടീസ് അയച്ച തീയ്യതി | എഗ്രിമെന്റ് വെച്ച തീയ്യതി | കരാർ തുക | ഈടാക്കേണ്ട പിഴ(കരാർ തുകയുടെ 1%) |
|---|---|---|---|---|---|---|
| SO 88/19- നെഹ്റു കോളനി പൈപ്പ് ലൈൻ നീട്ടൽ | 37/18-19, 27-12-18, Rs. 199351 | 4-6-18 | 11-6-2018 | 26-6-2018 | 199991 | 2000 |
| SO 40/18- ജലസേചന കനാൽ- ദോണിഗുണ്ട് പാലത്തിന് സമീപം | 73/18-19, 20-3-19, 524033 | 10-10-17 | 13-10-17 | 31-10-17 | 524827 | 5248 |
| SO 40/18- അഗളി സ്റ്റേഡിയം പരിസരം കുട്ടികളുടെ പാർക്ക് | 69/18-19, 19-3-2019, 858381 | 4-6-2018 | 11-6-2018 | 26-6-2018 | 867978 | 8680 |
| ആകെ ഈടാക്കേണ്ട പിഴ | | | | | | 15928 |

ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 21/ 13-1-2021, നം . 27/ 18-1-2021 എന്നിവയ്ക്ക് നൽകിയ മറുപടിയിൽ കരാറുകാരനിൽ നിന്നും പിഴ ഈടാക്കി അടവാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ പിഴഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -4

4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിൻറ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 4.7.19 മുതൽ 5.7.19വരെ | നം.കെ.എസ്.എ-പികെഡി-21/997/2019(1)/26.8.2019 |

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം | തുക | ലഭിച്ച | പ്രൊജക്ടിന്റെ | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| നൽകിയ സ്ഥാപനം | ലഭിച്ച വർഷം | തുക 700000 | പേര് 278/19 ഓടപ്പെട്ടി ചെക്ക് ഡാം | 0 | 700000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 200000 | 279/19 -ഭിന്ന ശേഷിക്കാർക്ക് പെട്ടിക്കട | 200000 | 0 |
| | | 1000000 | 340/19 -രാജീവ് കോളനി ടാങ്ക് നിർമ്മാണം | 1000000 | 0 |
| | | 2000000 | 362/19- ചിണ്ടക്കി ഉൗര് കുടിവെള്ള പദ്ധതി | 2000000 | 0 |
| | | 500000 | 30/19- വനിതകൾക്ക് കറവപ്പശു (TSP) | 500000 | 0 |
| | | 500000 | 35/19- വനിതകൾക്ക് പെണ്ണാട് | 460000 | 40000 |
| | | 313628 | 61/19 -ഭവന നിർമ്മാണം (SCP) | 0 | 313201 |
| | | 3915000 | 62/19-ഭവന നിർമ്മാണം (ജനറൽ) | 3915000 | 0 |
| ജില്ലാപഞ്ചായത്ത് | 2018-19 | 400000 | 235/19 -പീലിന് സബ്സീഡി | 400000 | 0 |
| | | 8080879 | 61/19 -ഭവന നിർമ്മാണം (SCP) | 5510000 | 2570879 |
| | | 4339847 | 62/19-ഭവന നിർമ്മാണം (ജനറൽ) | 2005000 | 2334847 |
| | | 595826 | 65/19-ഭവന നിർമ്മാണം (TSP) | 0 | 595826 |

(ഇതു സംബന്ധിച്ച രജിസ്റ്റർ, എസിആർ എന്നിവ തയ്യാറാക്കി സമർപ്പിച്ചിട്ടില്ലാത്തതിനാൽ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല)

4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകകളുടെ വിവരം

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ് ഭവന പദ്ധതി | സ.ഉ(ആർ.ടി) നം. 157/10/ തസ്വഭവ തിയതി 20-3-2010 | 28102375 | 855706 | 603160 | - | 252546 |
| ഇ.എം. എസ് ഭവന പദ്ധതി(KURDFC) | | 69981892 | 69981892 | - | - | 69981892 |

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 2400 രൂപ ഈടാക്കിയിട്ടുണ്ട്.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഈടാക്കിയ തുക | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും | രസീതി നം. / തിയതി |
|---|---|---|---|---|
| 2016-17 | 3(11) | 2400 | ശ്രീമതി.ബീന സീനിയർ ക്ലാർക്ക് | 118010100130/ 7-4-2018 |
| ആകെ | | 2400 | | |

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 2-5 | 2004-05 | 3.9.1.4.1 | നിർവ്വഹണ ചെലവ്- പരിധി പാലിച്ചില്ല | സമിതിയുടെ അന്തിമ തീർപ്പ് ആയിട്ടില്ല |
| 1999-2000 | 2-18 | 2004-05 | 3.9.1.4.2 | 1.86 കോടി രൂപയുടെ ചെലവ് രേഖയില്ല | സമിതിയുടെ അന്തിമ തീർപ്പ് ആയിട്ടില്ല |
| 2000-01 | 17 | | 3.9.1.4.2 | | |
| 2001-02 | 7 | | 3.9.1.4.2 | | |
| 1999-2000 | 2-17 | 2004-05 | 3.9.1.4.3 | ജലവിതരണ പദ്ധതി-കിണർ ചവറുനിക്ഷേപ കുഴിയായി. | സമിതിയുടെ അന്തിമ തീർപ്പ് ആയിട്ടില്ല |
| 1999-2000 | 2-14 14എ | 2004-05 | 3.9.1.4.4 | നിർവ്വഹണ രേഖയില്ല | സമിതിയുടെ അന്തിമ തീർപ്പ് ആയിട്ടില്ല |
| 2013-14 | 3-1 | 2013-14 | 3-1 | അങ്കണവാടി പോഷകാഹാര വിതരണത്തിലെ ക്രമക്കേടുകൾ (ഓഡിറ്റ് ഇംപാക്ട്) | സമിതി വിഷയം പരിഗണി ച്ചിട്ടില്ല |
| 1997-1998 | 1 പൊതു അവലോകനം | 2001-02 | IV. 9. 3 (1) | പൊതു അവലോകനം | സമിതിയുടെ അന്തിമ തീർപ്പ് ആയിട്ടില്ല |

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 255978351 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 232557494 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,38,222 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 45,13,932 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 36369 | ശ്രീ.ബി.ശ്രീകുമാർ, അസി.സെക്രട്ടറി(സെക്രട്ടറി ഇൻ ചാർജ്) |
| 3-2 | 50078 | ശ്രീ.അനിലകുമാരൻ ,എ.എക്സ് .ഇ ,അട്ടപ്പാടി ബ്ലോക്ക്പഞ്ചായത്ത് |
| 3-3 | 35847 | ശ്രീ.നാസിഫ് മുഹമ്മദ് ,അസി.എഞ്ചിനിയർ |
| 3-4 | 15928 | ശ്രീ.ബാബു .ബി.എം, അസി.എഞ്ചിനിയർ-2000<br>ശ്രീ.നാസിഫ് നസ്സീർ,അസി.എഞ്ചിനിയർ-13928 |
| ആകെ | 138222 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 213240 | ശ്രീ.അജിത്ത് കുമാർ .കെ.എസ്, സെക്രട്ടറി |
| 1-18 | 200000 | ശ്രീ.അജിത്ത് കുമാർ .കെ.എസ്, സെക്രട്ടറി |
| 1-22 | 117600 | ശ്രീ.ബി.ശ്രീകുമാർ, ശ്രീ.അജിത്ത് കുമാർ .കെ.എസ്, സെക്രട്ടറി |
| 1-24 | 159900 | ശ്രീ.ബി.ശ്രീകുമാർ, അസി.സെക്രട്ടറി(സെക്രട്ടറി ഇൻ ചാർജ്) |
| 1-30 | 23,04,188 | ബിനുമോൻ എം, വി.ഇ.ഒ |
| 1-33 | 514200 | ശ്രീമതി.വാസന്തി ,എച്ച്.എം. |
| 1-34 | 350000 | ശ്രീമതി.വാസന്തി,എച്ച്.എം |
| 1-37 | 654804 | ശ്രീ.ബി.ശ്രീകുമാർ, അസി.സെക്രട്ടറി(സെക്രട്ടറി ഇൻ ചാർജ്) |
| ആകെ | 45,13,932 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| ശ്രീ.കെ.എം.ഷമീർ, അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ, കൊണ്ടാഴി ഗ്രാമപഞ്ചായത്ത് | പയ്യൽ വീട്, പുതുപ്പരിയാരം (പി.ഒ), ഒലവക്കോട്, പാലക്കാട്-678731 |
| ശ്രീ.അനിലകുമാരൻ, അസി.എക്സി.എഞ്ചിനിയർ | അസി.എഞ്ചിനിയർ, ബ്ലോക്ക് പഞ്ചായത്ത്, അട്ടപ്പാടി | ചരക്കുളം (ഹൗസ് ) കാറൽമണ്ണ,ചെർപ്പുളശ്ശേരി പാലക്കാട് 679506 |
| ശ്രീ.നാസിഫ് മുഹമ്മദ്, അസി.എഞ്ചിനിയർ | പോളിടെക്നിക്ക് ,പാലക്കാട് | ആനന്ദനഗർ,കല്ലേകുളങ്ങര പാലക്കാട് 678009 |
| ശ്രീ.ബി.ശ്രീകുമാർ, അസി.സെക്രട്ടറി | അസി.സെക്രട്ടറി, വടവന്നൂർഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ല | യു.ഡി.7, ഇറിഗേഷൻ ക്വാർട്ടേഴ്സ്, മലമ്പുഴ(പി.ഒ), പാലക്കാട്-678651 |
| ശ്രീ.ബാബു.ബി.എം അസി.എൻജിനിയർ | അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് | കൃഷ്ണനിവാസ് വടകോട്ടത്തറ കോട്ടത്തറ ,ആനക്കട്ടി |
| ശ്രീ ബിനുമോൻ എം ഡി.ഇ.ഒ | കാറടക്ക ബ്ളോക്ക് പഞ്ചായത്ത് കാസർകോഡ് | പുത്തൻ പുരയിൽ ഹൗസ് പണ്ടാരത്തുരത്ത്, കൊല്ലം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | | റിമാർക്സ് |
|---|---|---|---|
| 1996-97 | LFP12-467/03/3-7-2003 | | ഫർദർ റിമാർക്സ് |
| 1997-98 | LFP12-505/03/5-7-2003 | | ഫർദർ റിമാർക്സ് |
| 1998-99 | LF P 12-999/05/15-2-2006 | | ഫർദർ റിമാർക്സ് |
| 1999-00 | LFP 12-1683/ 07/21.1.08 | | ഫർദർ റിമാർക്സ് |
| 2000-01 | LF P12-1684/07/21.1.08 | | ഫർദർ റിമാർക്സ് |

| | | | |
|---|---|---|---|
| 2001-02 | LF P12-80/ 09/18.08.09 | | ഫർദർ റിമാർക്സ് |
| 2002-03 | LF P12-81/09/26-6-2009 | | ഫർദർ റിമാർക്സ് |
| 2003-04 | LF P17-228/10/22-9-2010 | | ഫർദർ റിമാർക്സ് |
| 2004-05 | LF P17-1460/10/16-8-2010 | | ഫർദർ റിമാർക്സ് |
| 2005-06 | LF P17-567/10/27.10.10 | | ഫർദർ റിമാർക്സ് |
| 2006-07 | LF P12-85/10/27.10.10 | | ഫർദർ റിമാർക്സ് |
| 2007-08 | LFP17-1202/10/14-7-11 | | ഫർദർ റിമാർക്സ് |
| 2008-09 | LFP17/1203/10/14-7-11 | | ഫർദർ റിമാർക്സ് |
| 2009-10 | LFP17/748/12/03-07-2012 | | ഫർദർ റിമാർക്സ് |
| 2010-11 | LFP17/1436/13/06-11-13 | | ഫർദർ റിമാർക്സ് |
| 2011-12 | LFP17/232/14/07-03-14 | | ഫർദർ റിമാർക്സ് |
| 2012-13 | L F P 17/390/15/ 18-05-15 | | ഫർദർ റിമാർക്സ് |
| 2013-14& 2014-15 | കെ.എസ്.എ-പി.കെ.ഡി19/1365/2016 തീയതി.03-08-2016 | 2016 | ഫർദർ റിമാർക്സ് |
| 2015-16 | കെ.എസ്.എ-പി.കെ.ഡി24/2146/2016 തീയതി.18-01-2017 | 2017 | ഫർദർ റിമാർക്സ് |
| 2016-17 | കെ.എസ്.എ-പി.കെ.ഡി24/2007/2017 തീയതി.01-01-2017 | 2017-13 | ഫർദർ റിമാർക്സ് |
| 2017-18 | കെ.എസ്.എ-പി.കെ.ഡി24/454A/2019 തീയതി.12-4-2019 | 2019 13 | ഫർദർ റിമാർക്സ് |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-പികെഡി-24/144/2021 തിയതി: 8/4/2021

സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും, 1994 - ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ അഗളി ഗ്രാമപഞ്ചായത്തിന്റെ 31-3-2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അഗളി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്, ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ന്യൂനതകളുടെ സംഗ്രഹം

1.വാർഷിക കണക്കിലെ ഷെഡ്യൂൾ B5+B6 ൽ 70234438ഉം B16ൽ 70232546ഉം ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. ലൈഫ് പദ്ധതിയുടെ ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

3.മുൻവർഷ ബാലൻസ് ഷീററ് B7ഷെഡ്യൂളിലെ തുക +തൻവർഷം ലഭിച്ച തുക (RP 34 വരവുഭാഗം)- തൻവർഷത്തെ ചെലവ് (RP34 ചെലവു ഭാഗം) യുടെ തുക 986320രൂ ആണ്. എന്നാൽ ഈ വർഷത്തെ ബാലൻസ് ഷീറ്റിലെ B7ഷെഡ്യൂൾപ്രകാരം 961320രൂ. ആണ്. വ്യത്യാസം 25000രൂ. ഉണ്ട്.

4. ഷോളയൂർ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്കിലെ അക്കൗണ്ട് നം.102100010001712 ൽ സ്ഥാപനം നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി പണമാക്കാത്തതുമായ ചെക്കുകൾ അവശേഷിക്കുന്നു. ആയവ Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

5. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ - സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

6. MNREGS കണക്കുകളുടെ സംക്ഷിപ്തം എഴുതി രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

7.വസ്തു നികുതി: സഞ്ചയ സോഫ്റ്റ്‌വെയറിലേയും സാംഖ്യയിലേയും തുകകൾ പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD-24/144/2021

Kerala State Audit Department

District Audit Office, Palakkad

Date: 26-8-2019

Phone No.04912520145

e-mail. dopkd.ksad@kerala.gov.in

CERTIFICATE

Certified that I have examined the Annual Financial Statement of Agali Grama Panchayath for the year ended on 31.03.2019 in Palakkad District in accordance with Section 4 of the Kerala local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Controller and Auditor General of India for the certification of accounts of Panchayath Raj Institutions.

In my opinion the financial statement of Agali Grama Panchayath for the year 2018-19 subject to observations in the annexure, properly presents the picture of Income, Expenditure and Closing balance.

Deputy Director

Abstracts of Defects / Descrepancies

1) Diffence exists between B5+B6 and B16 regarding Loan Amounts. Loan Register( LifeMission) not maintained.

2) Deposit Register not maintained.

3).Difference exists b/w ( B7 Schedule(last Year) + Receipt in the current Year(RP 34) )- (payment in the current year) and the Amount shown in B7 Schedule(current Year)). Difference is 25000.

4) Cheques remaining uncashed even after Three months of issue not transferred to the Head of Stale Cheques.(Sholayur Service Co-operative Bank-102100010001712)

5)Abstract not recorded in the Profession Tax register.

6) Abstract were not written and certified in the registers with respect to MNREGS.

7) The amount of property tax as shown in the AFS are not in agreement with SANCHAYA.

Deputy Director

## അനുബന്ധം- 2

## വിവിധ പത്രികകളുടെ സംക്ഷിപ്തം

| | | | |
|---|---|---|---|
| | Agali Grama Panchayat<br>INCOME & EXPENDITURE STATEMENT | | |
| | For the period from 01-April-2018 to 31-March-2019 | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5935862.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 578170.00 |
| 140000000 | Fee & User Charges | I-4(b) | 2899168.00 |
| 150000000 | Sale & Hire Charges | I-5(b) | 169102.00 |
| 151000000 | Receipts from Transferred Institutions | I-5(a) | 400000.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 283576334.00 |
| 171000000 | Interest Earned | I-8 | 385509.00 |
| 180000000 | Other Income | I-9 | 174652.00 |
| | Total Income | | 294118797.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 15152666.00 |
| 220000000 | Administrative Expenses | I-11(b) | 3710587.00 |
| 230000000 | Operations & Maintenance | I-12(b) | 7124534.00 |
| 240000000 | Interest & Finance Charges | I-13 | 31639.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 10138242.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 171440873.00 |
| 252000000 | Decentralised Plan Programme-Infrastructure | I-14(b) | 6498196.00 |

| | | | |
|---|---|---|---|
| | Sector | | |
| 253000000 | Decentralised Plan Programme-Projects not included in<br><br>Sector Division | I-14(c) | 3484739.00 |
| 254000000 | Expenditures of Transfered Institutions and State Sponsored<br><br>Schemes (not included under Decentralized Plan Programme) | I-14(d) | 62431280.00 |
| 255000000 | Maintenance Projects | I-14(e) | 15395529.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 397565.00 |
| 260000000 | Grants, Contributions & Compensation from Own Fund /<br><br>Subsidies | I-15 | 213292.00 |
| 270000000 | Provisions and Write off | I-16 | 0.0 |
| 272000000 | Depreciation | I-17(a) | 12197545.00 |
| | Total Expenditure | | 308216687.00 |
| | Gross Surplus/ Deficit of income over Expenditure | | -14097890.00 |
| 280000000 | Prior Period Item | I-18 | -2738951.00 |
| | | | |

v

| | | | |
|---|---|---|---|
| Agali Grama Panchayat BALANCE SHEET | | | |
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 4813775.57 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 149846987.00 |

| | | | |
|---|---|---|---|
| | Total Reserve & Surplus | | 154660762.57 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 18668288.00 |
| | Total Grants, Contributions for Specific Purposes | | 18668288.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 70234438.00 |
| | Total Loans | | 70234438.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 961320.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2105480.00 |
| | Total Current Liabilities and Provisions | | 3066800.00 |
| | TOTAL LIABILITIES | | 246630288.57 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 188414087.00 |
| 411000000 | Accumulated Depreciation | B-11 | -47619839.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 140794248.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 10665393.00 |
| 440000000 | Pre-paid Expenses | B-16 | 70232546.00 |
| 450000000 | Cash and Bank Balance | B-17 | 23420857.57 |
| 460000000 | Loans, Advances and Deposits | B-18 | 1517244.00 |

| | Agali Grama Panchayat<br>RECEIPT & PAYMENT STATEMENT | | |
|---|---|---|---|
| | For the period from 01-April-2018 to 31-March-2019 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 14758396.57 |
| Cash | Cash | RP-40(a) | 79055.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 2557593.00 |
| 130000000 | Rental income from Panchayat Properties | RP-3 | 276370.00 |
| 140000000 | Fees & User Charges | RP-4 | 725938.00 |
| 150000000 | Sale & Hire Charges | RP-5 | 169102.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 119030860.00 |
| 171000000 | Interest Earned | RP-9 | 401423.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 33187526.00 |
| 350000000 | Other Liabilities | RP-36 | 1102179.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 14510.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1334000.00 |
| 330000000 | Secured Loans | RP-32 | 69981892.00 |
| 340000000 | Deposits Received | RP-34 | 1189727.00 |
| 350000000 | Other Liabilities | RP-36 | 197699.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 10358244.00 |
| 460000000 | Loans, Advances and Deposits | RP-47 | 613837.00 |
| | Grand total | | 255978351.57 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 7975830.00 |
| 220000000 | Administrative Expenses | RP-12 | 3606461.00 |
| 230000000 | Operations & | RP-13 | 6817318.00 |

| | | | |
|---|---|---|---|
| | Maintenance | | |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 9658102.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 47028186.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 4665395.00 |
| 253000000 | Decentralised Plan Programme-Projects not included in<br><br>Sector Division | RP-18 | 3484739.00 |

| | |
|---|---|
| Total Current Assets, Loans and Advances | 105836040.57 |
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 246630288. |

ഡെപ്യൂട്ടി ഡയറക്ടർ

Page No : 2